# സി.പി.ഐ (എം) 20–ാം പാർടി കോൺഗ്രസ് അംഗീകരിച്ച രാഷ്ട്രീയ പ്രമേയം

*(2012 ഏപ്രിൽ 4 മുതൽ 9 വരെ കോഴിക്കോട്)*

## സാർവദേശീയം

1.1 19–ാം കോൺഗ്രസ്സിനുശേഷമുള്ള കാലയളവ് 1930കളിലെ മഹാമാന്ദ്യത്തിനുശേഷം മുതലാളിത്ത ലോകത്തുണ്ടായ ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധി ഇതൾ വിടർത്തുന്നത് കണ്ടു. സാർവദേശീയ ധനമൂലധനം പിന്തുടർന്ന നവലിബറൽ മുതലാളിത്ത പഥത്തിന്റെ പ്രത്യക്ഷഫലമാണ് ഈ പ്രതിസന്ധി. ധനമൂലധനം നയിക്കുന്ന ആഗോളവൽക്കരണത്തിന്റെ നിലനിൽപില്ലായ്മയിലേക്കാണ് നീണ്ടുനിൽക്കുന്ന ഈ പ്രതിസന്ധി വിരൽ ചൂണ്ടുന്നത്. നവലിബറൽ ക്രമത്തിനെതിരെ ലോകമാകെ പ്രതിഷേധങ്ങൾ വളർന്നുവരുന്നു. അതിന്റെ ആഘാതം വർധിച്ചുവരുന്ന അസമത്വങ്ങളിലും ഉയർന്നുവരുന്ന തൊഴിലില്ലായ്മയിലും തെളിഞ്ഞു കാണാം. മുൻനിര മുതലാളിത്ത രാജ്യങ്ങളിൽ കൂടുതൽ കൂടുതൽ ആളുകൾ തങ്ങളുടെ ഉപജീവനമാർഗത്തിനും സാമൂഹ്യക്ഷേമ ആനുകൂല്യങ്ങൾക്കും നേരെയുള്ള പൈശാചിക ആക്രമണങ്ങൾക്കെതിരെ രംഗത്തുവന്നുകൊണ്ടിരിക്കുന്നു.

1.2 നീണ്ടുനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധികൾ നേരിടുന്ന അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വം പ്രതിസന്ധിയുടെ ഭാരം വികസ്വര രാജ്യങ്ങളുടെമേൽ കെട്ടിവെക്കാനും തങ്ങളുടെ സൈനിക ഇടപെടൽ നാറ്റോ വഴി പശ്ചിമേഷ്യയിലും മറ്റ് പ്രദേശങ്ങളിലും രൂക്ഷമാക്കാനും ശ്രമിച്ചുവരികയാണ്. നേരെമറിച്ച്, ലാറ്റിനമേരിക്കയിലെ ഇടതു ഗവൺമെന്റുകൾ നവലിബറലിസത്തിനു ബദലുണ്ട് എന്ന് കാണിച്ചുതന്നിരിക്കുന്നു. ബഹുധ്രുവതയിലേക്കുള്ള പ്രവണത ശക്തിപ്പെട്ടുവരികയാണ്. പ്രാദേശിക സഹകരണ പ്രവണത വളർന്നുവരികയുമാണ് – പ്രത്യേകിച്ച് ലാറ്റിനമേരിക്കയിൽ. സാമ്രാജ്യത്വ മേൽക്കോയ്മയെ ചെറുക്കലും നവലിബറൽ ക്രമത്തിനുള്ള പുരോഗമന ബദലുകൾ കെട്ടിപ്പടുക്കലും ലോകമെങ്ങുമുള്ള ഇടതുപക്ഷ–പുരോഗമന ശക്തികളുടെ മുമ്പിലുള്ള ഇന്നത്തെ മുഖ്യവെല്ലുവിളിയായി മാറിയിരിക്കുന്നു.

### ആഗോള മുതലാളിത്തം പ്രതിസന്ധിയിൽ

1.3 ധനമൂലധനം അനിയന്ത്രിതമായ വായ്പകളും ഊഹക്കച്ചവടവുംവഴി നടത്തിയ കൊള്ളകളാണ് 2007–08ൽ ആരംഭിച്ച ആഗോള സാമ്പത്തികക്കുഴപ്പം വരുത്തിവെച്ചത്. പ്രതിസന്ധിയെ രൂഢമൂലമാക്കിത്തീർത്ത വൻകിട ബിസിനസ്സുകാരെയും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെയും അമേരിക്കയിലെയും യൂറോപ്പിലെയും ഗവൺമെന്റുകൾ നികുതിദായകരുടെ ശതകോടിക്കണക്കിനു ഡോളർ ചെലവിട്ട് രക്ഷിച്ചെടുക്കുകയായിരുന്നു. അവരെ രക്ഷിച്ചശേഷം സാമ്രാജ്യത്വശക്തികൾ– വിശേഷിച്ച് അമേരിക്ക, ജർമനി, ഫ്രാൻസ്, ബ്രിട്ടൻ – ചെലവുചുരുക്കൽ നടപടികളും പൊതുചെലവ് വെട്ടിക്കുറയ്ക്കലും വേണമെന്ന് ആവശ്യപ്പെടാൻ തുടങ്ങി. ഇത് പ്രതിസന്ധിയുടെ ഭാരം അധ്വാനിക്കുന്ന ജനങ്ങളുടെമേൽ അടിച്ചേൽപിക്കാനായിരുന്നു. ജനങ്ങളെ സംബന്ധിച്ചിടത്തോളം ചെലവുചുരുക്കൽ നടപടികൾ തൊഴിലില്ലായ്മ, വീടുകളിൽനിന്ന് കുടിയൊഴിക്കൽ, സാമൂഹ്യക്ഷേമ നടപടികളിൽ വലിയ വെട്ടിക്കുറവ് എന്നിവയാണ്. അതേസമയം രാജ്യത്തിന്റെ ഖജനാവിന്റെ ചെലവിൽ സ്വകാര്യ ബാങ്കിങ്–ധനസ്ഥാപനങ്ങൾ വീണ്ടും വൻലാഭം ഉണ്ടാക്കുകയും ചെയ്യുന്നു.

1.4 '*ഐക്യരാഷ്ട്രസഭ ലോകസാമ്പത്തിക സ്ഥിതിയും ഭാവി സാധ്യതകളും 2012*' എന്ന രേഖ 2011 ഡിസംബറിൽ പ്രസിദ്ധീകരിച്ചു. ലോക സമ്പദ്‌വ്യവസ്ഥയുടെ വളർച്ച 2010ലെ 4 ശതമാനത്തിൽനിന്ന് 2011ൽ 2.8 ശതമാനമായി ഇടിഞ്ഞതായി അത് കാണിക്കുന്നു. മാന്ദ്യത്തിന്റെ മറ്റൊരു വട്ടം ഉണ്ടാകാമെന്ന സാധ്യതയുണ്ടെന്ന് അത് മുന്നറിയിപ്പ് നൽകുന്നു. അമേരിക്ക, യൂറോപ്പ്, ജപ്പാൻ എന്നിവിടങ്ങളിലെ വികസിത സമ്പദ്‌വ്യവസ്ഥകൾ ഒന്നിച്ചെടുത്താൽ 2012ൽ 1.3 ശതമാനം മാത്രമേ വളരുകയുള്ളൂ എന്നും റിപ്പോർട്ട് പറയുന്നു.

### യൂറോ മേഖലയിലെ വായ്പാ പ്രതിസന്ധി

1.5 യൂറോപ്പിലെ ഗവൺമെന്റുകളുടെ വായ്പാ പ്രതിസന്ധി യൂറോപ്യൻ യൂണിയനെ തകർക്കുമെന്നു ഭീഷണിപ്പെടുത്തുന്നു. സാമ്പത്തികമാന്ദ്യം, തൽഫലമായുള്ള ഗവൺമെന്റുകളുടെ വരുമാനത്തിലുള്ള ഇടിവ്, സർക്കാർ ധനം ഉപയോഗിച്ച് സ്വകാര്യകമ്പനികളെയും ബാങ്കുകളെയും രക്ഷിക്കാനുള്ള ശ്രമം എന്നിവയുടെ ഫലമാണ് ഈ വായ്പാ പ്രതിസന്ധി. സ്വകാര്യ കമ്പനികളുടെ കടത്തെ സർക്കാരിന്റെ കടമാക്കി മാറ്റിയിരിക്കുന്നു. വികസിത രാജ്യങ്ങളുടെ പൊതുകടവും ജിഡിപി (മൊത്തം ആഭ്യന്തരോൽപാദനം) യും ആയുള്ള അംശബന്ധം 2007 മുതൽ കുത്തനെ വർധിച്ചിരിക്കയാണ്. ഗ്രീസിനെയാണ് ഇത് ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ളത്. ഗ്രീസിന്റെ കടം പുനഃക്രമീകരിച്ച് അതിന്റെ സാമ്പത്തിക വീണ്ടെടുപ്പിനെ സഹായിക്കുന്നതിനുപകരം ഗ്രീക്ക് ഗവൺമെന്റിന് നൽകപ്പെട്ട വായ്പകൾക്കുമേൽ ഇയു–ഐഎംഎഫ് കൂട്ടുകെട്ട്

കർശനമായ ചെലവുചുരുക്കൽ വ്യവസ്ഥകൾ അടിച്ചേൽപിച്ചു. ഇത് ഗ്രീസിലെ മാന്ദ്യത്തെ മൂർച്ഛിപ്പിച്ചിരിക്കുന്നു. അതിന്റെ കടപ്രശ്നത്തെ സങ്കീർണ്ണമാക്കുകയും ചെയ്തു. വായ്പ തിരിച്ചടയ്ക്കുന്നതിൽ ഗ്രീസ് വീഴ്ച വരുത്തുമെന്ന് വ്യാപകമായ ആശങ്കയുണ്ട്. അത് നിരവധി അന്തർദേശീയ ബാങ്കുകളിലും ധനക്കമ്പോളങ്ങളിലും പ്രത്യാഘാതം ഉളവാക്കും.

**1.6** പോർത്തുഗൽ, അയർലണ്ട്, സ്പെയിൻ, ഇറ്റലി എന്നീ മറ്റ് യൂറോപ്യൻ രാജ്യങ്ങളും ഗൗരവമായ കടപ്രതിസന്ധിയെ നേരിടുകയാണ്. യൂറോപ്പിലാകെ ഗവൺമെന്റുകൾ നേരിടുന്ന കടപ്രതിസന്ധി നേരിടാനായി കൈക്കൊണ്ട ചെലവുചുരുക്കൽ നടപടികൾ പ്രശ്നം പരിഹരിക്കുന്നതിനുപകരം വളർച്ചക്കും തൊഴിലിനുമുള്ള സാധ്യതകളെ കൂടുതൽ ദുർബലമാക്കുന്നു. ഗവൺമെന്റുകളുടെ കടം തിരിച്ചടവിൽ വീഴ്ച ഉണ്ടാകുമെന്നും യൂറോയുടെ ഭാവി സംബന്ധിച്ചും ആശങ്കയുണ്ട്. യൂറോയിലുള്ള വിശ്വാസം പുനഃസ്ഥാപിക്കുന്നതിനു ഫ്രാൻസിന്റെയും ജർമനിയുടെയും നിർദേശമനുസരിച്ച് ബ്രിട്ടൻ ഒഴിച്ചുള്ള യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾ ധനപരമായ ഐക്യകരാറിൽ ഒപ്പിടാൻ സമ്മതിച്ചിരിക്കുന്നു. യൂറോപ്യൻ രാജ്യങ്ങൾക്ക് അവയുടെ ദേശീയ ധനനയത്തിന്റെ കാര്യത്തിൽ പരമാധികാരം നഷ്ടപ്പെടുന്നതിന് ഇത് ഇടയാക്കും. ബജറ്റ് കമ്മികളും പൊതുചെലവുകളും ഗണ്യമായി വെട്ടിക്കുറയ്ക്കപ്പെടും. വളർച്ച കുറയാനും തൊഴിലില്ലായ്മ വർധിക്കാനും അത് ഇടയാക്കും. യൂറോപ്പിലെ പ്രതിസന്ധിയും അമേരിക്കയുടെ സാമ്പത്തികാധികാരം ആപേക്ഷികമായി ദുർബലമാകുന്നതും സൂചിപ്പിക്കുന്നത് സാമ്രാജ്യത്വങ്ങൾക്കിടയ്ക്ക് പ്രതിസന്ധികൾ പൊട്ടിപ്പുറപ്പെടുമെന്നാണ്.

## പ്രതിസന്ധിയുടെ ആഘാതം

**1.7** വികസിത രാജ്യങ്ങളിൽ തൊഴിലില്ലായ്മാ നിരക്ക് 2011ൽ ശരാശരി 8.6 ശതമാനമായിരുന്നു. അമേരിക്കയിൽ തൊഴിലില്ലായ്മാ നിരക്ക് 2009 മുതൽ 9 ശതമാനത്തിന് മേലെയായി തുടരുകയാണ്. 2011 ആദ്യപാദമായപ്പോഴേക്ക് വികസിത രാജ്യങ്ങളിലെ തൊഴിലില്ലാത്തവരിൽ ഏതാണ്ട് മൂന്നിലൊന്നു പേർക്ക് ഒരു വർഷത്തിൽ ഏറെക്കാലമായി പണിയില്ല എന്ന് ഐഎൽഒ മതിപ്പു കണക്കാക്കി. ഈ സ്ഥിതി ഒന്നരക്കോടി തൊഴിലാളികളെ ബാധിക്കുന്നു. വികസിത രാജ്യങ്ങളിലെ ചെറുപ്പക്കാർക്കിടയിൽ തൊഴിലില്ലായ്മയുടെ തോത് 2008ൽ 13 ശതമാനമായിരുന്നത് 2011 തുടക്കമായപ്പോഴേക്ക് 18 ശതമാനമായി ഉയർന്നു. ഇപ്പോൾ നടപ്പാക്കിവരുന്ന പൊതുചെലവിലെ കടുത്ത വെട്ടിക്കുറവ് തൊഴിലില്ലായ്മ കൂടുതൽ വഷളാക്കാൻ ഇടയാക്കുന്നു.

**1.8** മുൻനിര മുതലാളിത്ത രാജ്യങ്ങളിലെ ധനികരും ദരിദ്രരും തമ്മിലുള്ള വിടവ് കഴിഞ്ഞ 30 വർഷങ്ങളിൽ ഏറ്റവും ഉയർന്ന തോതിലെത്തിയിരിക്കുന്നു. ഒഇസിഡി (സാമ്പത്തിക സഹകരണത്തിനും വികസനത്തിനുമുള്ള സംഘടന) രാജ്യങ്ങളിലെ ഏറ്റവും ധനികരായ 10 ശതമാനം പേരുടെ ശരാശരി വരുമാനം ഇപ്പോൾ ഏറ്റവും ദരിദ്രരായ 10 ശതമാനം പേരുടേതിന്റെ 9 ഇരട്ടി വരുമെന്ന് ഒരു ഒഇസിഡി റിപ്പോർട്ട് കാണിക്കുന്നു. അമേരിക്കയിൽ ഏറ്റവും ധനികരായ ഒരു ശതമാനത്തിന്റെ മൊത്തം സമ്പത്ത് ഏറ്റവും കുറഞ്ഞ വരുമാനമുള്ള 90 ശതമാനത്തിന്റെ മൊത്തം സമ്പത്തിനേക്കാൾ കൂടുതലാണ്. അമേരിക്കയിൽ വീടുവയ്ക്കുന്നതിലെ കുതിപ്പ് കിതപ്പായതോടെ അത്തരം ദശലക്ഷക്കണക്കിന് വീടുകൾ പണയത്തിലെടുത്തിരുന്ന ബാങ്കുകൾ കൈവശപ്പെടുത്തിക്കഴിഞ്ഞു. 2010ൽ മാത്രം അമേരിക്കക്കാർക്ക് 10 ലക്ഷത്തിൽ കൂടുതൽ വീടുകൾ നഷ്ടപ്പെട്ടു. ഇത് ഇടത്തരക്കാരെ ദോഷകരമായി ബാധിച്ചു.

## വികസ്വര രാജ്യങ്ങൾ

**1.9** വികസിത മുതലാളിത്ത രാജ്യങ്ങളെ അപേക്ഷിച്ച് കഴിഞ്ഞ നാലു വർഷങ്ങളിൽ പ്രമുഖ വികസ്വര രാജ്യങ്ങൾ താരതമ്യേന ഉയർന്ന വളർച്ചാനിരക്ക് കൈവരിച്ചിട്ടുണ്ട്. ജി–8 രാജ്യങ്ങൾക്ക് ലോക സാമ്പത്തിക സ്ഥിതി കൈകാര്യം ചെയ്യാൻ കഴിയാതായതോടെ ഈ 'കിളർന്നുവരുന്ന സമ്പദ്‌വ്യവസ്ഥകൾ' ജി–20ലേക്ക് ക്ഷണിക്കപ്പെട്ടു. സാമ്പത്തിക പ്രതിസന്ധി നീണ്ടതോടെ ഈ രാജ്യങ്ങളുടെ സാമ്പത്തിക വളർച്ചയുടെ വേഗത്തിലും മാന്ദ്യം കാണപ്പെടുന്നു. വികസിത രാജ്യങ്ങളിൽ മറ്റൊരു മാന്ദ്യം ഉണ്ടായാൽ, അത് വികസ്വര രാജ്യങ്ങളിലും കയറ്റുമതിയിലെ മന്ദത, പ്രാഥമിക ചരക്കുകളുടെ വിലകളിൽ ഇടിവ്, മൂലധന ഒഴുക്കിൽ വരുന്ന ഗതിമാറ്റം എന്നിവയിലൂടെ ഗണ്യമായ പ്രതികൂലാഘാതം സൃഷ്ടിക്കും.

**1.10** 'കിളർന്നുവരുന്ന സമ്പദ്‌വ്യവസ്ഥകളുടെ', വിശേഷിച്ച് ബിആർഐസിഎസ് രാജ്യങ്ങളുടെ, സാമ്പത്തികശേഷിയുടെ ആപേക്ഷിക ശക്തി സാമ്പത്തികശേഷിയുടെ ബലാബലത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റത്തെ സൂചിപ്പിക്കുന്നു. 'കിളർന്നുവരുന്ന സമ്പദ്‌വ്യവസ്ഥകളുടെ' വളരുന്ന ശക്തി വികസിത മുൻനിര മുതലാളിത്ത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും തമ്മിലുള്ള വൈരുധ്യത്തിന്റെ മേൽ സമ്മിശ്രമായ ആഘാതം ഉളവാക്കും. തങ്ങളുടെ മേൽക്കോയ്മ നിലനിർത്താനും വികസ്വര രാജ്യങ്ങളിലെ ഭരണവർഗങ്ങളെ ആശ്രയിക്കാനുമുള്ള സാമ്രാജ്യത്വത്തിന്റെ യത്നങ്ങൾ, സാമ്രാജ്യത്വവും വികസ്വര രാജ്യങ്ങളിലെ ജനങ്ങളും തമ്മിലുള്ള വൈരുധ്യത്തെ മൂർഛിപ്പിക്കുമെന്നു തീർച്ചയാണ്.

### സാമ്രാജ്യത്വത്തിന്റെ/നാറ്റോയുടെ ഇടപെടലുകൾ

**1.11** ആഗോള മുതലാളിത്ത പ്രതിസന്ധിയോടും അമേരിക്കയുടെയും പാശ്ചാത്യ രാജ്യങ്ങളുടെയും സമ്പദ്വ്യവസ്ഥകളുടെ ദുർബലമാകലിനോടും ഒപ്പം സാമ്രാജ്യത്വത്തിന്റെ നിർത്തലില്ലാത്ത കടന്നാക്രമണതന്ത്രങ്ങളും സൈനികവൽക്കരണവും തുടരുകയാണ്. ഇത്തരമൊരു സ്ഥിതിയിൽ തങ്ങളുടെ മേൽക്കോയ്മപരമായ സ്വാധീനം നിലനിർത്താൻ അമേരിക്കൻ സാമ്രാജ്യത്വം കൂടുതൽ ദൃഢനിശ്ചയത്തിലാണ്. ഇത് ചെയ്യാൻ മേധാവിത്വത്തിനുള്ള ആഗോള ഉപകരണമായി അത് നാറ്റോയെ ഉപയോഗപ്പെടുത്തുന്നു. ഈ ഉദ്ദേശ്യത്തോടെ ഐക്യരാഷ്ട്ര രക്ഷാസമിതി പലപ്പോഴും അന്യായം ചെയ്യുന്നതിന് നാനാപ്രീണനങ്ങളിലൂടെ പ്രേരിപ്പിക്കപ്പെടുന്നു.

### അഫ്-പാക് തന്ത്രം തകർച്ചയിൽ

**1.12** അഫ്ഗാനിസ്ഥാനിലേക്ക് അമേരിക്കൻ പ്രസിഡന്റ് ഒബാമ 2008ൽ 30,000 പട്ടാളക്കാരെ കൂടി അയച്ചിരുന്നു. താലിബാനെതിരായ യുദ്ധം കാര്യമായ പുരോഗതി കൈവരിച്ചില്ല. നാറ്റോ സഖ്യശക്തികളിൽ മിക്കതും അവിടെനിന്ന് പട്ടാളത്തെ പിൻവലിക്കാൻ തുടങ്ങിയിരുന്നു. അമേരിക്ക അതിന്റെ യുദ്ധം ചെയ്യുന്ന പട്ടാളക്കാരെ 2014 ഓടെ പിൻവലിക്കുമെന്നു പ്രഖ്യാപിച്ചു. എന്നാൽ, അതിനുശേഷവും 25000 പട്ടാളക്കാരുള്ള സൈനികത്താവളം അവിടെ നിലനിർത്താൻ അത് ഉദ്ദേശിക്കുന്നു. ഇതിനിടെ താലിബാനെ നേരിടാൻ കഴിയുംവിധം അഫ്ഗാൻ പട്ടാളത്തെ കെട്ടിപ്പടുക്കാമെന്നു അമേരിക്ക ആശിക്കുന്നു. സൗദി-ഗൾഫ് ഇടനിലക്കാർ വഴി താലിബാനുമായി സംഭാഷണം നടത്താനും അമേരിക്ക ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിർത്തി പ്രദേശത്തെ തീവ്രവാദശക്തികളെ തുടച്ചുനീക്കിക്കൊണ്ട് ''ഭീകരതക്കെതിരായ യുദ്ധ''ത്തിന്റെ മുൻപന്തിയിൽ പാകിസ്ഥാൻ സായുധസേനയെ അവരോധിക്കാനുള്ള അമേരിക്കയുടെ യത്നം സങ്കീർണമായ പാതയിലൂടെയാണ് നീങ്ങിയിട്ടുള്ളത്. പാകിസ്ഥാൻ പട്ടാളവും അമേരിക്കയും തമ്മിലുള്ള ബന്ധം ഉലഞ്ഞിരിക്കയാണ്. പാകിസ്ഥാന്റെ അതിർത്തി പ്രദേശത്ത് താവളമുറപ്പിച്ചിട്ടുള്ള ചില തീവ്രവാദി വിഭാഗങ്ങൾക്കുനേരെ നടപടിയെടുക്കാൻ പാകിസ്ഥാൻ സേന വിസമ്മതിച്ചു. പത്തുവർഷത്തെ അമേരിക്കൻ ഇടപെടലിനുശേഷം ഈ പ്രദേശം ഇപ്പോഴും അസ്ഥിരീകരിക്കപ്പെട്ടിരിക്കയാണ്. 'ഭീകരതക്കെതിരാണ് എന്നു പറയപ്പെടുന്ന യുദ്ധം' കൂടുതൽ തീവ്രവാദത്തിനും ഭീകരതക്കും ഇടയാക്കിയിട്ടുണ്ട്.

### വടക്കേ ആഫ്രിക്കയിലെയും പശ്ചിമേഷ്യയിലെയും കടന്നാക്രമണം

**1.13** അഫ്ഗാനിസ്ഥാനിനുശേഷം ലിബിയക്കുനേരെയുള്ള സൈനിക ഇടപെടലിനു നാറ്റോ ഉപയോഗിക്കപ്പെട്ടു. ഗദ്ദാഫി വാഴ്ച മറിച്ചിടപ്പെട്ടതിനും അദ്ദേഹം ക്രൂരമായി വധിക്കപ്പെട്ടതിനുംശേഷം ലിബിയ പാശ്ചാത്യ സ്വാധീനവലയത്തിലായിരിക്കുന്നു. സിറിയയാണ് അടുത്ത ഉന്നം. ആ മേഖലയിൽ അവശേഷിക്കുന്ന ഏക മതനിരപേക്ഷ ഭരണമാണ് അവിടത്തേത്. നാറ്റോ പങ്കാളിയായ തുർക്കിയെ താവളമാക്കിക്കൊണ്ട് ആഭ്യന്തരയുദ്ധം കുത്തിപ്പൊന്തിക്കാനുള്ള യത്നങ്ങൾ, ഇതേവരെ സാമ്രാജ്യത്വ കൽപ്പനകളെ അനുസരിക്കാൻ വിസമ്മതിച്ച ആ രാജ്യത്ത് ഭരണമാറ്റം ഉണ്ടാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. അവസാനത്തെ ഉന്നം ഇറാനാണ്. പശ്ചിമേഷ്യയിൽ സാമ്രാജ്യത്വച്ചേരിയുടെ സ്വാധീനവലയത്തിനു പുറത്തുള്ളതും വലിയ എണ്ണ-വാതക ശേഖരങ്ങൾ ഉള്ളതുമായ ഏക രാജ്യമാണത്. അമേരിക്കയുടെയും യൂറോപ്യൻ യൂണിയന്റെയും ഉപരോധത്തിനുപുറമെ ഒരു ശത്രുതാപരമായ നീക്കത്തിൽ യൂറോപ്യൻ യൂണിയൻ 2012 ജൂലൈ 1 മുതൽ ഇറാനിൽനിന്നുള്ള എണ്ണ ഇറക്കുമതി നിരോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**1.14** ഇറാഖിൽ എട്ടുവർഷത്തിലേറെ നീണ്ടുനിന്ന, തോന്നിയ മട്ടിലുള്ള ആക്രമണത്തിനും അധിനിവേശത്തിനുംശേഷം അമേരിക്കയുടെ സൈനികത്താവളം തുടരാൻ ഇറാഖ് ഗവൺമെന്റിനെക്കൊണ്ട് അനുവദിപ്പിക്കുന്നതിൽ പരാജയപ്പെട്ടതിനെ തുടർന്ന് അമേരിക്ക സേനയെ പിൻവലിച്ചു. അതിനുപകരമായി തൊട്ടടുത്തുള്ള കുവൈത്തിൽ വർധിപ്പിച്ച സേനാ സാന്നിധ്യം അമേരിക്ക നിലനിർത്തും. പേഴ്സ്യൻ ഉൾക്കടലിൽ സ്വന്തം നാവിക സാന്നിധ്യത്തെ ശക്തിപ്പെടുത്തുകയും ചെയ്യും.

**1.15** ലിബിയയിലെ ഭരണമാറ്റത്തെ അമേരിക്ക, ആഫ്രിക്കയിലെ അതിന്റെ താൽപര്യസംരക്ഷണത്തിനായി ഉപയോഗിച്ചുവരുന്നു. അവിടത്തെ അതിന്റെ സൈനികസാന്നിധ്യം വർധിക്കുകയാണ്. ആഫ്രികോം എന്ന പേരിൽ ആഫ്രിക്കൻ കമാന്റും ഉണ്ട്. ആഫ്രിക്കയിലെ ഏറ്റവും വലിയ രാജ്യമായ സുഡാനെ വിഭജിച്ച് ദക്ഷിണ സുഡാൻ എന്ന പുതിയ രാജ്യം സ്ഥാപിച്ചതിനെയും അമേരിക്ക പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ആഫ്രികോമിന്റെ കീഴിൽ ഒരു സൈനികത്താവളം അവിടെ സ്ഥാപിക്കാൻ അത് ആശിക്കുന്നു.

**1.16** ഏഷ്യാ-ശാന്തസമുദ്ര പ്രദേശത്ത് ചൈനയെ ഒതുക്കുക എന്ന സ്വന്തം നയത്തിനുവേണ്ടി അമേരിക്ക അതിന്റെ സൈനികസാന്നിധ്യവും സഖ്യങ്ങൾ ഊട്ടിയുണ്ടാക്കലും വർധിപ്പിക്കുകയാണ്. വരും പതിറ്റാണ്ടുകളിൽ അമേരിക്ക തന്ത്രപ്രധാനമായി മുഖ്യഭീഷണിയായി കാണുന്നത്

ചൈനയെയാണ്. ഈ തന്ത്രപ്രധാന കരുനീക്കത്തിൽ ജപ്പാൻ, ആസ്ട്രേലിയ, ഇന്ത്യ എന്നിവയെയാണ് അമേരിക്ക പങ്കാളികളായി കാണുന്നത്.

**1.17** ബറാക് ഒബാമ പ്രസിഡന്റ് പദവി ഏറ്റെടുത്തപ്പോൾ സമാധാന സ്ഥാപകനായിട്ടാണ് സ്വയം അവതരിപ്പിക്കാൻ ശ്രമിച്ചത്. എന്നാൽ, പ്രതീക്ഷിക്കപ്പെട്ടിരുന്നതുപോലെ അദ്ദേഹം അമേരിക്കൻ ഭരണവർഗങ്ങളുടെ താൽപര്യത്തെ സേവിച്ചുവരികയാണ്. അഫ്ഗാനിസ്ഥാനിലേക്ക് കൂടുതൽ പട്ടാളക്കാരെ അയച്ചും ഫ്രാൻസും ബ്രിട്ടനുമായി കൂട്ടുപിടിച്ച് ലിബിയയെ ആക്രമിച്ചും ആണവപ്രശ്നത്തെ മറയാക്കി ഇറാനുമായി സംഘർഷം വർധിപ്പിച്ചും അദ്ദേഹം ചെയ്തത് അതാണ്. പശ്ചിമേഷ്യയിലും മറ്റ് ആഗോള പ്രശ്നങ്ങളിലും കൂട്ടായ ഇടപെടലിനായി യൂറോപ്പിൽ കൂട്ടാളികളെ ലഭ്യമാക്കുക എന്ന ബോധപൂർവമായ യത്നം പ്രസിഡന്റ് ഒബാമയുടെ നേതൃത്വത്തിൻകീഴിൽ ഉണ്ടായി എന്നതാണ് ഉണ്ടായ മാറ്റം. സാമ്രാജ്യത്വക്രമത്തിനുവേണ്ടിയുള്ള സംയുക്ത ഉപകരണമായി നാറ്റോയെ ഉപയോഗിക്കാനുള്ള നീക്കം ഈ സഹകരണത്തെയാണ് പ്രതിഫലിപ്പിക്കുന്നത്.

## അറബിരാജ്യങ്ങളിലെ ജനകീയ കലാപങ്ങൾ

**1.18** അറബിലോകത്തെ ജനകീയ കലാപങ്ങൾ ശ്രദ്ധേയമായ സംഭവവികാസമാകുന്നു. അവയ്ക്ക് ഇന്ധനമായി ഭവിച്ചത് കുതിച്ചുയരുന്ന വിലകൾ, തൊഴിലില്ലായ്മ, അഴിമതി, സ്വേച്ഛാധിപത്യ ഭരണം എന്നിവയായിരുന്നു. ടുണീഷ്യയിലെ കലാപം ബെൻ അലിയുടെ അമിതാധികാരവാഴ്ച തകർക്കപ്പെടാൻ ഇടയാക്കി. ടുണീഷ്യൻ കലാപത്തിന്റെ തൊട്ടുപിന്നാലെ ഈജിപ്തിൽ ചരിത്രം സൃഷ്ടിച്ച ജനകീയ കലാപം ഉണ്ടായി. അത് 30 വർഷം പഴക്കമുള്ള മുബാറക് വാഴ്ചയെ താഴത്തിറക്കി. ഏറ്റവും വലിയ അറബിരാജ്യമായ ഈജിപ്തിലെ ജനകീയ കലാപം അമേരിക്ക പശ്ചിമേഷ്യയിൽ നടത്തുന്ന തന്ത്രപ്രധാന കരുനീക്കങ്ങൾക്ക് ശരിക്കും ഒരു ഭീഷണിയായി. പശ്ചിമേഷ്യയെ നിയന്ത്രിക്കാൻ അമേരിക്ക ഈജിപ്തിനെയാണ് അവലംബിച്ചിരുന്നത്. ഇസ്രായേലും ഈജിപ്തും തമ്മിലുള്ള സഖ്യത്തെയാണ് ദണ്ഡനോപകരണമായി പ്രയോഗിച്ചിരുന്നത്. ബഹ്റീനിലും യെമനിലും എന്ന പോലെ അമേരിക്ക പിന്താങ്ങുന്ന സ്വേച്ഛാധിപത്യ വാഴ്ചകളെ ജനകീയ കലാപങ്ങൾ വിഴുങ്ങുമെന്ന ഭീഷണി ഉയർന്നു.

**1.19** ജനശ്രദ്ധ തിരിച്ചുവിടുന്നതിനും തങ്ങളോട് സൗഹൃദമുള്ള വാഴ്ചകൾക്കെതിരായ ജനകീയ പ്രക്ഷോഭങ്ങളെ വഴിതെറ്റിക്കാനുമായി, ഗദ്ദാഫി വാഴ്ചയ്ക്കെതിരായ പ്രതിഷേധങ്ങളെ ഉപയോഗിച്ച് അമേരിക്കയും നാറ്റോ സഖ്യശക്തികളും കൂടി ലിബിയയിൽ ഇടപെടൽ നടത്തി. അമേരിക്കൻ നാവികപ്പടയുടെ അഞ്ചാം കപ്പൽക്കൂട്ടത്തിന്റെ ആസ്ഥാനമായ ബഹ്റീനിലെ പ്രതിഷേധങ്ങളെ അമർച്ച ചെയ്യുന്നതിനു അമേരിക്കയുടെ അംഗീകാരത്തോടെ സൗദി അറേബ്യ നടത്തിയ ഇടപെടൽ ഇതോടൊപ്പമായിരുന്നു. ഈ പ്രക്രിയയുടെ ഭാഗമാണ് സിറിയയിലെ ഗവൺമെന്റിനെ അസ്ഥിരീകരിക്കാനുള്ള ശ്രമങ്ങൾ. ടുണീഷ്യയിലും ഈജിപ്തിലും തിരഞ്ഞെടുപ്പുകൾ നടത്തപ്പെട്ടു. ഇസ്ലാമിക പാർടികൾ മേധാവിത്വപരമായ നില കൈവരിച്ചിട്ടുണ്ട്. ഈജിപ്തിൽ സൈനിക കൗൺസിൽ ഇപ്പോഴും നിയന്ത്രണം ചെലുത്തുന്നത് തുടരുന്നു. ഈ രാജ്യങ്ങളിൽ അധികാരത്തിൽ വരുന്ന ഇസ്ലാമിക ശക്തികളെ സഹിക്കാൻ അമേരിക്ക തയ്യാറാണ്– ഈ മേഖലയിലെ അമേരിക്കൻ താൽപര്യങ്ങളെയും സാമ്രാജ്യത്വ മേൽക്കോയ്മയെയും വെല്ലുവിളിക്കാൻ അവർ തയ്യാറാകുന്നില്ലെങ്കിൽ.

## പലസ്തീനും ഇസ്രായേലും

**1.20** ഈജിപ്തിലെ ജനകീയ മുന്നേറ്റവും മുബാറക് വാഴ്ചയെ അത് തകിടം മറിച്ചതും പലസ്തീൻ പ്രസ്ഥാനത്തിന്മേൽ ആഘാതമേൽപിച്ചു. ഫത്തയും ഹമാസും തമ്മിൽ കുറേക്കൂടി നല്ല പ്രവർത്തന ബന്ധം സ്ഥാപിച്ചു. ഐക്യരാഷ്ട്രസഭയിൽ അംഗത്വം നേടാനുള്ള പലസ്തീൻ നീക്കത്തിനു പൊതുസഭയിൽ വിപുലമായ പിന്തുണ ലഭിച്ചു. 2009ൽ ഗാസയുടെമേൽ ഭീഷണമായ ആക്രമണം അഴിച്ചുവിട്ട ഇസ്രായേൽ ഈജിപ്തിലെ സംഭവവികാസത്തിൽ ഉൽക്കണ്ഠാകുലരായി. സമാധാന സംഭാഷണങ്ങൾക്ക് കളമൊരുക്കാവുന്ന കുടിയേറ്റ നിർമിതി അവസാനിപ്പിക്കാൻ ഇസ്രായേൽ വിസമ്മതിക്കുന്നു. ജനങ്ങളുടെ മോശമായി വരുന്ന ജീവിത പരിതഃസ്ഥിതികൾക്കെതിരെ ഇസ്രായേലിൽ വിപുലമായ പ്രതിഷേധങ്ങൾ ഉണ്ടായി. ഇറാനെതിരെ ഇസ്രായേൽ നേതൃത്വം ഭീഷണമായ സമീപനമാണ് കൈക്കൊള്ളുന്നത്. ഇറാന്റെ ആണവ സ്ഥാപനങ്ങൾക്കുനേരെ ആദ്യം കയറി സൈനികാക്രമണം നടത്താൻപോലും ആലോചിക്കുന്നു.

## ചെറുത്തുനിൽപ്പ് – പ്രതിഷേധ പ്രസ്ഥാനങ്ങൾ

**1.21** നീണ്ടുനിന്ന മുതലാളിത്ത പ്രതിസന്ധിയും ചെലവുചുരുക്കൽ നടപടികൾ ഏർപ്പെടുത്താനും അവയുടെയെല്ലാം ഭാരം ജനങ്ങളുടെമേൽ അടിച്ചേൽപിക്കാനും അന്തർദേശീയ ധനമൂലധനവും ഭരണവർഗങ്ങളും കൈക്കൊണ്ട നടപടികളും യൂറോപ്പിലും അമേരിക്കയിലും മറ്റ് വികസിത മുതലാളിത്ത രാജ്യങ്ങളിലും സമരങ്ങളും പ്രതിഷേധ പ്രസ്ഥാനങ്ങളും പൊട്ടിപ്പു

റപ്പെടാൻ ഇടയാക്കി. യൂറോപ്പിൽ വായ്പാ പ്രതിസന്ധിയുടെ മുഖ്യകേന്ദ്രമായിരുന്ന ഗ്രീസിൽ കഴിഞ്ഞ രണ്ടു വർഷമായി തുടർച്ചയായ പ്രതിഷേധങ്ങളും പൊതുപണിമുടക്കുകളും നടമാടുകയായിരുന്നു. സ്പെയിനിൽ പ്രധാനമായി യുവാക്കളുടെ വൻ പ്രതിഷേധങ്ങളും പോർച്ചുഗലിലും ഇറ്റലിയിലും ഫ്രാൻസിലും ബ്രിട്ടനിലും മറ്റ് രാജ്യങ്ങളിലും തൊഴിലാളികളുടെ പൊതുപണിമുടക്കുകളും ഉണ്ടായി. വിദ്യാഭ്യാസത്തിലെ പൊതു ചെലവ് വെട്ടിക്കുറച്ചതിനും ട്യൂഷൻ ഫീ വർധിപ്പിച്ചതിനും എതിരായ പ്രതിഷേധങ്ങളുടെ മുന്നണിയിൽ വിദ്യാർഥികളും യുവാക്കളും ഉണ്ട്.

**1.22** ബാങ്കുകളെ (സർക്കാർ) രക്ഷപ്പെടുത്തുന്നതിനും കോർപറേറ്റ് കമ്പനികളുടെ ദുരയ്ക്കും വാൾസ്ട്രീറ്റിന്റെ അനിയന്ത്രിത അധികാരത്തിനും എതിരെയാണ് 2011 സെപ്തംബറിൽ ന്യൂയോർക്കിൽ 'വാൾസ്ട്രീറ്റ് പിടിച്ചടക്കൽ' പ്രതിഷേധം ആരംഭിച്ചത്. ഇതിനു ജനങ്ങളിൽ വിപുലമായ വിഭാഗങ്ങളുടെ പിന്തുണ ലഭിച്ചു. പ്രതിഷേധം അമേരിക്കയിൽ എഴുപതു നഗരങ്ങളിലേക്ക് വ്യാപിച്ചു. എൺപത്തിരണ്ട് രാജ്യങ്ങളിൽ ഐക്യദാർഢ്യ പ്രകടനങ്ങൾക്ക് പ്രേരണ നൽകി. അമേരിക്കയിൽ ട്രേഡ് യൂണിയനുകൾ, വിദ്യാർഥികൾ, ജനങ്ങളിലെ മറ്റ് വിഭാഗങ്ങൾ എന്നിവ പ്രതിഷേധങ്ങളിൽ പങ്കുചേർന്നു. അവർ തൊഴിലില്ലായ്മ, ഭവനരാഹിത്യം, വരുമാനത്തിലുള്ള അസമത്വം എന്നീ പ്രശ്നങ്ങളും വൻകിട കോർപറേഷനുകളും സമ്പന്നരായ അഭിജാതരും കൂടി ജനാധിപത്യത്തെ അട്ടിമറിക്കുന്നതും ഉയർത്തിക്കൊണ്ടുവരുന്നു. പല നഗരങ്ങളിലും പ്രതിഷേധിക്കുന്നവരെ പോലീസ് ബലപ്രയോഗവും അടിച്ചമർത്തലും ഉപയോഗിച്ച് പുറംതള്ളുന്നു. എന്നിട്ടും പ്രസ്ഥാനം തുടരുകയാണ്.

**1.23** യൂറോപ്പിലെ പ്രതിസന്ധി ശമിക്കുന്നതിന്റെ ഒരു സൂചനയും കാണാനില്ല. അതിനാൽ മുതലാളിത്ത വിരുദ്ധ പ്രതിഷേധങ്ങൾ വരുംനാളുകളിൽ തീവ്രമാകുമെന്നു തീർച്ചയാണ്. നവലിബറൽ ചെലവു ചുരുക്കൽ നടപടികൾ നടപ്പാക്കിയതിന്റെ പേരിൽ സോഷ്യൽ ഡെമോക്രാറ്റിക് ഗവൺമെന്റുകൾ വില കെട്ടിരിക്കുന്നു. ഈ ബഹുജന പ്രതിഷേധ പ്രവർത്തനം തുടരുമ്പോൾ, പ്രതിസന്ധിയുടെ പ്രത്യാഘാതങ്ങളെയും വർധിച്ചുവരുന്ന തൊഴിലില്ലായ്മയെയും സാമൂഹ്യക്ഷേമ ആനുകൂല്യങ്ങളിലെ വെട്ടിക്കുറവിനെയും ഉപയോഗപ്പെടുത്തി വലതുപക്ഷ ശക്തികൾ കുടിയേറ്റ തൊഴിലാളികളെ ചൂണ്ടിക്കാട്ടിയും വർണവികാരങ്ങളും ഇസ്ലാം വിദ്വേഷവും ആളിക്കത്തിച്ചും ജനങ്ങൾക്കിടയിലെ അസംതൃപ്തിയിൽ നിന്ന് മുതലെടുക്കാൻ ശ്രമിക്കുകയാണ്. വലതുപക്ഷ അമിതാധികാര ശക്തികളിൽനിന്നുള്ള ആപത്ത് വർദ്ധിച്ചുവരികയാണ്.

**1.24** ഫലപ്രദമായ ബദൽ രാഷ്ട്രീയ ശക്തിയുടെ അഭാവത്തിലാണ് ഇപ്പോഴത്തെ പ്രതിഷേധവും സമരങ്ങളും നടക്കുന്നത്. ഇതിന്റെ അഭാവമാണ് ചെറിയ നീക്കുപോക്കുകളുമായി മുന്നോട്ടു പോകാനും ജനങ്ങളുടെമേൽ ഭാരം കെട്ടിവെക്കാനും ഭരണവർഗങ്ങളെ പ്രാപ്തരാക്കുന്നത്. ഇതിൽ കാര്യമായ മാറ്റം വരുത്തുന്നതിനു ശക്തമായ ഇടതുപക്ഷ ബദലിന്റെ കടന്നുവരവിന് മാത്രമേ കഴിയൂ.

**1.25** റഷ്യയിൽ ഭരണത്തിലുള്ളവർക്കും രാജ്യത്തെ എണ്ണ-വാതക വിഭവങ്ങൾ കൊള്ളയടിച്ച് തടിക്കുന്ന മുതലാളിത്ത ക്രമത്തിന്റെ അത്യാർത്തിക്കും എതിരായ ജനകീയ അസംതൃപ്തി വർദ്ധിച്ചുവരികയാണ്. 2011 ഡിസംബറിലെ പാർലമെന്റ് തിരഞ്ഞെടുപ്പിലും 2012 മാർച്ചിലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിലും ഭരണകക്ഷിയായ യുണൈറ്റഡ് റഷ്യയെ ജയിപ്പിക്കാനായി അന്യായമായ മാർഗങ്ങൾ പ്രയോഗിക്കപ്പെട്ടു. ഈ ജനാധിപത്യവിരുദ്ധ രീതികൾക്കെതിരെ വൻപ്രതിഷേധങ്ങൾ നടന്നു. ഈ ദുർനടപടികൾ ഉണ്ടായിട്ടും റഷ്യൻ കമ്യൂണിസ്റ്റ് പാർടിക്ക് 19 ശതമാനം വോട്ടും പാർലമെന്റിൽ 92 സീറ്റും നേടി മുഖ്യ പ്രതിപക്ഷകക്ഷിയാകാൻ കഴിഞ്ഞു. ആ പാർടിയുടെ വർദ്ധിച്ചുവരുന്ന ജനസമ്മതിയെ അത് സൂചിപ്പിക്കുന്നു.

### ലാറ്റിൻ അമേരിക്ക

**1.26** ലാറ്റിനമേരിക്കയിൽ ഇടതുശക്തികൾക്കുണ്ടായ മുന്നേറ്റവും അവിടത്തെ ഇടത് ആഭിമുഖ്യമുള്ള ഗവൺമെന്റുകൾ നടപ്പാക്കിയ നയങ്ങളും ആ മേഖലയിലെ നവലിബറൽ യാഥാസ്ഥിതികതയെയും പരമ്പരാഗതമായി അവിടെ ഉണ്ടായിരുന്ന അമേരിക്കൻ സാമ്രാജ്യത്വ സ്വാധീനത്തെയും വെല്ലുവിളിച്ചിരിക്കുന്നു. സ്വകാര്യവൽക്കരണത്തെ കീഴ്മേൽ മറിക്കുകയും എണ്ണ-പ്രകൃതി വാതകങ്ങളുടെമേൽ പൊതുനിയന്ത്രണം ഏർപ്പെടുത്തുകയും വ്യാപകമായ ഭൂപരിഷ്കാരങ്ങൾ നടപ്പാക്കുകയും കൂട്ടുസംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുകയും രാഷ്ട്രീയ വ്യവസ്ഥയെ ജനാധിപത്യവൽക്കരിക്കുകയും ചെയ്യുന്ന നയങ്ങൾ നടപ്പാക്കുന്നതിന്റെ മുൻപന്തിയിലാണ് വെനസ്വേലയും ബൊളീവിയയും. ഇക്വഡോറിലെയും നിക്കരാഗ്വയിലെയും ഗവൺമെന്റുകളോടൊപ്പം ഈ ഗവൺമെന്റുകൾ ആരോഗ്യരക്ഷയും വിദ്യാഭ്യാസവും മെച്ചപ്പെടുത്തുന്നതിലും വരുമാനത്തിലുള്ള അസമത്വങ്ങൾ കുറയ്ക്കാൻ സ്വത്ത് പുനർവിതരണം ചെയ്യുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചു.

**1.27** ഇടതുപക്ഷ ഗവൺമെന്റുകളുടെ നിലനിൽപ് തൊഴിലാളിവർഗത്തിന്റെ ദീർഘമായ സമരങ്ങളുടെയും നവലിബറലിസത്തിനും സ്വകാര്യവൽക്കരണത്തിനും എതിരായ ജനകീയ പ്രസ്ഥാനങ്ങളുടെയും ഫലമാണ്. തിരഞ്ഞെടുപ്പ് വിജയങ്ങളുടെ പരമ്പരയും ബൊളീവിയ, ഉറുഗ്വായ്, ബ്രസീൽ, അർജന്റീന, നിക്കരാഗ്വ, പെറു എന്നിവിടങ്ങളിലെ പ്രസിഡന്റുമാരുടെ തിരഞ്ഞെടുപ്പും വീണ്ടും തിരഞ്ഞെടുപ്പും ലാറ്റിനമേരിക്കയിലെ രാഷ്ട്രീയ പ്രവണതയുടെ സാധൂകരണമാണ്. അത് നവലിബറൽ ആഗോളവൽക്കരണത്തിനു ബദൽ ഉയർത്തുന്നു.

**1.28** വെനസ്വേലയുടെ തലസ്ഥാനത്തുവെച്ച് 2011 ഡിസംബറിൽ 33 ലാറ്റിനമേരിക്കൻ – കരീബിയൻ രാഷ്ട്രങ്ങളുടെ സമൂഹം, സെലാക് (സിഇഎൽഎസി) രൂപീകരിച്ചത് നിർണായകമായ സംഭവവികാസമാണ്. എല്ലാ ലാറ്റിനമേരിക്കൻ രാജ്യങ്ങളും ഒത്തുചേർന്നപ്പോൾ, ഈ പ്രാദേശിക കൂട്ടായ്മയിൽനിന്ന് അമേരിക്കയും കാനഡയും ഒഴിച്ചുനിർത്തപ്പെട്ടിരിക്കുന്നു. ഇത് അമേരിക്കയുടെ മേൽക്കോയ്മയിൽനിന്നുള്ള ഈ പ്രദേശത്തിന്റെ വ്യക്തമായ വേർപെടലിനെ അടയാളപ്പെടുത്തുന്നു.

## സോഷ്യലിസ്റ്റ് രാജ്യങ്ങൾ

**1.29** ചൈനയുടെ എടുത്തുപറയേണ്ട സാമ്പത്തിക വളർച്ച കഴിഞ്ഞ ഏതാനും വർഷമായി തുടരുന്നു. അമേരിക്ക കഴിഞ്ഞാൽ ഏറ്റവും വലിയ രണ്ടാമത്തെ സമ്പദ്വ്യവസ്ഥയായി അത് രംഗപ്രവേശം ചെയ്തിരിക്കുന്നു. ചൈന ആഗോള സാമ്പത്തിക പ്രതിസന്ധിയെ മറ്റ് രാജ്യങ്ങളേക്കാൾ കൂടുതൽ ഫലപ്രദമായി നേരിട്ടു. മുൻനിര മുതലാളിത്ത രാജ്യങ്ങളിലെ കോർപറേറ്റ് കമ്പനികളെ രക്ഷിക്കുന്നതിൽനിന്നു വ്യത്യസ്തമായി ചൈനീസ് ഗവൺമെന്റ് ആഗോള സാമ്പത്തിക പ്രതിസന്ധിയോട് പ്രതികരിച്ചത് പശ്ചാത്തല സൗകര്യങ്ങളെ വികസിപ്പിക്കുന്നതിനും ഗ്രാമീണ വികസനത്തിനും ആഭ്യന്തര ചോദനം വർദ്ധിപ്പിക്കുന്നതിനും ധനപരമായ വമ്പിച്ച പ്രോൽസാഹനം നൽകിക്കൊണ്ടാണ്. 2009, 2010 വർഷങ്ങളിൽ ചൈനയുടെ ജിഡിപി വളർച്ചാത്തോത് 8.7, 10.3 ശതമാനം വീതമായിരുന്നു. എങ്കിലും, ശീഘ്രഗതിയിലുള്ള സാമ്പത്തിക വളർച്ചയോടൊപ്പം അസമത്വങ്ങളും വർധിച്ചു: ഇത് വരുമാനം, സമ്പത്തിന്റെ വിതരണം, പ്രാദേശികവും സാമൂഹ്യവുമായ വികസനം, അഴിമതിയിലുള്ള വളർച്ച, ഇവയുടെയെല്ലാം ഫലമായുള്ള പിരിമുറുക്കം എന്നിവയാലാണ്. ചൈനയുടെ സാമ്പത്തികശക്തിയും സ്വാധീനവും വളരുന്നത് ഈ പ്രദേശത്തുള്ള ചൈനയുടെ സ്വാധീനത്തെ ഒതുക്കുന്നതിനു അമേരിക്കയെ തന്ത്രപരവും രാഷ്ട്രീയവും സൈനികവുമായ നീക്കങ്ങൾ പ്രയോഗിക്കുന്നതിന് ഇടയാക്കിയിരിക്കുന്നു.

**1.30** വിയത്നാമും ക്രമമായ പുരോഗതി കൈവരിച്ചിരിക്കുന്നു. ആഗോളമാന്ദ്യത്തിന്റെ ആഘാതത്തിൽനിന്ന് അത് വീണ്ടെടുപ്പ് നടത്തിയിരിക്കുന്നു. 2010ൽ അത് 6.78 ശതമാനം ജിഡിപി വളർച്ച നേടി. എന്നാൽ ഉയർന്ന പണപ്പെരുപ്പ പ്രശ്നം നിലനിൽക്കുന്നു. ദാരിദ്ര്യം കുറയ്ക്കുന്നതിലും പിന്നോക്ക പ്രദേശങ്ങളുടെ വികസനത്തിലും വിയത്നാം പുരോഗതി കൈവരിച്ചിരിക്കുന്നു.

**1.31** അമേരിക്കയും സഖ്യശക്തികളും തങ്ങളെ ഒറ്റപ്പെടുത്താൻ നടത്തിയ പല യത്നങ്ങൾക്കും കൊറിയൻ ജനാധിപത്യ ജനകീയ റിപ്പബ്ലിക് (ഡിപിആർകെ) തിരിച്ചടി നൽകി. അടുത്തകാലത്ത് ചൈനയും റഷ്യയുമായുള്ള സാമ്പത്തിക ബന്ധങ്ങൾ ഡിപിആർകെ ശക്തിപ്പെടുത്തിയിട്ടുണ്ട്.

**1.32** അമേരിക്കയുടെ ഉപരോധവും വ്യാപാര നിരോധനവും നേരിടുന്നതിനു ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളെ മൊത്തത്തിൽ ക്യൂബ വിജയകരമായി അണിനിരത്തിയിട്ടുണ്ട്. പുതുതായി രൂപീകരിക്കപ്പെട്ട ലാറ്റിൻ അമേരിക്കൻ–കരീബിയൻ രാജ്യങ്ങളുടെ സമൂഹത്തിൽ ക്യൂബ അംഗമായതിൽ ഈവിജയം കാണാവുന്നതാണ്. ചെറുകിട സംരംഭകരെയും സ്വയം തൊഴിലെടുക്കുന്നവരുടെ വ്യവസായ ഉദ്യമങ്ങളെയും ക്രമവൽക്കരിച്ച കമ്പോള ബന്ധങ്ങളെയും അനുവദിക്കുന്ന സാമ്പത്തിക പരിഷ്കാരങ്ങൾ ക്യൂബ നടപ്പാക്കിയിരിക്കുന്നു. ഈ പരിഷ്കാരങ്ങൾ വഴി സ്വന്തം സാമ്പത്തികവും സാമൂഹ്യവുമായ സജ്ജീകരണത്തെ പുനരുജ്ജീവിപ്പിക്കാമെന്ന് ക്യൂബ ആശിക്കുന്നു. ഏറ്റവും പുരോഗതി പ്രാപിച്ച പൊതുവിദ്യാഭ്യാസ–ആരോഗ്യ രക്ഷാ വ്യവസ്ഥകൾ ക്യൂബയിൽ ഇപ്പോഴും നിലനിൽക്കുന്നു.

## ബഹുധ്രുവത

**1.33** ആഗോള സാമ്പത്തിക പ്രതിസന്ധി ലോക സമ്പദ്വ്യവസ്ഥയിൽ വികസ്വര രാജ്യങ്ങളുടെ പ്രാധാന്യം വർധിപ്പിച്ചിരിക്കുന്നു. ആഗോളതലത്തിൽ സാമ്പത്തികനയങ്ങൾ ഏകോപിപ്പിക്കുന്നതിനു ജി 8 കൊള്ളാതായതുകൊണ്ട് ജി 20 രൂപീകരിക്കപ്പെട്ടതിൽ ഇത് പ്രതിഫലിച്ചു കണ്ടു. 2009ൽ ബ്രസീലും റഷ്യയും ഇന്ത്യയും ചൈനയും ചേർന്ന് ബിആർഐസി രൂപീകരിച്ചതും 2010ൽ ദക്ഷിണാഫ്രിക്കയെ കൂടി ചേർത്ത് അത് ബ്രിക്സ് (ബിആർഐസിഎസ്) ആയി വിപുലപ്പെടുത്തിയതും വികസ്വര രാജ്യങ്ങളുടെ വർധിച്ചുവരുന്ന ഗുരുത്വത്തെ കണക്കിലെടുത്തുകൊണ്ടാണ്. യുഎൻ പരിഷ്കാരങ്ങൾ, അന്താരാഷ്ട്ര വ്യാപാരം, കാലാവസ്ഥാ മാറ്റം മുതലാ

യ പ്രശ്നങ്ങളിൽ ബ്രിക്സ് അതിന്റെ നിലപാട് ഏകോപിപ്പിക്കുകയും അന്താരാഷ്ട്ര വേദികളിൽ വികസ്വര രാജ്യങ്ങൾക്ക് കൂടുതൽ അധികാരം തേടുകയും ചെയ്യുന്നു. അന്താരാഷ്ട്ര പ്രശ്നങ്ങളിൽ പൊതുരാഷ്ട്രീയ നിലപാടുകളിലേക്ക് സാമ്പത്തിക കാര്യങ്ങളിലെ സഹകരണം വ്യാപിപ്പിക്കപ്പെടുമ്പോൾ ഈ സംഘത്തിനു കൂടുതൽ ഗൗരവം കൈവരും. ലാറ്റിനമേരിക്കയിൽ പ്രാദേശിക കൂട്ടായ്മകൾ മുന്നേറിയിരിക്കുന്നു. അമേരിക്കയെയും കാനഡയെയും കൂട്ടാതെ 'സെലാക്' രൂപീകരിച്ചത് പുതിയ പ്രവണതയുടെ പ്രതീകമാണ്. നേരത്തെ 'അൽബ' (ലാറ്റിനമേരിക്കക്ക് ബൊളിവേറിയൻ ബദൽ)യുടെ രൂപീകരണം ഒരു പ്രധാന കാൽവെപ്പായിരുന്നു. ഷാങ്ഹായ് സഹകരണ സംഘടന (എസ്സിഒ)യുടെ വിപുലനത്തിനു റഷ്യ ശ്രമിച്ചുവരികയാണ്. എസ്സിഒയിൽ പ്രാദേശിക ശക്തികളായ ഇന്ത്യ, പാകിസ്ഥാൻ, ഇറാൻ എന്നിവയെ ഉൾപ്പെടുത്തുന്നത് ലോക കാര്യങ്ങളിൽ ബഹുധ്രുവതയിലേക്കുള്ള പ്രവണതയെ ശക്തിപ്പെടുത്തും.

### കാലാവസ്ഥാ മാറ്റം

**1.34** കാലാവസ്ഥാ മാറ്റം ഉന്നയിക്കുന്ന ഭീഷണിയും ഹരിതഗൃഹവാതകങ്ങളുടെ പുറത്തുവിടൽ നിയന്ത്രിച്ചില്ലെങ്കിൽ ഉണ്ടാകാവുന്ന വിനാശകരമായ പ്രത്യാഘാതങ്ങളും 19-ാം പാർടി കോൺഗ്രസ് ശ്രദ്ധിച്ചിരുന്നു. ലോകജനസംഖ്യയിൽ ഏതാണ്ട് 20 ശതമാനം ഉള്ള മുൻനിര മുതലാളിത്ത രാജ്യങ്ങൾ അന്തരീക്ഷത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള കാർബൺ ഡൈ ഓക്സൈഡിൽ 74 ശതമാനം പ്രദാനം ചെയ്തവരാണ്. 80 ശതമാനം ജനസംഖ്യയുള്ള വികസ്വര രാജ്യങ്ങൾ 26 ശതമാനം മാത്രമാണ് പ്രദാനം ചെയ്തിട്ടുള്ളത്. അങ്ങനെ വികസിത രാജ്യങ്ങളാണ് കാലാവസ്ഥാ പ്രതിസന്ധിക്കു വലിയ തോതിൽ ഇടയാക്കിയതെങ്കിലും, അതിന്റെ ആഘാതം കൂടുതൽ അനുഭവിക്കേണ്ടിവരിക വികസ്വര രാജ്യങ്ങളും ലോകത്തിലെ ദരിദ്രരുമായിരിക്കും.

**1.35** 1990ൽ പുറത്തുവിട്ട ഹരിതഗൃഹവാതകങ്ങളുടെ അളവിൽ 2008-12 ആകുമ്പോഴേക്ക് 5.2 ശതമാനം കുറവ് വരുത്താം എന്ന ക്യോട്ടോ ഉടമ്പടിയിലെ വാഗ്ദത്തം വികസിത രാജ്യങ്ങൾ മൊത്തത്തിൽ പാലിച്ചിട്ടില്ല. ഉടമ്പടിയിൽനിന്നു വിട്ടുനിൽക്കുകയും അത് ഒരിക്കലും ഒപ്പിടാതിരിക്കുകയും ചെയ്ത അമേരിക്ക വാതകം പുറത്തുവിടൽ യഥാർഥത്തിൽ 17 ശതമാനം കണ്ട് വർധിപ്പിച്ചു. അമേരിക്കയുടെ നേതൃത്വത്തിൽ വികസിത രാജ്യങ്ങൾ വാതകങ്ങൾ പുറത്തുവിടൽ കുറയ്ക്കുന്നതിന്റെ ഭാരം വികസ്വര രാജ്യങ്ങളുടെ മേൽ അടിച്ചേൽപിക്കുകയാണ്. അതോടൊപ്പം ഭാവിയിൽ അന്തരീക്ഷത്തിലേക്ക് കാർബൺ വിടുന്നതിന്റെ അളവിലെ തങ്ങളുടെ പങ്ക് അവർക്ക് ന്യായമായി അർഹമായതിനേക്കാൾ പരമാവധി വർദ്ധിപ്പിക്കാൻ ശ്രമിക്കുകയാണ്. ആഗോള അന്തരീക്ഷ പൊതുവിഹാര സ്ഥലത്തിന്റെ (കോമൺസ്) തുല്യപങ്ക് ഭൂമുഖത്തുള്ള ഓരോ വ്യക്തിക്കും അവകാശപ്പെട്ടതാണ് എന്നാണ് തുല്യത ആവശ്യപ്പെടുന്നത്. എന്നാൽ, പ്രതിശീർഷ അവകാശത്തിന്റെ ഈ സ്വയം വ്യക്തമായ തത്വം തള്ളിക്കളഞ്ഞുകൊണ്ട് ഇന്ത്യയെപ്പോലുള്ള വികസ്വര രാജ്യങ്ങളും വാതകങ്ങൾ പുറത്തുവിടുന്നത് വെട്ടിക്കുറയ്ക്കണമെന്ന് അമേരിക്ക ആവശ്യപ്പെടുന്നു. ഇന്ത്യയുടെ പ്രതിശീർഷ വാതകപുറത്തുവിടൽ അമേരിക്കയുടേതിന്റെ 13ൽ ഒന്നിലും കുറവായിരിക്കെ ആണിത്.

**1.36** കോപ്പൻഹേഗൻ മുതൽ ഡർബൻ വരെയുള്ള ഓരോ കാലാവസ്ഥാ സമ്മേളനവും ആഗോളവാതകങ്ങൾ പുറത്തുവിടൽ നിയന്ത്രണത്തെ ദുർബലപ്പെടുത്തുകയും പ്രതിശീർഷ പുറത്തുവിടൽ സംബന്ധമായ തുല്യതാതത്വത്തിൽ വെള്ളം ചേർക്കുകയും ചെയ്തു. 2015 ആകുമ്പോഴേക്ക് എല്ലാ രാജ്യങ്ങൾക്കും നിയമപരമായി ബാധകമായ ബാധ്യതകൾ ആവിഷ്കരിക്കുന്നതിനു പുതിയൊരു വട്ടം കൂടിയാലോചനകൾ നടത്തുന്നതിനും അത് നടപ്പാക്കുന്നത് 2020ൽ ആരംഭിക്കുന്നതിനും 2011 ഡിസംബറിൽ ഡർബൻ സമ്മേളനം തീരുമാനിച്ചു. അത് മുൻനിര മുതലാളിത്ത രാജ്യങ്ങൾക്ക് അനുകൂലമായി സന്തുലനത്തെ അട്ടിമറിച്ചു. വികസ്വര രാജ്യങ്ങളുടെമേൽ വാതകങ്ങൾ പുറത്തുവിടൽ സംബന്ധിച്ച് കടുത്ത ഉത്തരവാദിത്വങ്ങൾ അടിച്ചേൽപിക്കുമെന്നു ഭീഷണിപ്പെടുത്തി. ഇന്ത്യ സ്വന്തം നിലപാടിൽ തുടർച്ചയായി വെള്ളം ചേർത്ത് നിയമപരമായി ബന്ധിപ്പിക്കുന്ന ഉറപ്പുകൾക്കെതിരായ അമേരിക്കയുടെ നിലപാടിലേക്ക് ചാഞ്ഞു. ഭാവിയിൽ ആഗോളമായി ബാധകമായ ഏർപ്പാടിനായുള്ള കൂടിയാലോചനയിൽ തുല്യതയെ കേന്ദ്ര നിലപാടാക്കുന്നതിനു ഇന്ത്യ അതിന്റെ കാലാവസ്ഥാ മാറ്റ നിലപാട് പുനരാവിഷ്കരിക്കേണ്ടതാണ്. ലോകമെങ്ങുമുള്ള പുരോഗമന ജനവിഭാഗങ്ങൾ ഏകോപിച്ച നിലപാട് ഊട്ടിയുണ്ടാക്കി അർഥവത്തും സമത്വാടിസ്ഥാനത്തിലുള്ളതുമായ കാലാവസ്ഥാ മാറ്റ കരാറിൽ ഏർപ്പെടുന്നതിനു അതത് ഗവൺമെന്റുകളുടെമേൽ സമ്മർദ്ദം ചെലുത്തുകയും വേണം.

### ദക്ഷിണേഷ്യ

**1.37** **പാകിസ്ഥാൻ** : തീവ്രവാദി-മൗലികവാദി സംഘങ്ങളുടെ വർധിച്ചുവരുന്ന അക്രമങ്ങളുടെ നീർച്ചുഴിയിലാണ് പാകിസ്ഥാൻ. സിവിലിയൻ ഗവൺമെന്റ് അമേരിക്കയെ വർദ്ധിച്ചതോതിൽ ആശ്രയിക്കുന്നു. അവ തമ്മിലുള്ള ബന്ധത്തിൽ അതേസമയം പിരിമുറുക്കവും വർദ്ധിച്ചുവരുന്നുമുണ്ട്. അഫ്ഗാനിസ്ഥാനിലും അതിന്റെ അതിർത്തി പ്രദേശങ്ങളിലുമുള്ള സംഘട്ടനങ്ങളു

ടെ പ്രത്യാഘാതങ്ങൾക്ക് അത് ഇരയാകാനും സാധ്യതയുണ്ട്. അബ്ബോട്ടാബാദിൽ പാർത്തിരുന്ന ഒസാമ ബിൻലാദൻ അമേരിക്കൻ പ്രത്യേക സേനയാൽ കൊല്ലപ്പെട്ടത്, രഹസ്യ–പ്രതിരോധ ഏജൻസികളുടെ ചില വിഭാഗങ്ങളുടെ അറിവോടെ തീവ്രവാദി സംഘങ്ങൾ രാജ്യത്ത് എത്ര ശക്തമായാണ് അടിയുറപ്പിച്ചിരിക്കുന്നത് എന്ന് എടുത്തുകാട്ടി. പാകിസ്ഥാനി താലിബാന്റെ നേരെ അമേരിക്കയുടെ ആളില്ലാ വിമാനങ്ങൾ നടത്തിയ ആക്രമണം സ്ത്രീകളും കുട്ടികളും അടക്കമുള്ള നിരപരാധികളുടെ മരണത്തിനു ഇടയാക്കിയത് പൊതുജനാഭിപ്രായത്തെ ആളിക്കത്തിച്ചു; തീവ്രവാദികളുടെ പ്രത്യാക്രമണത്തിനു വഴിവയ്ക്കുകയും ചെയ്തു. അഫ്ഗാൻ അതിർത്തിയിൽ അമേരിക്ക 24 പാകിസ്ഥാനി പടയാളികളെ കൊന്നതിനെ തുടർന്ന് സൈനിക സഹകരണത്തിൽ അടുത്തയിടെ ഉണ്ടായ വിടവ് പ്രതിരോധ സഹകരണത്തിൽ വൻതോതിലുള്ള ഇടിവുണ്ടാക്കി. ഇതിനു ദൂരവ്യാപക ഫലം ഉണ്ടാകും.

**1.38** പഞ്ചാബ് ഗവർണറുടെയും ഫെഡറൽ ഗവൺമെന്റിലെ ഏക ക്രിസ്ത്യൻ മന്ത്രിയുടെയും വധം മൗലികവാദികളും ജിഹാദികളുമായ ശക്തികൾ എത്ര നിർഭയമായാണ് പ്രവർത്തിക്കുന്നത് എന്നു കാണിക്കുന്നു. വിലക്കയറ്റവും വർധിച്ചുവരുന്ന തൊഴിലില്ലായ്മയുംമൂലം ദുരിതം അനുഭവിച്ചുവരുന്ന ജനങ്ങളുടെ ജീവിതസ്ഥിതി മോശമായി. അടുത്തകാലത്ത് വളർന്നുവന്ന മൂന്ന് സംഘർഷ മേഖലകൾ പാകിസ്ഥാനിലെ ഭാവി സംഭവവികാസങ്ങളിൽ നിർണായകമായ സ്വാധീനം ചെലുത്തും. ഒന്നാമത്, അമേരിക്കയും പാകിസ്ഥാനിലെ സൈനിക സ്ഥാപനവും തമ്മിലുള്ള ബന്ധത്തിൽ സംഘട്ടനമുണ്ട്. രണ്ടാമത്, ഒരു കൊട്ടാര വിപ്ലവത്തിന്റെ ആപത്തിനെക്കുറിച്ച് അമേരിക്കൻ ഭരണാധികാരികൾക്ക് സമർപ്പിക്കപ്പെട്ടതായി പറയപ്പെടുന്ന മെമ്മോറാണ്ടത്തെക്കുറിച്ച് സിവിലിയൻ ഗവൺമെന്റും പട്ടാളവും തമ്മിൽ പിരിമുറുക്കം ഉണ്ടായിട്ടുണ്ട്. മൂന്നാമതായി, അഴിമതിക്കേസുകൾ അന്വേഷിക്കുന്ന കാര്യത്തിൽ സുപ്രീംകോടതിയും ഗവൺമെന്റും തമ്മിൽ ഏറ്റുമുട്ടലുണ്ട്. മൗലികവാദി–ഭീകരവാദി സംഘങ്ങളെ ഒറ്റപ്പെടുത്തുകയും അമേരിക്കയോടുള്ള കീഴാളത്തബന്ധം അവസാനിപ്പിക്കുകയും ചെയ്താൽ മാത്രമേ ജനങ്ങളുടെ അഭിലാഷങ്ങളോട് പ്രതികരിക്കുന്ന ജനാധിപത്യവ്യവസ്ഥ പാകിസ്ഥാന് സ്ഥാപിക്കാൻ കഴിയൂ.

**1.39** **ബംഗ്ലാദേശ്:** 2009ൽ പൂർണതോതിലുള്ള പാർലമെന്ററി ജനാധിപത്യം പുനഃസ്ഥാപിക്കാൻ കഴിഞ്ഞത് ഒരു നേട്ടമായിരുന്നു. അത് അവാമി ലീഗ് നേതൃത്വത്തിലുള്ള സഖ്യത്തിന്റെ വിജയത്തിനും ഷേഖ് ഹസീനാ ഗവൺമെന്റ് നിലവിൽവരുന്നതിനും വഴിയൊരുക്കി. അതിനെ തുടർന്ന് ഭരണകൂടത്തിൽ മതനിരപേക്ഷ തത്വം പുനഃസ്ഥാപിക്കുന്നതിനു നടപടികൾ കൈക്കൊള്ളപ്പെട്ടു. ഈ മതനിരപേക്ഷ–ജനാധിപത്യ നടപടിയെ തകർക്കാൻ വലതുപക്ഷ–മൗലികവാദിശക്തികൾ ശ്രമിച്ചുവരികയാണ്. ഈയിടെ സൈന്യം പരാജയപ്പെടുത്തിയ കൊട്ടാരവിപ്ലവത്തിനുള്ള ഗൂഢാലോചന ഈ ആപത്തിനു ഉദാഹരണമാണ്. സാമ്പത്തിക പ്രതിസന്ധിയും ഭക്ഷ്യവിലകൾ കുത്തനെ ഉയർന്നതും ജനങ്ങളെ ദോഷകരമായി ബാധിച്ചു. ഇന്ത്യയും ബംഗ്ലാദേശും തമ്മിലുള്ള സഹകരണത്തിൽ ഗണ്യമായ പുരോഗതി ഉണ്ടായി. ബംഗ്ലാദേശിന്റെ അതിർത്തിക്കുള്ളിൽനിന്നു പ്രവർത്തിക്കുന്ന 'ഉൾഫ'പോലുള്ള തീവ്രവാദി സംഘങ്ങളെ നിയന്ത്രിക്കുന്നതിനു ബംഗ്ലാദേശ് ഗവൺമെന്റ് ചില നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇന്ത്യൻ പ്രധാനമന്ത്രിയുടെ സന്ദർശനവേളയിൽ രണ്ടു രാജ്യങ്ങളുടെയും സംരക്ഷിത പ്രദേശങ്ങൾ (എൻക്ലേവുകൾ) പരസ്പരം കൈമാറാനും ഇരുരാജ്യങ്ങളും തമ്മിലുള്ള അതിർത്തി അടയാളപ്പെടുത്താനും കരാർ ഉണ്ടാക്കിയത് സൃഷ്ടിപരമായ സംഭവവികാസമാണ്. ടീസ്റ്റ നദീജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച് ഉടമ്പടി ഉണ്ടാക്കുന്നതിന് ഇരുരാജ്യങ്ങളും പ്രവർത്തിക്കേണ്ടതുമാണ്.

**1.40** **നേപ്പാൾ:** മാവോയിസ്റ്റ് നേതാവ് പ്രചണ്ഡ പ്രധാനമന്ത്രി പദം രാജിവെച്ചശേഷം രണ്ടുവർഷം നീണ്ടുനിന്ന ദീർഘമായ സ്തംഭനാവസ്ഥയെ തുടർന്ന് സ്തംഭനാവസ്ഥക്കു പരിഹാരം ഉണ്ടാക്കുന്നതു സംബന്ധിച്ച് ധാരണ ഉണ്ടായി. ബാബുറാം ഭട്ടാറോയ് പ്രധാനമന്ത്രി പദം ഏറ്റെടുത്തശേഷം മാവോയിസ്റ്റ് പോരാളികളിൽ ചില വിഭാഗങ്ങളെ രാജ്യത്തെ പട്ടാളത്തോട് സംയോജിപ്പിക്കുകയും മറ്റുള്ളവരെ പുനരധിവസിപ്പിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് മൂന്നു പ്രധാന പാർടികൾ തമ്മിൽ കരാറിലെത്തി. പുതിയ ഭരണഘടന തയ്യാറാക്കുന്നതു പൂർത്തിയാക്കുന്നതിന് ഇത് വഴി തുറന്നു. മൂന്നു പ്രമുഖ പാർടികളുടെയും സഹകരണം ഇതിന്നാവശ്യമാണ്. സമാധാനപ്രക്രിയ പൂർത്തിയാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നാൽ മാത്രമേ ജനങ്ങളുടെ അഭിലാഷങ്ങൾക്ക് അനുസൃതമായ റിപ്പബ്ലിക്കൻ ജനാധിപത്യവ്യവസ്ഥ നേപ്പാളിൽ നിലവിൽ വരികയുള്ളൂ.

**1.41** **മ്യാൻമർ (ബർമ):** പുതിയ ഭരണഘടനയിൻകീഴിൽ സൈനികവാഴ്ച 2010ൽ തിരഞ്ഞെടുപ്പ് നടത്തി. ഇത് പട്ടാളഭരണത്തിനു സിവിലിയൻ മറയിടാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു. തയിൻ സയിൻ പ്രസിഡന്റ് പദം ഏറ്റെടുത്തതോടെ സൈന്യത്തിന്റെ സ്വേച്ഛാധിപത്യ ഭരണത്തിൽ അയവുവരുത്താനും ചില ജനാധിപത്യാവകാശങ്ങൾ പുനഃസ്ഥാപിക്കാനും രാഷ്ട്രീയത്തടവുകാരെ വിട്ടയയ്ക്കാനും ചില നടപടികൾ കൈക്കൊള്ളുകയുണ്ടായി. ഓങ്സാൻ

സൂ കി ഇതിനോട് പ്രതികരിച്ചു. അവരും അവരുടെ പാർടിയായ ജനാധിപത്യത്തിനുള്ള ദേശീയ ലീഗും ഉപതെരഞ്ഞെടുപ്പിൽ മത്സരിച്ച 44 സീറ്റിൽ 43 ഉം വിജയിച്ചു. സ്വേച്ഛാധിപത്യ വാഴ്ച ദശകങ്ങളായി നിലനിന്നശേഷം ജനാധിപത്യ പ്രതിപക്ഷവും ഗവൺമെന്റും തമ്മിലുള്ള ബന്ധത്തിൽ അയവുവന്നത് സൃഷ്ടിപരമായ കാൽവെപ്പാണ്. മ്യാൻമർ ഗവൺമെന്റുമായി നല്ല ബന്ധമുള്ള ഇന്ത്യ ഒരു ജനാധിപത്യവ്യവസ്ഥയെ കൈപിടിച്ച് ആനയിക്കുന്ന കൂടുതൽ നടപടികളെ പ്രോൽസാഹിപ്പിക്കുന്നതിനു സഹായിയ്ക്കേണ്ടതാണ്.

1.42 **ശ്രീലങ്ക:** എൽടിടിഇയുടെ സൈനിക പരാജയം രണ്ടര പതിറ്റാണ്ട് നീണ്ടുനിന്ന ആഭ്യന്തര യുദ്ധത്തിനു അറുതി വരുത്തി. സംഘട്ടനംമൂലം തമിഴ് പ്രദേശങ്ങളിൽനിന്ന് ഓടിപ്പോകേണ്ടിവന്ന എല്ലാ ആളുകളെയും വീണ്ടും കുടിയിരുത്തുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്ന പണി ശ്രീലങ്കാ ഗവൺമെന്റ് പൂർത്തിയാക്കിയിട്ടില്ല. യുദ്ധത്തിന്റെ അവസാനഘട്ടത്തിൽ സിവിലിയന്മാരുടെമേൽ നടത്തപ്പെട്ട കൊടുംക്രൂരതകൾ വിശ്വസനീയമായി അന്വേഷിക്കപ്പെടുകയും ഉത്തരവാദികളായവരെക്കൊണ്ട് സമാധാനം പറയിക്കുകയും വേണം. സായുധസംഘട്ടനം അവസാനിച്ചിട്ട് മൂന്നു വർഷത്തിനുശേഷവും തമിഴ്പ്രശ്നത്തിനു രാഷ്ട്രീയ പരിഹാരം ഉണ്ടാക്കാൻ ശ്രീലങ്കൻ ഗവൺമെന്റ് പറയത്തക്ക നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല.

1.43 ശ്രീലങ്കൻ ഗവൺമെന്റ് രാഷ്ട്രീയ ചർച്ചകൾ ത്വരിതപ്പെടുത്തേണ്ടതാണ്. വടക്കും കിഴക്കുമുള്ള തമിഴ് സംസാരിക്കുന്ന പ്രദേശങ്ങളിലെ അധികാരവികേന്ദ്രീകരണത്തിനും സ്വയംഭരണാവകാശം നൽകുന്നതിനും പ്രത്യേക നടപടികൾ കൈക്കൊള്ളുകയും വേണം. ഐക്യശ്രീലങ്കക്കുള്ളിൽ തമിഴർക്ക് ഉള്ള അവകാശങ്ങളെക്കുറിച്ച് അവർക്ക് ഉറപ്പുകൊടുക്കേണ്ടത് ഇത്തരത്തിലാണ്. തമിഴരുടെ പൂർണ പുനരധിവാസം ഉറപ്പുവരുത്തുന്നതിനും തമിഴ് പ്രശ്നത്തിന് രാഷ്ട്രീയ പരിഹാരം ഉണ്ടാക്കുന്നതിനും ഇന്ത്യാ ഗവൺമെന്റ് നയതന്ത്രപരവും രാഷ്ട്രീയവുമായ യത്നങ്ങൾ തുടരേണ്ടതാണ്.

1.44 ദക്ഷിണേഷ്യയിലെ ജനാധിപത്യവാദികളും പുരോഗമനവാദികളുമായ ശക്തികളുമായി സിപിഐ (എം) ഐക്യദാർഢ്യം പ്രകാശിപ്പിക്കുന്നു. ഈ പ്രദേശത്തെ ഇടതുപക്ഷ, ജനാധിപത്യ, മതനിരപേക്ഷ ശക്തികളുടെ സഹകരണത്തിനായി അത് യത്നിക്കുന്നതായിരിക്കും.

**ഉപസംഹാരം**

1.45 സോവിയറ്റ് യൂണിയന്റെ പതനത്തിനുശേഷമുള്ള കാലയളവിന്റെ മുഖലക്ഷണമായിരുന്ന മുതലാളിത്തത്തിന്റെ വിജയാഘോഷം നാമമാത്രമായിരിക്കുന്നു. അതിന്റെ സ്ഥാനത്ത് മുതലാളിത്തത്തിന്റെ ഭാവിയെക്കുറിച്ച് ഭരണവർഗങ്ങളുടെ വാദപ്രതിവാദങ്ങൾ സ്ഥാനം പിടിച്ചിരിക്കുന്നു. തങ്ങളുടെ സാമ്പത്തികാവകാശങ്ങൾക്കും പോരാടി നേടിയെടുത്ത നേട്ടങ്ങൾക്കും നേരെ ഉണ്ടായ ആക്രമണങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് ജനങ്ങൾ വർധിച്ച തോതിൽ മുന്നോട്ടുവരികയാണ്. അറബി ലോകത്ത് സ്വേച്ഛാധിപത്യത്തിനെതിരായ ജനകീയ കലാപങ്ങൾ പ്രധാനപ്പെട്ട രാഷ്ട്രീയ മാറ്റങ്ങൾക്ക് ഇടയാക്കിയിരിക്കുന്നു. നവലിബറൽ നയങ്ങൾക്ക് ബദലായ വികസനപാത സാധ്യമാണെന്ന് ലാറ്റിനമേരിക്ക കാണിച്ചിരിക്കുന്നു. ലോകമെങ്ങുമുള്ള കമ്യൂണിസ്റ്റ്-ഇടതുശക്തികൾ സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുകയും ശക്തിപ്പെടുത്തുകയും ധനമൂലധനപ്രേരിതമായ മുതലാളിത്തത്തിന്റെ പിടിച്ചുപറിക്കും ചൂഷണത്തിനുമെതിരെ അധ്വാനിക്കുന്ന ജനങ്ങളെ ഏകോപിപ്പിക്കുകയും വേണം. എങ്കിൽ മാത്രമേ ഈ വ്യവസ്ഥയ്ക്കുള്ള രാഷ്ട്രീയ ബദൽ രംഗപ്രവേശം ചെയ്യുകയുള്ളൂ. വ്യവസ്ഥയെ ബാധിച്ചിരിക്കുന്ന പ്രതിസന്ധിയിൽനിന്ന് പുറത്തുകടക്കാനുള്ള ഏക ബദൽ സോഷ്യലിസമാണ്. തൊഴിലാളിവർഗ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തലും വിശാലാടിസ്ഥാനത്തിലുള്ള ഇടതുപക്ഷ രാഷ്ട്രീയ ബദൽ കെട്ടിപ്പടുക്കലും ആണ് കാലഘട്ടത്തിന്റെ ആവശ്യം.

1.46 ഇന്ത്യയിൽ സാമ്രാജ്യത്വ ആഗോളവൽക്കരണത്തിനു എതിരായ സമരവും ജനവിരുദ്ധ നവലിബറൽ നയങ്ങൾക്കെതിരായ സമരവും പരസ്പരബന്ധിതമാണ്. സാമ്രാജ്യത്വമേധാവിത്വത്തിനെതിരെ പോരാടുന്നവരും തങ്ങളുടെ ദേശീയ പരമാധികാരത്തെ പ്രതിരോധിക്കുന്നവരുമായ എല്ലാ ശക്തികളോടും സിപിഐ (എം) ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. ഇന്ത്യയിലെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ ഭാഗമായി രാജ്യത്ത് ശക്തമായ സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനു സിപിഐ (എം) യത്നിക്കുന്നതായിരിക്കും.

## ദേശീയ സ്ഥിതിഗതികൾ

2.1 വൻ ബിസിനസുകാർക്കും വിദേശമൂലധനത്തിനും നേട്ടമുണ്ടാക്കുന്ന നയങ്ങളാണ് യു.പി.എ ഗവൺമെന്റ് മുഖ്യമായും പിന്തുടരുന്നതെന്ന് പാർടിയുടെ 19-ാം കോൺഗ്രസ് വിലയിരുത്തിയിരുന്നു. ഈ ഗവൺമെന്റിന് പിന്തുണ നൽകുമ്പോൾ തന്നെ ഇക്കാര്യത്തിൽ സ്വതന്ത്രനിലപാടെടുക്കണമെന്നും ഈ നവലിബറൽ നയങ്ങളെ എതിർക്കുന്നത് പാർടി തുടരണമെന്നും പാർടി കോൺഗ്രസ് തീരുമാനിച്ചിരുന്നു. കൂടാതെ, നഷ്ടപ്പെട്ട ജനപിന്തുണ തിരിച്ചുപിടിക്കാൻ ശ്രമിക്കുന്ന ബി.ജെ.പിയേയും വർഗീയ ശക്തികളേയും ഒറ്റപ്പെടുത്താൻ പാർടി പരിശ്രമിക്കു

കയും വേണം. അമേരിക്കയുമായി ഉണ്ടാക്കുന്ന തന്ത്രപ്രധാന സഖ്യത്തെ പാർടി എതിർക്കുകയും സാമ്രാജ്യത്വസ്വാധീനത്തിനെതിരെ ജനങ്ങളെ അണിനിരത്തുകയും വേണം. ബദൽ നയങ്ങൾക്കു പിന്നിൽ ജനങ്ങളെ അണിനിരത്താനും വർഗചൂഷണത്തിനും സാമൂഹിക അടിച്ചമർത്തലിനുമെതിരെ തൊഴിലാളിവർഗത്തെയും മറ്റ് അധ്വാനിക്കുന്ന ജനവിഭാഗങ്ങളെയും സംഘടിപ്പിക്കാനും പാർടി കോൺഗ്രസ് ആഹ്വാനം ചെയ്തു. നവലിബറൽ നയങ്ങൾക്കെതിരെയും അമേരിക്കയുമായുള്ള തന്ത്രപ്രധാന സഖ്യത്തിനെതിരെയും ഉള്ള പോരാട്ടത്തിൽ സി.പി.ഐ (എം) വഹിച്ച പങ്ക്, ഭരണവർഗങ്ങളുടെയും സാമ്രാജ്യത്വ വൃത്തങ്ങളുടെയും ആക്രമണലക്ഷ്യമാക്കി സി.പി.ഐ (എം) നെ മാറ്റിയതായും പാർടിയുടെ ഏറ്റവും ശക്തമായ അടിത്തറയായ പശ്ചിമബംഗാളിൽ ആക്രമണമാരംഭിച്ചു കഴിഞ്ഞതായും പാർടി കോൺഗ്രസ് മുന്നറിയിപ്പ് നൽകി.

**2.2** മുൻപ് നൽകിയ ഉറപ്പുകൾക്ക് വിരുദ്ധമായി അമേരിക്കയുമായി ആണവക്കരാറുണ്ടാക്കുന്നതിലേക്ക് യു.പി.എ ഗവൺമെന്റ് മുന്നോട്ടുപോയപ്പോൾ പാർടി കോൺഗ്രസ് നടന്ന് മൂന്ന് മാസങ്ങൾക്കകം തന്നെ ഇടതുപാർടികൾ ആ ഗവൺമെന്റിനുള്ള പിന്തുണ പിൻവലിച്ചു. ഭൂരിപക്ഷം നഷ്ടപ്പെട്ട യു.പി.എ ലോക്സഭയിൽ വിശ്വാസവോട്ടുനേടിയത് പണശക്തി അധാർമ്മികമായി ഉപയോഗിച്ചുകൊണ്ടും പ്രതിപക്ഷത്തു നിന്നുള്ള കാലുമാറ്റം പ്രോത്സാഹിപ്പിച്ചുകൊണ്ടുമായിരുന്നു. പിന്നീട് 2009 മെയ് മാസത്തിൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ കോൺഗ്രസ് നേതൃത്വം കൊടുത്ത സഖ്യം വിജയിച്ചുവെങ്കിലും അതിന് ഭൂരിപക്ഷം ലഭിച്ചില്ല. രണ്ടാം യു.പി.എ ഗവൺമെന്റ് ഒന്നാമത്തെ ഊഴത്തിൽ പിന്തുടർന്നിരുന്ന സാമ്പത്തിക നയങ്ങൾ തന്നെയാണ് തുടർന്നത് – പക്ഷേ കൂടുതൽ ആക്രമണോത്സുകമായ രീതിയിൽ. രണ്ടാം യു.പി.എ ഗവൺമെന്റിന്റെ മൂന്നുവർഷത്തെ ഭരണകാലത്തെ സവിശേഷതകൾ ഇവയാണ്.

1. അവശ്യസാധനങ്ങളുടെ നിരന്തരമായ വിലക്കയറ്റം.
2. ഒന്നാം യു.പി.എ ഭരണകാലത്ത് തുടങ്ങിവച്ച ഉന്നതതല അഴിമതിയുടെ വൻതോതിലുള്ള വളർച്ച.
3. അമേരിക്കൻ അനുകൂല വിദേശനയത്തിന്റെ തുടർച്ചയും അമേരിക്കയുമായി തന്ത്രപ്രധാന സഖ്യവും.
4. രൂക്ഷമായ ചൂഷണവും ഇല്ലായ്മയും മൂലം തൊഴിലാളി വർഗവും കർഷകരും മറ്റ് അധ്വാനിക്കുന്ന ജനവിഭാഗങ്ങളും കൂടുതൽ കഷ്ടപ്പെടേണ്ടി വരുന്നു.

**2.3** ഇടതുപക്ഷ പാർടികളെ ആശ്രയിക്കേണ്ടി വരുന്ന സ്ഥിതിയിൽ നിന്ന് സ്വതന്ത്രമായതിനാൽ മൻമോഹൻസിംഗ് ഗവൺമെന്റ് നവലിബറൽ നയങ്ങൾ അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. പാർലമെന്റിൽ ഉറച്ച ഭൂരിപക്ഷമില്ലെന്നത് ഒരു പരിധിവരെ അതിനെ ഞെരുക്കുന്നു. അഴിമതി ആരോപണങ്ങളുടെ വെള്ളപ്പൊക്കത്തിൽ മുങ്ങിപ്പോയതിനാൽ ഗവൺമെന്റിന് ലക്ഷ്യം നഷ്ടപ്പെട്ട സ്ഥിതി വരികയും ഭരണ കോൺഗ്രസിന് അതിനു ആവശ്യമായ രാഷ്ട്രീയ ദിശ ചൂണ്ടിക്കാണിക്കാനാവാതെ വരികയും ചെയ്തിരിക്കുന്നു.

## നവലിബറൽ അജണ്ട

**2.4** ഇടതുപക്ഷ എതിർപ്പുമൂലം മുമ്പത്തെ ഊഴത്തിൽ മന്ദഗതിയിലായ നവലിബറൽ നയങ്ങളുടെ നടത്തിപ്പിന് ചലനവേഗം വർദ്ധിപ്പിക്കാനാണ് രണ്ടാം യു.പി.എ ഗവൺമെന്റ് ശ്രമിക്കുന്നത്. നവലിബറൽ അജണ്ടയുടെ ഊന്നൽ പൊതുമേഖലയുടെ പങ്കിന് തുരങ്കംവെക്കലും വിഭവങ്ങളുടെ അനിയന്ത്രിത ചൂഷണത്തിനും ആഭ്യന്തരവും വൈദേശികവുമായ വൻകിട കോർപ്പറേറ്റുകളുടെ ലാഭമുണ്ടാക്കലിനും വേഗം വർധിപ്പിക്കലുമാണ്. സ്വകാര്യവൽക്കരണ അജണ്ട പുനരുജ്ജീവിപ്പിക്കുകയും 2009 മുതൽ കേന്ദ്രഗവൺമെന്റ് ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 47500 കോടി രൂപ വിലയ്ക്കുള്ള ഓഹരികൾ വിറ്റഴിക്കുകയും ചെയ്തു. ലാഭമുണ്ടാക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളടക്കം ഓഹരിവിപണിയിൽ അവരുടെ പത്തു ശതമാനം ഓഹരികൾ വിറ്റഴിക്കണമെന്നത് ഗവൺമെന്റ് നിർബന്ധിതമാക്കി.

**2.5** എണ്ണ–പ്രകൃതിവാതകവിഭവങ്ങൾ സ്വകാര്യവൽക്കരിച്ചതോടെ സ്വകാര്യമേഖല ആഭ്യന്തര പ്രകൃതിവാതക ഉൽപാദനത്തിൽ പൊതുമേഖലയെ മറികടന്നു കഴിഞ്ഞു. ഇന്നത്തെ ഏറ്റവും വലിയ സ്വകാര്യമേഖലാ കരാറുകൾ ഇന്ത്യയുടെ എണ്ണ–പ്രകൃതിവാതക വിഭവങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഖനന നയത്തിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഖനനത്തെ സ്വകാര്യ–വിദേശ കോർപ്പറേറ്റുകൾക്ക് വലിയ അളവിൽ തുറന്നിട്ടുകൊടുത്തിരിക്കുന്നു. 2009–10 ൽ ഉൽപാദിപ്പിക്കപ്പെട്ട 21.86 കോടി ടൺ ഇരുമ്പയിരിന്റെ 63 ശതമാനവും സ്വകാര്യമേഖലയുടെ കയ്യിലാണ്. അതിൽ 45 ശതമാനവും കയറ്റുമതി ചെയ്യപ്പെട്ടു. കൽക്കരി ഖനനം സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കവും നടക്കുന്നുണ്ട്. ഖനികളും ധാതുലവണമേഖലയും തുറന്നിട്ടുകൊടുത്തതിന്റെ ഫലമായി അനധികൃത ഖനനത്തിലൂടെ ധാതുവിഭവങ്ങളുടെ കൊള്ളയും അനിയന്ത്രിതമായ കയറ്റുമതിയും വ്യാപകമായിരിക്കുന്നു.

**2.6** ഇൻഷുറൻസ് മേഖലയിൽ വിദേശപ്രത്യക്ഷ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ബാങ്കിംഗ് മേഖലയിൽ നിയന്ത്രണങ്ങൾ കുറയ്ക്കുന്നതിനും പെൻഷൻ ഫണ്ടുകൾ ഓഹരി വിപണിയിൽ നിക്ഷേപിക്കുന്നതിനുമുള്ള നിയമനിർമ്മാണങ്ങൾ യു.പി.എ ഗവൺമെന്റ് നീക്കിക്കൊണ്ടിരിക്കുകയാണ്. ഈ നീക്കങ്ങൾ ഇന്ത്യയുടെ ധനമേഖലയെ ഊഹാധിഷ്ഠിത ധനമൂലധനത്തിന്റെ കൈകടത്തലിനു വിധേയമാക്കും. ധനമേഖലയെ കൂടുതൽ തുറന്നുകൊടുക്കുന്നതിനായി കൊണ്ടുവന്ന വിവിധ നിയമനിർമ്മാണങ്ങളെ ഇടതുപക്ഷം തടഞ്ഞതിനാലാണ്, വാസ്തവത്തിൽ ആഗോളധനപ്രതിസന്ധിയാൽ ഇന്ത്യ പൂർണ്ണമായും തകർക്കപ്പെടാതിരുന്നത്. ഇന്ത്യയിൽ ശാഖകൾ ആരംഭിക്കുന്നതിന് വിദേശ സർവ്വകലാശാലകളെ അനുവദിക്കുന്ന ഒരു ബിൽ വരാനിരിക്കുകയാണ്. പ്രതിരോധമേഖലയിൽ വിദേശ പ്രത്യക്ഷ നിക്ഷേപപരിധി വർദ്ധിപ്പിക്കാനായി ശ്രമം നടക്കുന്നു.

**2.7** 2011 ലെ പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ ഒന്നിലേറെ ബ്രാൻഡുകളുടെ ചെറുകിട വ്യാപാരത്തിൽ 51 ശതമാനം വിദേശപ്രത്യക്ഷ നിക്ഷേപം അനുവദിക്കുന്നതിനുള്ള ഒരു തീരുമാനം യു.പി.എ ക്യാബിനറ്റ് എടുത്തിരുന്നു. ഇത് 4 കോടിയിലേറെ വരുന്ന ചെറുകിട വ്യാപാരികളുടെ ഉപജീവനത്തെ ബാധിക്കുകയും കർഷകരെയും ചെറുകിട ഉൽപാദകരെയും ഞെരുക്കുകയും ചെയ്യും. രാഷ്ട്രീയ പാർടികൾ, വ്യാപാരികൾ, ബഹുജനസംഘടനകൾ എന്നിവയിൽ നിന്ന് വ്യാപകപ്രതിഷേധം നേരിട്ടതിനാൽ, ഈ തീരുമാനം താൽക്കാലികമായി നിർത്തിവയ്ക്കുന്നു എന്ന് പ്രഖ്യാപിക്കാൻ ഗവൺമെന്റ് നിർബന്ധിതമായി. എന്നാൽ മുന്നോട്ടുപോകാനുള്ള ഗവൺമെന്റിന്റെ ദൃഢനിശ്ചയം പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നു. 2012–13 ലെ ബജറ്റും അതുതന്നെ നിർദ്ദേശിച്ചിരിക്കുന്നു.

**2.8** മരുന്നുൽപാദനമേഖലയിൽ 100 ശതമാനം വിദേശപ്രത്യക്ഷനിക്ഷേപം അനുവദിച്ചതോടെ ബഹുരാഷ്ട്ര കോർപ്പറേറ്റ് സ്ഥാപനങ്ങൾ ആഭ്യന്തര മരുന്നുൽപാദന സ്ഥാപനങ്ങളെ വാങ്ങിക്കാനും ഇന്ത്യൻ മരുന്ന് വിപണിയെ തങ്ങളുടെ നീരാളിപ്പിടിത്തത്തിലാക്കാനും തുടങ്ങി. ഇന്ന് ഇന്ത്യയിലെ അഞ്ച് പ്രമുഖ മരുന്ന് വിൽപനക്കാരിൽ മൂന്നും ബഹുരാഷ്ട്രകോർപ്പറേഷനുകളാണ്. മരുന്ന് വിപണിയിൽ വർധിച്ചുവരുന്ന ഈ കേന്ദ്രീകരണം മരുന്ന് വിലകളുടെ ആശ്ചര്യകരമായ വർദ്ധനയിലേക്ക് നയിക്കുന്നു. ഗവൺമെന്റ് മരുന്നുൽപാദനമേഖലയിൽ വിദേശ പ്രത്യക്ഷനിക്ഷേപം നിയന്ത്രിക്കുന്നതിനോ ഫലപ്രദമായ വിലനിയന്ത്രണം ഏർപ്പെടുത്തുന്നതിനോ തയ്യാറാവുന്നില്ല.

**2.9** ലോകബാങ്കിന്റെ മുമ്പത്തെ ശുപാർശകൾക്ക് ഒത്തുപോകുന്ന 2012–13 ലെ ദേശീയ ജലനയത്തിന്റെ കരട് ഗവൺമെന്റിന്റെ പങ്കിനെ ഒരു സേവനദാതാവിന്റേതായി മാറ്റിക്കൊണ്ട് സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നു. വിപണി തത്വങ്ങളിലുള്ള ഊന്നലിന് അർത്ഥം, സുരക്ഷയുള്ള കുടിവെള്ളത്തിനുള്ള മൗലികാവകാശം ലഭിക്കാൻ ഗ്രാമ–നഗരങ്ങളിലെ പാവപ്പെട്ടവർ ഉയർന്ന താരിഫ് നിരക്കിൽ പ്രതിഫലം നൽകേണ്ടിവരുമെന്നാണ്.

## നാണ്യപ്പെരുപ്പവും വിലക്കയറ്റവും

**2.10** നാണ്യപ്പെരുപ്പവും അവശ്യസാധനങ്ങളുടെ വിലക്കുതിപ്പും നിയന്ത്രിക്കുന്നതിൽ യു.പി.എ ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. 2011 നവംബറിൽ വാർഷിക മൊത്ത വിലപ്പെരുപ്പ നിരക്ക് 9.1 ശതമാനമായിരുന്നു– 2012 ജനുവരിയിൽ അത് 6.5 ശതമാനമായി അൽപ്പം കുറഞ്ഞെങ്കിലും. 2008 സെപ്തംബർ മുതൽ 2011 ഒക്ടോബർ വരെയുള്ള 38 മാസം എന്ന റെക്കോർഡ് കാലയളവിൽ ഭക്ഷ്യവിലക്കയറ്റ നിരക്ക് 10 ശതമാനത്തിന് മുകളിലായിരുന്നു. സ്വാതന്ത്ര്യാനന്തര കാലത്ത് ഇത്രയും ദീർഘമായ കാലയളവിൽ രണ്ടക്ക ഭക്ഷ്യവിലക്കയറ്റ നിരക്ക് ഉണ്ടായിട്ടില്ല. എല്ലാ ജി–20 രാജ്യങ്ങളിലും വച്ച് ഇന്ത്യയിലെ ഉപഭോക്തൃ വിലപ്പെരുപ്പമാണ് ഏറ്റവും കൂടിയത്. ഭക്ഷ്യ ഉൽപന്നങ്ങളായ പയർ വർഗങ്ങൾ, പച്ചക്കറി, പഴങ്ങൾ, ഭക്ഷ്യ എണ്ണകൾ, പഞ്ചസാര, പാൽ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ വില കുത്തനെ കയറുകയും അത് ജനങ്ങൾക്ക് വലിയ കഷ്ടപ്പാടുണ്ടാക്കുകയും ചെയ്തു. ഉയർന്ന ഭക്ഷ്യവിലക്കയറ്റത്തിന് കാരണം ഗവൺമെന്റിന്റെ നവലിബറൽ ഭക്ഷ്യനയങ്ങളാണ്. ഭക്ഷ്യസാധനങ്ങളുടെ പൂഴ്ത്തിവെപ്പ്, ഊഹാധിഷ്ഠിത അവധി വ്യാപാരം, തെറ്റായ കയറ്റുമതിനയം, ഭക്ഷ്യശൃംഖലയിൽ വൻകോർപ്പറേറ്റുകളുടെ കടന്നുകയറ്റം എന്നിവയോടൊപ്പം ഉൽപാദനക്ഷമത സ്തംഭിച്ചുനിന്നതും കാർഷിക രംഗത്തെ കുറഞ്ഞ വളർച്ചയും ആണ് ഭക്ഷ്യവിലകളിൽ വൻതോതിലുള്ള വർദ്ധനവിനിടയാക്കിയത്.

**2.11** പെട്രോളിന്റെ വില നിയന്ത്രണം എടുത്തുകളഞ്ഞതിനെ തുടർന്ന് തുടർച്ചയായി വരുത്തിയ വില വർദ്ധനമൂലം, 2009 ൽ ഡൽഹിയിൽ 40 രൂപ വിലയുണ്ടായിരുന്ന ഒരു ലിറ്റർ പെട്രോളിനു 2011 ൽ വില 65 രൂപയായി വർദ്ധിച്ചു. പെട്രോളിയം ഉൽപന്നങ്ങളുടെ മേൽ ഉയർന്ന തോതിൽ നികുതി ചുമത്തുന്നത് കേന്ദ്രഗവൺമെന്റ് തുടർന്ന് കൊണ്ടിരിക്കുന്നു. 2011 ൽ ഒരു ലിറ്റർ ഡീസലിന് 3 രൂപയും മണ്ണെണ്ണ ലിറ്ററൊന്നിന് 2 രൂപയും എൽ.പി.ജി സിലിണ്ടർ ഒന്നിന് 50 രൂപയും വർദ്ധിപ്പിച്ചത് വിലക്കയറ്റം വർദ്ധിക്കുന്നതിനിടയാക്കി.

**2.12** 2010നുശേഷം യൂറിയയുടെ വില 20 ശതമാനം വർദ്ധിപ്പിച്ചു. ഇപ്പോഴത് കരിഞ്ചന്ത വിലയിൽ വിറ്റഴിച്ചുകൊണ്ടിരിക്കുകയുമാണ്. യൂറിയേതര വളങ്ങളുടെ വിലയിൽ നിയന്ത്രണമില്ലാതാക്കിയതോടെ ഡി.എ.പി (ഡൈ അമോണിയം ഫോസ്ഫേറ്റ്) യുടേയും എം.ഒ.പി (മൂരിയേറ്റ് ഓഫ് പൊട്ടാഷ്) യുടേയും വില 2010 മുതൽ 100 ശതമാനത്തിലേറെ വർദ്ധിക്കുകയുണ്ടായി. കാർഷിക അസംസ്കൃത വസ്തുക്കളുടെ വിലയിലെ വർദ്ധനവ് ചെലവിനെ അടിസ്ഥാനമാക്കിയ നാണ്യപ്പെരുപ്പത്തിന് നേരിട്ട് കാരണമായി. ഇൻപുട്ട് വിലകൾ നിയന്ത്രിക്കുന്നതിനു പകരം ഇന്ധനം, രാസവളങ്ങൾ എന്നിവയ്ക്ക് നൽകി വരുന്ന സബ്സിഡികൾ വെട്ടിക്കുറക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

**2.13** തക്കസമയത്ത് ഇടപെടാതെ രൂപയുടെ വില കുത്തനെ കുറയുന്നതിന് ഗവൺമെന്റ് അനുവദിച്ചു. ഇന്ത്യക്ക് എണ്ണയും രാസവളങ്ങളും ഇറക്കുമതി ചെയ്യണമെന്നതിനാൽ ഇത് ഇന്ത്യയിൽ നാണ്യപ്പെരുപ്പ സമ്മർദ്ദം ഉളവാക്കുന്നതിനിടയാക്കി. സമ്പദ്‌വ്യവസ്ഥയിലുടനീളം ചെലവ് വർദ്ധിക്കുന്നതിന്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ തുടർച്ചയായി നടത്തിയ പലിശ നിരക്ക് വർദ്ധന കാരണമായി.

**2.14** പെട്രോളിയം ഉൽപന്നങ്ങളുടെ അടിക്കടിയുള്ള വില വർദ്ധന പിൻവലിക്കുക; അവശ്യവസ്തുക്കളുടെ ഊഹാധിഷ്ഠിത അവധി വ്യാപാരം/ഫ്യൂച്ചർ വ്യാപാരം നിരോധിക്കുക; കേന്ദ്ര ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന അധിക ഭക്ഷ്യധാന്യങ്ങൾ ബി.പി.എൽ വിലയ്ക്കു സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുകയും അത് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം നടത്തുകയും ചെയ്യുക; പൊതുവിതരണസംവിധാനം സാർവ്വത്രികമാക്കിക്കൊണ്ട് അതിനെ ശക്തിപ്പെടുത്തുക തുടങ്ങിയ സി.പി.ഐ (എം) ന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കാൻ യു.പി.എ ഗവൺമെന്റ് തുടർച്ചയായി വിസമ്മതിക്കുകയാണുണ്ടായത്. നിരന്തരമായ വിലക്കയറ്റം തടയുവാൻ ഈ നടപടികൾ വലിയൊരളവോളം സഹായിക്കുമായിരുന്നു.

**ഭക്ഷ്യസുരക്ഷ**

**2.15** യു.പി.എ ഗവൺമെന്റിന്റെ നയങ്ങൾ പൊതുവിതരണസംവിധാനത്തെ ദുർബലപ്പെടുത്തുകയും ഭക്ഷ്യവിലക്കയറ്റത്തിൽ നിന്ന് ആശ്വാസം പകരാനുള്ള അതിന്റെ ശേഷി കുറയ്ക്കുകയും ചെയ്തു. എ.പി.എൽ/ബി.പി.എൽ തരംതിരിവ് പാവപ്പെട്ടവർക്ക് കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യധാന്യം കിട്ടുന്നത് നിഷേധിക്കുന്ന വിധം തെറ്റായ, വൻതോതിലുള്ള ഒഴിവാക്കലുകൾ ഉണ്ടാക്കുന്നതിലേക്ക് നയിച്ചു. ഗ്രാമപ്രദേശങ്ങളിൽ പ്രതിദിനം 26 രൂപയും നഗര പ്രദേശങ്ങളിൽ പ്രതിദിനം 32 രൂപയും വരുമാനമുണ്ടാക്കുന്നവരെ ദരിദ്രരായി കണക്കാക്കാൻ പാടില്ലെന്ന പ്ലാനിംഗ് കമ്മീഷന്റെ തെറ്റായ ദാരിദ്ര്യരേഖയ്ക്കെതിരെ ദേശീയ അടിസ്ഥാനത്തിൽ തന്നെ പ്രതിഷേധമുണ്ടായി. എന്നാൽ ഈ മതിപ്പുകളെ ലക്ഷ്യാധിഷ്ഠിതനയങ്ങളിലെല്ലാം അടിസ്ഥാനമായി സ്വീകരിക്കുന്നത് തുടർന്നു വരികയാണ്.

**2.16** നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യസുരക്ഷാബിൽ അത്യന്തം കേന്ദ്രീകൃതമായ ബില്ലാണെന്നതിന് പുറമെ അത് ലക്ഷ്യാധിഷ്ഠിത സമ്പ്രദായം തുടരുകയും മുൻഗണനാ (ബി.പി.എൽ), പൊതു (എ.പി.എൽ), ഒഴിവാക്കൽ വിഭാഗങ്ങളുടെ വിഭജനത്തിൽ വർദ്ധനവുണ്ടാക്കിക്കൊണ്ട് ദരിദ്രരെ കൂടുതൽ വിഭജിക്കുകയും ചെയ്യുന്നു. എല്ലാ അവകാശങ്ങളും നിബന്ധനകൾക്ക് വിധേയമാണ്. സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിനു അർഹരായ കുടുംബങ്ങളുടെ എണ്ണം സംസ്ഥാനങ്ങൾ നിശ്ചയിക്കുന്നതിൽ കേന്ദ്രസർക്കാർ ഇടപെടുന്നത് തുടരും. ജനവിരുദ്ധ നടപടികളായ ഭക്ഷ്യകൂപ്പൺ വിതരണം, നേരിട്ട് പണം വിതരണം ചെയ്യൽ തുടങ്ങിയ നവലിബറൽ പരിഷ്കാരങ്ങളുടെ ചട്ടക്കൂട് സംസ്ഥാനഗവൺമെന്റുകൾ അംഗീകരിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി മാത്രമേ എല്ലാ അവകാശങ്ങളും ലഭ്യമാവൂ. ഭക്ഷ്യകൂപ്പണുകളും നേരിട്ടുള്ള പണവിതരണവും നടപ്പാക്കുന്ന പ്രക്രിയയെ വേഗത്തിലാക്കുകയാണ് ആധാർപദ്ധതി നടപ്പാക്കലിന്റെ ലക്ഷ്യം. ഇത് പൊതുവിതരണവ്യവസ്ഥ, മിനിമം താങ്ങുവില പ്രഖ്യാപിക്കൽ, ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുക്കൽ എന്നിവയെ ആത്യന്തികമായി ഇല്ലാതാക്കുകയും അഗ്രിബിസിനസ് സ്ഥാപനങ്ങളും കോർപ്പറേറ്റ് ചില്ലറ വിൽപ്പനക്കാരും കൂടി ഭക്ഷ്യ സമ്പദ്‌വ്യവസ്ഥയെ ഏറ്റെടുക്കുന്നതിനെ അനായാസമാക്കുകയും ചെയ്യും.

**2.17** ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വിശ്വസനീയമായ ഏകമാർഗം സാർവ്വത്രിക പൊതുവിതരണ സംവിധാനത്തെ പുനഃസ്ഥാപിക്കലാണ്. ഒരു കിലോ ഗ്രാമിന് 2 രൂപയിൽ അധികമല്ലാത്ത വിലയ്ക്ക് എല്ലാ കുടുംബങ്ങൾക്കും പ്രതിമാസം 35 കിലോ വീതം ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാർവ്വത്രികാവകാശത്തിന് വേണ്ടി സി.പി.ഐ (എം) നിലകൊള്ളുന്നു. സാർവ്വത്രിക പൊതുവിതരണ സംവിധാനത്തിലൂടെ അത്യാവശ്യ വസ്തുക്കളായ പയർ വർഗങ്ങൾ, ഭക്ഷ്യ എണ്ണ, പഞ്ചസാര എന്നിവ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യണം.

**സാമ്പത്തിക മന്ദത**

**2.18** 2011–12 ൽ മുൻവർഷത്തെ 8.5 ശതമാനം ജി.ഡി.പി വളർച്ച എന്നതിൽ നിന്ന് 7 ശതമാനമായി കുറയുന്ന സ്ഥിതിയുണ്ടായി. ആഭ്യന്തരമായി പിന്തുടർന്ന നവലിബറൽ നയങ്ങളും ആഗോള

സാമ്പത്തിക തളർച്ചയുമാണ് ഈ സ്ഥിതിക്കിടയാക്കിയത്. അവിരാമമായ നാണ്യപ്പെരുപ്പം മൂലം ജനങ്ങളുടെ വാങ്ങൽ കഴിവിലുണ്ടായ കുറവ് ആഭ്യന്തര ചോദനം കുറയുന്നതിന് കാരണമായി. ഇത് വ്യാവസായിക ഉൽപാദനം മന്ദഗതിയിലാവുന്നതിനും അടിസ്ഥാനമേഖലകളിൽ ഗതിവേഗം കുറയുന്നതിനും ഇടവരുത്തി.

**2.19** തൊഴിൽ അവസരങ്ങളുടെ സ്ഥിതി കൂടുതൽ വഷളായിരിക്കുകയാണ്. ജി.ഡി.പി വളർച്ചയുണ്ടായിട്ടും ഏറ്റവും ഒടുവിലത്തെ എൻ.എസ്.എസ് കണക്കുകൾ (66–ാം വട്ടം) കാണിക്കുന്നത് ഇന്ത്യയിലെ മൊത്തം തൊഴിൽ അവസര വളർച്ചയിൽ കുത്തനെയുള്ള കുറവുണ്ടായെന്നാണ്. അത് 2000–2005 കാലയളവിൽ 2.7 ശതമാനമായിരുന്നത് 2005–10 ൽ 0.8 ശതമാനമായി കുറഞ്ഞു. പിന്നീട്, ജി.ഡി.പി വളർച്ച 8 ശതമാനത്തിൽ കൂടുതലായെങ്കിലും കാർഷിക രംഗത്തെ തൊഴിൽ അവസര വളർച്ച 4.65 ശതമാനത്തിൽ നിന്ന് 2.53 ശതമാനമായി കുറഞ്ഞു. ജി.ഡി.പി വളർച്ചയിൽ ഇപ്പോഴുണ്ടായിട്ടുള്ള മന്ദഗതി, തൊഴിൽ അവസരങ്ങളുടെ സ്ഥിതി ഇനിയും കൂടുതൽ വഷളാക്കും.

**2.20** സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിന് പൊതുനിക്ഷേപം വർദ്ധിപ്പിക്കേണ്ടതുണ്ട്. പദ്ധതിച്ചെലവ് 2009–10 ൽ ജി.ഡി.പിയുടെ 5.6 ശതമാനമായിരുന്നത് 4.6 ശതമാനമായി 2010–11 ൽ കുറഞ്ഞു. 2009 ലെ ആഗോളസാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് പ്രഖ്യാപിക്കപ്പെട്ട ധനപരമായ ഉത്തേജക നടപടികൾ മുഖ്യമായും നികുതി ഇളവുകൾ നൽകുന്നതിൽ ഒതുങ്ങുകയും പൊതുചെലവിടലിൽ വർദ്ധനവ് വരുത്താതിരിക്കുകയും ചെയ്തു. 2008–2011 നിടയിൽ കോർപ്പറേറ്റ് നികുതിയിൽ 2,28,045 കോടി രൂപയുടെ ഇളവുകളാണ് അനുവദിച്ചത്. നികുതി – ജി.ഡി.പി അനുപാതം 2007–08 ൽ ജി.ഡി.പിയുടെ 12 ശതമാനമായിരുന്നത് 2010–11 ൽ 9.5 ശതമാനമായി കുറയുകയും അത് പൊതുചെലവുകൾ വെട്ടിക്കുറക്കുന്നതിനിടയാക്കുകയും ചെയ്തു. ഇത് നേരെ മറിച്ചാക്കേണ്ടതുണ്ട്. സമ്പന്നരുടെമേൽ കൂടുതൽ നികുതി ചുമത്തി അധിക വിഭവ സമാഹരണം നടത്തുകയും അത് ക്ഷേമപദ്ധതികൾക്കും പൊതു അടിസ്ഥാന സൗകര്യവികസനത്തിനും വേണ്ടി ഉപയോഗിക്കുകയും വേണം.

**2.21** കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾ അവയുടെ നിക്ഷേപത്തിൽ വർദ്ധനവുണ്ടാക്കണം. 2009–10ൽ ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 6.3 ശതമാനം മാത്രമായിരുന്നു കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ അധികമൂല്യവർദ്ധന. സർക്കാരിന്റെ വികലമായ നയങ്ങളുടെ ഫലമായി ടെലികോം, വ്യോമഗതാഗതം, രാസവളം തുടങ്ങിയ മേഖലകളിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുടെ കരുതൽധനവും മിച്ചവും 2009–10 ൽ 6 ലക്ഷം കോടി രൂപയാണ്. അത് എടുത്ത് പുതിയ നിക്ഷേപം നടത്തുകയും സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന ചെയ്യുകയും വേണം.

## കാർഷികരംഗത്തെ സ്ഥിതിഗതികൾ

**2.22** ഇന്ത്യൻ ജനസംഖ്യയിലെ ഏതാണ്ട് 60 ശതമാനം ഇപ്പോഴും കൃഷിയെ ആശ്രയിച്ചു കഴിയുന്നവരായി തുടരുന്നു. 11–ാം പദ്ധതിക്കാലത്ത് (2007–12) 4 ശതമാനം കാർഷിക വളർച്ച കൈവരിക്കണമെന്നായിരുന്നു ലക്ഷ്യമിട്ടത്; എന്നാൽ ഏതാണ്ട് 3 ശതമാനമേ കൈവരിച്ചുള്ളൂ. ഒമ്പതാം പദ്ധതിക്കുശേഷം കാർഷിക വളർച്ചയുടെ ലക്ഷ്യം നേടിയെടുക്കുന്നതിനായിട്ടില്ല. 1991 ൽ ഭക്ഷ്യധാന്യങ്ങളുടെ ആളോഹരി പ്രതിദിന ലഭ്യത 510 ഗ്രാമായിരുന്നത് 2010 ൽ 438 ഗ്രാമായി കുറഞ്ഞു. കാലവർഷത്തെ അമിതമായി ആശ്രയിക്കുന്നത്, ആവശ്യത്തിന് ജലസേചന സൗകര്യമില്ലായ്മ എന്നിവ മൂലം വിളവിൽ വർദ്ധന നേടാൻ മുഖ്യകാർഷിക വിളകൾക്ക് കഴിയാത്തതുകൊണ്ട് ചോദനത്തിനാനുപാതികമായി ലഭ്യത ഉണ്ടായില്ല. ഇതാണ് ഭക്ഷ്യവിലക്കയറ്റത്തിനുള്ള കാരണങ്ങളിലൊന്ന്.

**2.23** ദേശീയ ക്രൈം റെക്കോഡ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 1995 നും 2010 നും ഇടയിൽ രാജ്യത്താകെ 2,56,913 കർഷകർ ആത്മഹത്യ ചെയ്തു. കർഷക ആത്മഹത്യക്കിടയാക്കിയ മുഖ്യകാരണം കടബാദ്ധ്യതയാണ്. 2011 ൽ മഹാരാഷ്ട്രയിലും ആന്ധ്രാപ്രദേശിലും പരുത്തിവിലയിലുണ്ടായ ഇടിവുമൂലം കർഷക ആത്മഹത്യകൾ വർദ്ധിച്ചു. കർണാടകത്തിലേയും മറ്റു സംസ്ഥാനങ്ങളിലേയും പട്ടുനൂൽപ്പുഴു കർഷകരും ദുരിതത്തിലായിരുന്നു. പശ്ചിമബംഗാളിലും കേരളത്തിലും ഇടതുപക്ഷ നേതൃത്വത്തിലുള്ള ഗവൺമെന്റുകൾ ഭരണം ഒഴിഞ്ഞശേഷം കർഷക ആത്മഹത്യകൾ നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. നാണ്യവിളകളുടെ ഒരുപ്പൂവിളവെടുപ്പിന് വേണ്ടിവരുന്ന ഉയർന്ന ചെലവ് ഇന്ത്യൻ കർഷകരെ സംബന്ധിച്ചിടത്തോളം ഏറ്റവും അപകടം പിടിച്ച ഒരു ഏർപ്പാടായി മാറിയിരിക്കുന്നു.

**2.24** കർഷകർ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധിക്ക് ഉത്തരവാദി നവലിബറൽ നയങ്ങളാണ്. ദേശീയ കാർഷിക കമ്മീഷന്റെ ശുപാർശകൾ അവഗണിക്കപ്പെട്ടിരിക്കുന്നു. കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള തറവില മിക്കവാറും വിളകളുടെ കൃഷിച്ചെലവിലുണ്ടായ വർദ്ധനവ് ഉൾക്കൊള്ളും വിധമല്ല. കേന്ദ്ര ഏജൻസികളുടെ സംഭരണ നടപടികൾ പരിമിതമായ തോതിലായിരിക്കുന്നതും സംഭരണ കേന്ദ്രങ്ങളുടെ സ്ഥാപിതശേഷി കുറവായിരിക്കുന്നതും

മൂലം അത് ചുരുങ്ങിയ തോതിലുമാണ്. ആവശ്യത്തിനനുസരിച്ച് പൊതുനിക്ഷേപം നടത്താത്തതിനും സബ്സിഡികളിൽ കുറവുവരുത്തുന്നതിനുമർത്ഥം കാർഷിക ഉൽപാദനോപാധികളായ വിത്തുകൾ, വളങ്ങൾ, ഇന്ധനം, ഊർജ്ജം മുതലായവയുടെ ചെലവ് വർദ്ധിക്കുന്നു എന്നാണ്. ഉയർന്നുകൊണ്ടിരിക്കുന്ന നിക്ഷേപച്ചെലവുകളും ലാഭകരമല്ലാത്ത വിലയും ഒട്ടേറെ കർഷകരെ സംബന്ധിച്ചിടത്തോളവും കൃഷി ലാഭകരമല്ലാത്തതാക്കി മാറ്റിയിരിക്കുന്നു. ഗ്രാമീണ ധനികർ ഗ്രാമീണ കടങ്ങൾ സ്വന്തമാക്കിയെടുക്കുകയും അത് കാർഷികേതര പ്രവർത്തനങ്ങളിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. സ്ഥാപനങ്ങൾ കടം നൽകാത്തത് സാധാരണക്കാരെ ഹുണ്ടികക്കാരെ ആശ്രയിക്കാൻ നിർബന്ധിതരാക്കുന്നു. കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമല്ലാതിരിക്കുകയും കൃഷിയിൽ നിന്നുണ്ടാകുന്ന വരുമാനക്കുറവും നിരവധി കർഷകരെ ഉയർന്ന തോതിൽ കടത്തിനടിമപ്പെടുത്തുകയും ഒരു ഭാഗത്ത് കടം മൂലമുള്ള ആത്മഹത്യയിലേക്കും മറുഭാഗത്ത് സ്ഥലം വിറ്റഴിക്കുന്നതിലേക്കും അവരെ നയിക്കുകയും ചെയ്യുന്നു.

**2.25** ഇന്ത്യയിലെ കർഷകകുടുംബങ്ങളിൽ എൺപത് ശതമാനം വരുന്ന ചെറുകിട– നാമമാത്ര കർഷകർ ആണ് കാർഷിക പ്രതിസന്ധിയുടെ മുഖ്യ ഇരകളായി മാറുന്നത്. പങ്കുപാട്ടക്കാർ, ദരിദ്ര കർഷകർ തുടങ്ങിയ, മറ്റുള്ളവരുടെ ഭൂമിയിൽ പണിയെടുക്കുന്നവർ പ്രതിസന്ധിയുടെ ഭാരം അനുഭവിക്കേണ്ടി വരുന്നതിന് പുറമെ കടുത്ത ചൂഷണത്തിനും ഇരയായിത്തീരുന്നു. കുടിയാന്മാർ, കർഷകത്തൊഴിലാളികൾ തുടങ്ങിയവരെ കുടിയായ്മാവകാശനിഷേധം, കടങ്ങൾക്ക് ഉയർന്ന പലിശ നിരക്ക്, കുറഞ്ഞ കൂലി തുടങ്ങി അസംഖ്യം മാർഗങ്ങളിലൂടെ ഭൂപ്രഭുക്കളും ധനിക കർഷകരുമടങ്ങുന്ന ഗ്രാമങ്ങളിലെ ധനികർ ചൂഷണത്തിനിരയാക്കുന്നത് തുടരുന്നു. ഗ്രാമീണ ധനികർ റിയൽ എസ്റ്റേറ്റുപോലുള്ള നിരവധി കാർഷികേതര പ്രവർത്തനങ്ങളിൽ മുതൽ മുടക്ക് നടത്തുന്നു. കോർപ്പറേറ്റ് കൃഷിയും കരാർ കൃഷിയും വർദ്ധിച്ചു വരുന്നു.

**2.26** കർഷകത്തൊഴിലാളികളുടെ സ്ഥിതി ക്രമാനുഗതമായി വഷളായിവരികയാണ്. നവലിബറൽ നയങ്ങളുടെ ആഘാതം മൂലം ഭൂരഹിതാവസ്ഥ വർദ്ധിച്ചു വരികയും തന്മൂലം കർഷകത്തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുകയുമാണ്; 2010 ൽ ഇവരുടെ എണ്ണം 14 കോടി (140 ദശലക്ഷം) ആയിരുന്നു. പല സംസ്ഥാനങ്ങളിലും കർഷകത്തൊഴിലാളികൾക്ക് നിയമപ്രകാരം നിശ്ചയിക്കപ്പെട്ട കുറഞ്ഞ കൂലിയോ സമഗ്രമായ സാമൂഹ്യസുരക്ഷാ നടപടികളോ നിലവിലില്ല. അവശ്യ വസ്തുക്കളുടെ വിലക്കയറ്റം മൂലം ഏറ്റവും അധികം കഷ്ടപ്പെടുന്നത് ഇവരാണ്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ വെള്ളം ചേർക്കുകയും തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം നിഷേധിക്കുകയും ചെയ്യുന്നു. ദുരിതമയമായ സ്ഥിതിവിശേഷത്തിലാണ് കർഷകത്തൊഴിലാളികൾ ജീവിക്കുന്നത്. മിക്കവാറും സംസ്ഥാനങ്ങളിൽ അവർക്ക് കിടപ്പാടമോ വീടോ നൽകുന്നതിനുള്ള യത്നങ്ങളൊന്നുമുണ്ടായിട്ടില്ല. കർഷകത്തൊഴിലാളി സ്ത്രീകളുടെ അവസ്ഥ ഇതിലും പരിതാപകരമാണ്. കർഷകത്തൊഴിലാളികൾ കടത്തിനടിപ്പെടുന്ന സ്ഥിതി വർദ്ധിക്കുകയാണ്; അവരുടെ നിലനിൽപ് തന്നെ പ്രതിസന്ധിയെ നേരിടുകയാണ്. ഗവൺമെന്റ് നയങ്ങൾ ഗ്രാമീണ ജനതയെ കുടിയേറ്റത്തിന് നിർബന്ധിതരാക്കുകയാണ്; മറ്റു പ്രദേശങ്ങളിലും നഗരകേന്ദ്രങ്ങളിലും മോശപ്പെട്ട അവസ്ഥയിൽ ജോലിയെടുക്കുന്നതിന് അവർ നിർബന്ധിതരാവുന്നു. കർഷകത്തൊഴിലാളികളുടെ കൂലി നിശ്ചയിക്കുന്നതിനും അവർക്ക് സാമൂഹ്യസുരക്ഷാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ഉതകുന്ന സമഗ്രമായ ഒരു നിയമം കൊണ്ടുവരുന്നതിന് കേന്ദ്രഗവൺമെന്റ് വിസമ്മതിക്കുകയാണ്.

**2.27** കൃഷിക്ക് നൽകി വരുന്ന സർക്കാർ പിന്തുണ പിൻവലിക്കുന്നതും സ്വതന്ത്ര വ്യാപാരക്കരാറുകളും ചുങ്കം ഇളവുകളും വർദ്ധിച്ചുവരുന്നതും അടങ്ങുന്ന നവലിബറൽ തന്ത്രം, ചെറുകിട കർഷകരെ കൃഷിയിൽനിന്ന് ആട്ടിയോടിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ്. ഇന്ത്യക്കാരും വിദേശികളുമായ കോർപ്പറേറ്റുകൾ കൃഷിയിൽ കടന്നുകയറുന്നത് അതിവേഗം പുരോഗമിക്കുകയാണ്. ഭൂപരിഷ്കരണങ്ങൾ തകിടംമറിക്കപ്പെടുന്നു. ഭൂപരിഷ്കരണത്തിനായുള്ള സമരം, ഭൂപ്രഭുക്കൾക്കും ഗ്രാമീണ ധനികർക്കും കൃഷിയിലേക്ക് കോർപ്പറേറ്റുകൾ കടന്നുകയറുന്നതിനും ഭരണകൂട നയത്തിനും എതിരായി കർഷക ജനസാമാന്യത്തെയും കർഷകത്തൊഴിലാളികളെയും ഏകോപിപ്പിക്കൽ എന്നിവ നാട്ടിൻപുറങ്ങളിൽ പാർടിയുടെ മുമ്പിലുള്ള പ്രധാന കടമകളാകുന്നു.

### ഭൂമി ഏറ്റെടുക്കൽ

**2.28** 1894 ലെ കിരാതമായ ഭൂമി ഏറ്റെടുക്കൽ നിയമമനുസരിച്ച് പ്രത്യേക സാമ്പത്തിക മേഖലകൾക്കും കോർപ്പറേറ്റുകൾക്കും ഖനനത്തിനും വേണ്ടി ഭൂമി ഏറ്റെടുക്കുന്നത്, കർഷകരും കർഷകത്തൊഴിലാളികളും പ്രാദേശിക ജനവിഭാഗങ്ങളാകെയും നിർബന്ധിത കുടിയൊഴിപ്പിക്കലുകൾക്കെതിരെ നടത്തിയ ഒട്ടേറെ പോരാട്ടങ്ങൾക്ക് കാരണമായി. കഴിഞ്ഞ മൂന്നു വർഷക്കാലയളവിൽ 17 സംസ്ഥാനങ്ങളിലായി 40 ൽ ഏറെ ജില്ലകളിൽ ഭൂമി ഏറ്റെടുക്കലിനെതിരെ പ്രതിഷേധം ഉയർന്നു വന്നു. തുച്ഛമായ നഷ്ടപരിഹാരം നൽകിയും പുനരധിവാസ പ്രവർത്തനങ്ങളൊന്നും നടത്താതെയുമാണ് പതിനായിരക്കണക്കിന് ഏക്കർ ഭൂമി കർഷകരിൽ നിന്നും

അവരുടെ ആശ്രിതരിൽ നിന്നും ഏറ്റെടുത്തത്. പരമ്പരാഗതമായ ആവാസവ്യവസ്ഥയിൽ നിന്നൊഴിവാക്കപ്പെടുകയും ഭൂമി നഷ്ടപ്പെടുകയും ചെയ്തതിനാൽ ഏറെ കഷ്ടപ്പെട്ടത് ആദിവാസി ജനവിഭാഗങ്ങളാണ്. ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളാണ് തീരദേശത്തുള്ള അവരുടെ ആവാസസ്ഥലങ്ങളിൽനിന്ന് കുടിയിറക്കപ്പെട്ടത്; അത് അവരുടെ ഉപജീവനമാർഗങ്ങൾ നഷ്ടപ്പെടുന്നതിനിടയാക്കി. ഉത്തർപ്രദേശിൽ യമുന അതിവേഗ പാത പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുത്തത് ഹൈവേക്കുവേണ്ടി മാത്രമായിരുന്നില്ല; അതിന്റെ പ്രമോട്ടർക്ക് ടൗൺ ഷിപ്പുകൾ നിർമ്മിക്കുന്നതിന് വേണ്ടി കൂടിയായിരുന്നു. പശ്ചിമ യു.പിയിലെ അലിഗഢ്, മഥുര, ഗ്രേറ്റർ നോയിഡ എന്നിവിടങ്ങളിൽ ഭൂമി ഏറ്റെടുക്കലിനെതിരെ നടന്ന വിവിധ പ്രക്ഷോഭങ്ങളിൽ 14 പേർ കൊല്ലപ്പെട്ടു. ഹരിയാന, ഒഡീഷ, ആന്ധ്രാപ്രദേശ്, മധ്യപ്രദേശ്, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനെതിരെ സമരങ്ങൾ നടന്നു. മഹാരാഷ്ട്രയിൽ റയ്ഗഢ് ജില്ലയിൽ റിലയൻസ് കമ്പനിയുടെ മഹാമുംബൈ പ്രത്യേക സാമ്പത്തിക മേഖലയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ജനങ്ങൾ നടത്തിയ ദൃഢ നിശ്ചയത്തോടെയുള്ള സമരത്തിന്റെ ഫലമായി ആ പദ്ധതി തന്നെ റദ്ദാക്കേണ്ടതായി വന്നു. പാർടിയും കർഷക-കർഷകത്തൊഴിലാളി സംഘടനകളും ഭൂമിയിലുള്ള കർഷകരുടെ അവകാശ സംരക്ഷണത്തിനും ബലം പ്രയോഗിച്ചുള്ള ഒഴിപ്പിക്കലിനുമെതിരായ സമരത്തിന്റെ നേതൃത്വം ഏറ്റെടുക്കണം.

**2.29** ഗവൺമെന്റ് മുന്നോട്ടുവെച്ചിട്ടുള്ള ഭൂമി ഏറ്റെടുക്കൽ പുനരധിവാസ, വീണ്ടും കുടിയിരുത്തൽ ബിൽ 2011 നഷ്ടപരിഹാര-പുനരധിവാസ മാനദണ്ഡങ്ങളുടെ കാര്യത്തിൽ കർഷകരെ വേണ്ടത്ര സംരക്ഷിക്കുന്നില്ല എന്നു മാത്രമല്ല അതിലെ വ്യവസ്ഥകൾ സ്വകാര്യഭൂമി ഏറ്റെടുക്കലിന് ബാധകമാക്കുന്നുമില്ല. ധാതു ഖനനം, റെയിൽവെ, സെസ് മുതലായ നിയമങ്ങൾ പ്രകാരം വൻതോതിൽ ഭൂമി ഏറ്റെടുക്കുന്നതിനെ ഇതിൽനിന്ന് ഒഴിവാക്കുന്നത് നിയമത്തെ പരിഹാസപാത്രമാക്കുന്നു. ധാതുസമ്പന്നമായ ഗോത്രവർഗ പ്രദേശങ്ങൾ, ആദിവാസികളുടെ ഭൂമിക്കുള്ള അവകാശങ്ങളെ പ്രതികൂലമായി ബാധിച്ചുകൊണ്ട്, കോർപ്പറേറ്റുകൾക്ക് തുറന്നു കൊടുക്കപ്പെടും.

**2.30** ഭൂവുടമകളുടെയും വിശിഷ്യ ചെറുകിട ഭൂവുടമസ്ഥരുടേയും ഭൂമിയിൽ അവരുടെ ആശ്രിതരായി കഴിയുന്ന പങ്ക് പാട്ടക്കാർ, കർഷകത്തൊഴിലാളികൾ എന്നിവരുടെയും താൽപര്യം സംരക്ഷിക്കുന്ന ഭൂമി ഏറ്റെടുക്കൽ പുനരധിവാസനിയമത്തിന് വേണ്ടിയും ബലം പ്രയോഗിച്ചുള്ളതോ ചൂഷണാധിഷ്ഠിതമോ ആയ ഭൂമി തട്ടിയെടുക്കലിനെതിരായും സി.പി.ഐ (എം) പോരാടണം.

## ഉദാരവൽക്കരണത്തിന്റെ രണ്ടു ദശകങ്ങൾ

**2.31** ഇന്ത്യയിൽ നവലിബറൽ സാമ്പത്തിക നയങ്ങൾ നടപ്പിലാക്കാൻ തുടങ്ങിയിട്ട് 2011 ൽ രണ്ടു ദശകങ്ങൾ തികയുകയാണ്. ഈ രണ്ടു ദശകങ്ങളിൽ കേന്ദ്രഗവൺമെന്റ് ഉദാരവൽക്കരണ-സ്വകാര്യവൽക്കരണനയങ്ങൾ നടപ്പിലാക്കുന്നതോടൊപ്പം തന്നെ ആഗോള സമ്പദ്‌വ്യവസ്ഥയുമായി ഇന്ത്യൻ സമ്പദ്ഘടനയെ കൂടുതൽ ഉദ്ഗ്രഥിപ്പിക്കുകയും ചെയ്തു. ഇന്ത്യയിലെ വൻകിട ബൂർഷ്വാസിയാൽ നയിക്കപ്പെടുന്ന ഭരണവർഗങ്ങളുടെ പൂർണ്ണ പിന്തുണയോടെ, കക്ഷി വ്യത്യാസമില്ലാതെ ഭരണത്തിൽ വന്നവരെല്ലാം നവലിബറൽ നയങ്ങൾ നടപ്പിലാക്കി. വൻബിസിനസുകാരും നഗരങ്ങളിലെ സമ്പന്നരും അതിവേഗത്തിലുള്ള വരുമാനവർദ്ധനവിന്റെയും ഉയർന്ന ക്രയശേഷിയുടെയും നേട്ടങ്ങൾ അനുഭവിക്കുമ്പോൾ തൊഴിലാളി വർഗവും നഗരങ്ങളിലെ താഴ്ന്ന ഇടത്തരം വർഗങ്ങളും നാട്ടിൻപുറങ്ങളിലെ സമ്പന്ന-ഭൂപ്രഭു വിഭാഗങ്ങൾ ഒഴികെയുള്ള കാർഷിക വർഗങ്ങളാകെയും ജീവിക്കാൻ തന്നെ വല്ലാതെ കഷ്ടപ്പെടുകയാണ്. വരുമാന-സ്വത്ത് വിതരണത്തിൽ അസമത്വങ്ങൾ കണ്ടമാനം വർദ്ധിക്കുന്നതിനും പ്രാദേശികവും സാമൂഹ്യവുമായ അന്തരങ്ങൾ വർദ്ധിക്കുന്നതിനും ഈ കാലയളവ് സാക്ഷ്യം വഹിക്കുന്നു. ഒരു ഭാഗത്ത് ഉയർന്ന വർഗക്കാർക്ക് ഐശ്വര്യമുണ്ടാക്കുമ്പോൾ മറുവശത്ത് ഭൂരിപക്ഷം വരുന്ന അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്ക് കടുത്ത ചൂഷണവും ദാരിദ്ര്യവുമാണ് ഇന്ത്യയിലെ നവലിബറൽ വാഴ്ചയുടെ മുഖമുദ്ര.

## വൻകിട ബിസിനസുകാർ

**2.32** നവലിബറൽ പരിഷ്കാരങ്ങളുടെ മുഖ്യ ഗുണഭോക്താക്കൾ വൻകിട ബൂർഷ്വാസിയാണ്. കഴിഞ്ഞ രണ്ടു ദശകങ്ങൾക്കിടയിൽ ഇന്ത്യയിലെ വൻകിട ബിസിനസ് കുടുംബങ്ങളുടെ സ്വത്തും ആസ്തികളും വാണംപോലെ കുതിച്ചുയരുകയുണ്ടായി. ഫോർബ്സ് പട്ടിക പ്രകാരം, ഡോളർ അടിസ്ഥാനത്തിലുള്ള ശതകോടീശ്വരന്മാരുടെ എണ്ണം (മൊത്തം നൂറുകോടി ഡോളറിൽ കൂടുതൽ അല്ലെങ്കിൽ ഏതാണ്ട് 5000 കോടിയിലേറെ രൂപയുടെ സ്വത്തുള്ളവർ)2003ൽ 13 ആയിരുന്നത് 2011 മാർച്ചിൽ 55 ആയി വളർന്നിരിക്കുകയാണ്.

**2.33** കഴിഞ്ഞ ദശകങ്ങളിൽ ഇന്ത്യയിലെ വൻകിട ബിസിനസുകാർ ആഗോളബിസിനസുകാരായി ഉയർന്നുവന്നിരിക്കുന്നു. ഇന്ത്യയിൽനിന്ന് പുറത്തേക്കുപോയ വിദേശ പ്രത്യക്ഷനിക്ഷേപം

2000 ൽ 200 കോടി ഡോളറായിരുന്നത് 2010 ൽ 7900 കോടി ഡോളറായി ഉയർന്നു. 2010–11 ൽ വിദേശപ്രത്യക്ഷ നിക്ഷേപത്തിന്റെ വാർഷിക പുറത്തേക്കൊഴുക്ക് 4300 കോടി ഡോളറായി ഉയർന്നു. ഇന്ത്യൻ കോർപ്പറേറ്റുകളുടെ പല വിദേശ നിക്ഷേപങ്ങളും വികസിത രാജ്യങ്ങളിലെ വൻകോർപ്പറേഷനുകളുടെ ഏറ്റെടുക്കലായാണ് നടക്കുന്നത്– ടാറ്റാ സ്റ്റീൽ 1200 കോടി ഡോളറിന് കോറസിനെയും ടാറ്റാ മോട്ടോഴ്സ് 200 കോടി ഡോളറിന് ജാഗ്വർ ആന്റ് ലാന്റ് ഗോവറിനെയും ഏറ്റെടുത്തത് പോലെ. ആഫ്രിക്കൻ, ലാറ്റിൻ അമേരിക്കൻ, കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ നാണ്യവിള കൃഷിക്കായി ഇന്ത്യൻ അഗ്രി ബിസിനസ് സ്ഥാപനങ്ങൾ വൻഭൂപ്രദേശങ്ങൾ ഏറ്റെടുക്കുകയാണ്. ഒരു മതിപ്പ് കണക്ക് പ്രകാരം 80–ലേറെ വരുന്ന ഇന്ത്യൻ കമ്പനികൾ ആഫ്രിക്കൻ രാജ്യങ്ങളിൽ വലിയ തോട്ടങ്ങൾ വാങ്ങുന്നതിനോ പാട്ടത്തിനെടുക്കുന്നതിനോ വേണ്ടി 12,000 കോടി രൂപ (240 കോടി ഡോളർ) നിക്ഷേപിച്ചിട്ടുണ്ട്. ഇന്ത്യൻ വിപണിക്കുവേണ്ടി ഭക്ഷ്യധാന്യങ്ങളും നാണ്യവിളകളും കൃഷി ചെയ്യുന്നതിനാണിത്.

**തൊഴിലാളികളെ ചൂഷണം ചെയ്യൽ**

**2.34** സംഘടിത മേഖലയിലെ മൊത്തം തൊഴിൽ അവസരങ്ങൾ 1998 ൽ 2.82 കോടി ആയിരുന്നത് 2008 ആയപ്പോൾ 2.75 കോടിയായി കുറഞ്ഞു. നിർമ്മാണ സംരംഭങ്ങളുടെ സംഘടിതമേഖലയിൽ (വ്യവസായങ്ങളുടെ വാർഷിക സർവെ പ്രകാരം) കൂട്ടിച്ചേർക്കപ്പെട്ട അറ്റ മൂല്യത്തിൽ വേതനത്തിന്റെ പങ്ക് 1980 കളിൽ 30 ശതമാനമായിരുന്നത് തൊണ്ണൂറുകളിൽ 20 ശതമാനമായും 2008–09 ൽ ചരിത്രത്തിൽ തന്നെ ഏറ്റവും കുറഞ്ഞ 10 ശതമാനമായും ഇടിഞ്ഞു. മറുവശത്താവട്ടെ എൺപതുകളിൽ കൂട്ടിച്ചേർക്കപ്പെട്ട അറ്റമൂല്യത്തിൽ കൂലിയുടേതിനേക്കാൾ കുറവായിരുന്നു, ലാഭത്തിന്റെ പങ്ക് – ഏതാണ്ട് 20 ശതമാനം. 1990 കളിൽ ഉദാരവൽക്കരണത്തെ തുടർന്ന്, വേതനത്തിന്റെ പങ്കിനേക്കാൾ ലാഭത്തിന്റെ പങ്ക് വർദ്ധിച്ചു. 1990 കളിൽ ഏതാണ്ട് 30 ശതമാനമായി. 2001 മുതൽ അത് വർദ്ധിക്കാനാരംഭിക്കുകയും ലാഭത്തിന്റെ പങ്ക് 2008 ആയപ്പോൾ 60 ശതമാനത്തിലെത്തിച്ചേരുകയുമുണ്ടായി. ഫാക്ടറി മേഖലയിലെ മൊത്തം തൊഴിൽ ശക്തിയിൽ കരാർ തൊഴിലാളികളുടെ പങ്ക് 1999–2000 ൽ 20 ശതമാനമായിരുന്നത് 2008–09 ൽ 32 ശതമാനമായി വർദ്ധിച്ചു. ഈ കരാർ തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയില്ലെന്ന് മാത്രമല്ല സാമൂഹ്യസുരക്ഷാ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല.

**2.35** അങ്ങനെ ഉയർന്ന ജി.ഡി.പി വളർച്ച ആവശ്യമായത്ര തൊഴിലുകൾ സൃഷ്ടിക്കുന്നതിൽ പരാജയപ്പെടുന്നുവെന്നു മാത്രമല്ല സൃഷ്ടിക്കപ്പെടുന്ന ജോലികളുടെ സ്വഭാവം വളരെയേറെ ചൂഷണാധിഷ്ഠിതവുമാണ്. ഇതിന്റെ ഫലമായി ലാഭനിരക്ക് ഉയരുകയും സ്ഥിരം തൊഴിലാളികൾ കരാർ തൊഴിലാളികളാൽ പകരം വെക്കപ്പെടുകയും അതിന്റെ ഫലമായി തൊഴിലുടമകളുമായി തൊഴിലാളികളുടെ വിലപേശൽ ശേഷി കുറയുകയും ചെയ്യുന്നു. 2009–10 ലെ ദേശീയ സാംപിൾ സർവെ കണക്കുകൾ വെളിപ്പെടുത്തുന്നത്, ദേശീയ തലത്തിൽ മൊത്തം തൊഴിലാളികളെ എടുത്താൽ ഏതാണ്ട് 51 ശതമാനം പേർ സ്വയം തൊഴിലെടുക്കുന്നവരും 33.5 ശതമാനം പേർ താൽക്കാലിക തൊഴിലാളികളും 15.6 ശതമാനം പേർ സ്ഥിരം ശമ്പളക്കാരായ തൊഴിലാളികളുമാണെന്നാണ്. താൽക്കാലിക തൊഴിൽ നിർണ്ണായകമായ വളർച്ച നേടിയിരിക്കുന്നു – വിശിഷ്യാ സ്ത്രീ തൊഴിലാളികളിൽ.

**2.36** അസംഘടിത മേഖലാ സംരംഭങ്ങൾക്കായുള്ള ദേശീയ കമ്മീഷൻ റിപ്പോർട്ട് ചെയ്തിരിക്കുന്നത് 2004–05 ൽ ഇന്ത്യയിൽ മൊത്തം 45.6 കോടി തൊഴിലാളികൾ ഉണ്ടെന്നും അതിൽ 39.3 കോടി പേരും അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരാണെന്നുമാണ്. അങ്ങനെ നോക്കിയാൽ, 2004–05 ൽ മൊത്തം തൊഴിലാളികളുടെ 86 ശതമാനവും അസംഘടിതമേഖലയിൽ നിന്നാണെന്ന് കാണാം. തൊഴിലാളികളിലെ ഈ വിഭാഗമാണ് കടുത്ത ചൂഷണത്തിനിരയാവുന്നത്. ഇതുമൂലമാണ് ഇന്ത്യൻ ജനസംഖ്യയുടെ 77 ശതമാനം പേർ പ്രതിദിനം 20 രൂപയിൽ താഴെ മാത്രം ചെലവഴിച്ച് ജീവിക്കാൻ ഇടവരുത്തുന്നത്. കൈവേലക്കാരും നെയ്ത്തുകാരും വല്ലാത്ത ദുരിതത്തിലാണ്. അവർക്ക് തനത് ഉപജീവനമാർഗങ്ങൾ നിരന്തരം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. സംസ്ഥാനാന്തര കുടിയേറ്റവും കുടിയേറ്റത്തൊഴിലാളികളെ ചൂഷണം ചെയ്യുന്നതും വർദ്ധിച്ചിരിക്കുന്നു.

**2.37** നല്ല വരുമാനമുണ്ടാക്കാനാവുന്ന തൊഴിൽ അവസരങ്ങൾ ഉൽപാദിപ്പിക്കാൻ നവലിബറൽ വാഴ്ചയ്ക്ക് കഴിയാത്തതിനാൽ ജനങ്ങൾ അസംഘടിത മേഖലയിലേക്കും നിർബന്ധിത സ്വയം തൊഴിലിലേക്കും തള്ളി നീക്കപ്പെടുകയും അരക്ഷിതത്വത്തിന്റേയും പട്ടിണിയുടേയും സാഹചര്യത്തിൽ ജീവിക്കാൻ നിർബന്ധിതരാക്കപ്പെടുകയുമാണ്. അത്തരം തൊഴിലാളികൾക്ക് സ്വയം തൊഴിൽ എന്നാൽ, നാമമാത്രവും കുറഞ്ഞ ഉൽപാദനക്ഷമതയുള്ളതുമായ ജോലികളിൽ അസ്ഥിരവും തുച്ഛവുമായ വരുമാനമുള്ളവരായി കഴിഞ്ഞുകൂടാൻ അവർ നിർബന്ധിതരായി തീരുന്നുവെന്നാണ്. സാമ്പത്തിക മന്ദതയുടേയും നട്ടെല്ലൊടിക്കുന്ന ഭക്ഷ്യസാധനവിലക്കയറ്റത്തിന്റേയും ആഘാതമേൽക്കേണ്ടി വരുന്നത് ഈ വിഭാഗം ജനങ്ങളാണ്.

**വൻതോതിലുള്ള അഴിമതി: യു.പി.എ ഭരണത്തിന്റെ മുഖമുദ്ര**

**2.38** ഉന്നതതല അഴിമതിയുടെ പര്യായമായി യുപിഎ ഗവൺമെന്റ് മാറിയിരിക്കുന്നു. 2 ജി സ്പെക്ട്രം അഴിമതി ചുരുളഴിഞ്ഞതോടെ ഡിഎംകെയിൽ നിന്നുള്ള ഒരു മുൻ ടെലകോം മന്ത്രി, ഒരു എംപി, ചില ഉദ്യോഗസ്ഥ പ്രമുഖർ, കോർപ്പറേറ്റ് എക്സിക്യൂട്ടീവുകൾ എന്നിവരൊക്കെ അറസ്റ്റുചെയ്യപ്പെടുകയും പ്രോസിക്യൂഷന് വിധേയമാക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിയുണ്ടായി. സിഎജിയുടെ മതിപ്പ് കണക്കനുസരിച്ച് 2 ജി ലൈസൻസുകളും സ്പെക്ട്രവും 2008ൽ ടെലകോം കമ്പനികൾക്ക് തുച്ഛമായ വിലയ്ക്ക് നൽകിയതുമൂലം 57,000 കോടി രൂപ മുതൽ 1. 76 ലക്ഷം കോടി രൂപ വരെ ഖജനാവിന് നഷ്ടമുണ്ടായി.സ്വാതന്ത്ര്യാനന്തരം നടന്ന ഏറ്റവും വലിയ ഈ അഴിമതി മൂടിവെയ്ക്കുന്നതിന് നടത്തിയ എല്ലാ ശ്രമങ്ങളും സുപ്രീംകോടതിയുടെ ഇടപെടലുകളും സിബിഐ അന്വേഷണത്തിനുമേൽ അത് നടത്തിയ മേൽനോട്ടവുംമൂലം, പരാജയപ്പെടുകയുണ്ടായി. മുൻ ധനമന്ത്രിയും പ്രധാനമന്ത്രിയും വഹിച്ച പങ്കും ചോദ്യം ചെയ്യപ്പെടുകയാണ്. നവലിബറൽ നയ വാഴ്ചയുടെ ഭാഗമായുള്ള, വൻ ബിസിനസുകാരും ഭരണ രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥ മേധാവികളും തമ്മിലുള്ള അവിശുദ്ധ സഖ്യം 2–ജി സ്പെക്ട്രം കേസ് നാടകീയമായി വെളിപ്പെടുത്തി. അഴിമതിയുടെ പ്രഭവകേന്ദ്രമായി പ്രവർത്തിച്ചത് ഈ അവിശുദ്ധ കൂട്ടുകെട്ടാണ്. ഈ അവിശുദ്ധ സഖ്യവുമായി കോർപ്പറേറ്റ് മാധ്യമങ്ങൾക്കുള്ള ബന്ധം തുടർന്ന് റാഡിയ ടേപ്പുകളിലൂടെ തുറന്നുകാട്ടപ്പെട്ടു.

**2.39** ഒരു കോൺഗ്രസ് എംപിയും അദ്ദേഹത്തിന്റെ സിൽബന്തികളും കോമൺവെൽത്ത് ഗെയിംസ് അഴിമതിക്കേസിൽ അറസ്റ്റിലായി. കൈക്കൂലി വാങ്ങിക്കൊണ്ട്, തങ്ങൾക്ക് വേണ്ടപ്പെട്ട കമ്പനികൾക്ക് അമിത വിലയ്ക്ക് കരാറുകൾ ഉറപ്പിച്ചുകൊടുക്കലാണ് നടന്നത്. കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകൾക്ക് കീഴിലുള്ള വിവിധ ഏജൻസികൾ ഡൽഹിയിൽ നടന്ന കോമൺവെൽത്ത് ഗെയിംസുമായി ബന്ധപ്പെട്ട പ്രോജക്ടുകളിൽ നടത്തിയ അഴിമതി സിഎജി റിപ്പോർട്ടിൽ തുറന്നുകാണിച്ചിട്ടുണ്ട്. വാതകം ഖനനം ചെയ്യുന്നതിന് വരുന്ന മൂലധനച്ചെലവ്, റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് പെട്രോളിയം മന്ത്രാലയവുമായി ചേർന്ന് വൻതോതിൽ പെരുപ്പിച്ച് കാണിച്ച് സർക്കാർ ഖജനാവിന് നഷ്ടമുണ്ടാക്കിയതുമായി ബന്ധപ്പെട്ടതാണ് കെ ജി ബേസിൻ വാതക അഴിമതി. ആയിരക്കണക്കിന് കോടി രൂപയുടെ അനധികൃത ഖനനം, അഴിമതിയിൽ മുങ്ങിയ അവിശുദ്ധ സഖ്യവുമായി ബന്ധപ്പെട്ട് സ്ഥിരമായി തുടരുകയാണ്. ഐപിഎൽ, ആദർശ് ഹൗസിങ്, ഐഎസ്ആർഒയുടെ ആൻട്രിക്സ് കോർപ്പറേഷനും ദേവാസ് മൾട്ടിമീഡിയയും എസ്ബാന്റ് സ്പെക്ട്രവുമായി ബന്ധപ്പെട്ടുണ്ടാക്കിയ കരാർ തുടങ്ങിയ അഴിമതികളും നടന്നിട്ടുണ്ട്. ഈ കേസുകളെല്ലാം വെളിവാക്കുന്നത് ഗവൺമെന്റിന്റെ ഉന്നതതലങ്ങളിൽ തീരുമാനമെടുക്കൽ പ്രക്രിയയിൽ സിൽബന്തികൾക്കായി നടത്തുന്ന തിരിമറികളാണ്. ഗവൺമെന്റിലെ കോൺഗ്രസ് നേതൃത്വത്തിന്റെയും സഖ്യകക്ഷികളുടെയും പങ്ക് ഈ അഴിമതി കേസുകളുമായുള്ള തങ്ങളുടെ ബന്ധം മൂടിവെയ്ക്കാൻ ശ്രമിക്കലാണ്. അഴിമതിയുടെ ഈ അവിശുദ്ധ സഖ്യത്തെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തുംചെയ്യാൻ ഗവൺമെന്റ് തയ്യാറാവുന്നതായാണ് കാണപ്പെട്ടത്.

**2.40** ഗ്ലോബൽ ഫിനാൻഷ്യൽ ഇന്റഗ്രിറ്റി നടത്തിയ പഠനത്തിൽ കണക്കാക്കിയിരിക്കുന്നത്, 2008 വരെ ഇന്ത്യയിൽനിന്ന് പുറത്തേക്കൊഴുകിയ അവിശുദ്ധ മൂലധനം ഏറ്റവും കുറഞ്ഞത് 46200 കോടി ഡോളർ (23 ലക്ഷം കോടിയിലേറെ രൂപ) എങ്കിലും വരുമെന്നാണ്. കൈക്കൂലി, അഴിമതി, ക്രിമിനൽ പ്രവർത്തനങ്ങൾ, നികുതിവെട്ടിപ്പ് എന്നിവയുടെ ഉൽപന്നമാണ് ഈ അവിഹിത പണമൊഴുക്ക് മുഴുവൻ. ഗ്ലോബൽ ഫിനാൻഷ്യൽ ഇന്റഗ്രിറ്റിയുടെ പഠനം ചൂണ്ടിക്കാണിച്ചത് 1991 മുതൽ 2008 വരെയുള്ള പരിഷ്കരണാനന്തരകാലത്ത് നടന്ന, നിയമങ്ങളിലെ ഇളവുവരുത്തലും ഉദാരവൽക്കരണവുമാണ് ഇന്ത്യൻ സമ്പദ്വ്യവസ്ഥയിൽനിന്ന് കള്ളപ്പണം പുറത്തേക്കൊഴുകുന്നതിനെ ത്വരിതപ്പെടുത്തിയത് എന്നാണ്.

**2.41** സ്വിസ്ബാങ്കുകളിലും നികുതിയിളവുള്ള മറ്റു രാജ്യങ്ങളിലും നിക്ഷേപിച്ചിട്ടുള്ള കള്ളപ്പണവും മറ്റും കണ്ടെടുക്കുന്നതിൽനിന്ന് ഒഴിഞ്ഞുമാറിക്കൊണ്ടിരിക്കുകയാണ് ഗവൺമെന്റ്. സ്വകാര്യ അക്കൗണ്ട് സൂക്ഷിക്കുന്നവരുടെ പേരുകൾ ഗവൺമെന്റിന്റെ കയ്യിലുണ്ടെങ്കിലും അത് പരസ്യപ്പെടുത്തുന്നതിനുപോലും അവർ വിസമ്മതിക്കുകയാണ്. വിദേശത്ത് അനധികൃതമായി നിക്ഷേപിച്ചിരിക്കുന്ന ഈ പണം പിടിച്ചെടുത്ത് വികസനച്ചെലവുകൾക്കായി വിനിയോഗിക്കണമെന്ന് സിപിഐ (എം) ആവശ്യപ്പെടുന്നു. കള്ളപ്പണം വെളുപ്പിച്ച് നികുതിരഹിത ലാഭമാക്കി ഇന്ത്യയിലേക്ക് കടത്തുന്നതിനുള്ള ഏറ്റവും വലിയ മാർഗമാണ് മൗറീഷ്യസ് റൂട്ട്. ഇന്ത്യയിലേക്ക് വരുന്ന വിദേശ പ്രത്യക്ഷനിക്ഷേപത്തിന്റെ 41 ശതമാനവും വരുന്നത് മൗറീഷ്യസ് വഴിയാണ്. മൗറീഷ്യസുമായി ഉണ്ടാക്കിയിട്ടുള്ള രണ്ടുവട്ടം നികുതി പിരിക്കുന്നത് ഒഴിവാക്കുന്ന കരാർ (ഡിടിഎഎ) വ്യാപകമായി ദുരുപയോഗിക്കപ്പെടുന്നുണ്ട്. അതിനാൽ അത് റദ്ദാക്കേണ്ടതാണ്.

**2.42** കോൺഗ്രസിന്റെ അതേ സാമ്പത്തിക പ്രത്യയശാസ്ത്രം തന്നെ പങ്കുവയ്ക്കുന്ന ബിജെപിക്ക് അഴിമതി തടയുന്നതിനും ഇല്ലാതാക്കുന്നതിനുമുള്ള ഒരു ബദൽ പരിപാടി മുന്നോട്ടുവെയ്ക്കാനാവില്ല. ബിജെപിക്കാരായ കർണാടക മുൻ മുഖ്യമന്ത്രി, നിരവധി മന്ത്രിമാർ, എം.എൽ.എമാർ

എന്നിവരെ സംസ്ഥാന ലോകായുക്ത ഭൂമി കുംഭകോണത്തിൽ കുറ്റാരോപിതരാക്കിയിരിക്കുകയാണ്. നിയമവിരുദ്ധ ഖനന പ്രവർത്തനത്തിൽ ഏർപ്പെട്ട റെഡ്ഡി സഹോദരന്മാർ ബിജെപി ഗവൺമെന്റിൽ മന്ത്രിമാരായിരിക്കുന്നു. അവരിലൊരാൾ ജയിലിലടയ്ക്കപ്പെട്ടിരിക്കുകയാണ്. ദുരൂഹമായ ആയുധ ഇടപാടുകൾ, യുടിഐ കുംഭകോണം, പൊതു ആസ്തികൾ തുച്ഛവിലയ്ക്ക് വിറ്റഴിക്കൽ എന്നിവയിലൂടെ ബിജെപി നയിച്ചിരുന്ന എൻഡിഎ ഗവൺമെന്റിന്റെ ചരിത്രവും മോശപ്പെട്ടതായിരുന്നു. അഴിമതിക്കെതിരായി ബിജെപി നടത്തിവരുന്ന പ്രചാരണ പ്രവർത്തനത്തിന് യാതൊരു വിശ്വാസ്യതയുമില്ല.

### അഴിമതിവിരുദ്ധ നടപടികൾ

**2.43** വൻതോതിലുള്ള അഴിമതിയും വൻ കുംഭകോണങ്ങൾ തുറന്നുകാട്ടപ്പെട്ടതും ജനരോഷമുയരുന്നതിനിടയാക്കി. ഫലപ്രദമായ ഒരു ലോക്പാൽ ബില്ലിനുവേണ്ടി അണ്ണാ ഹസാരെ നേതൃത്വം കൊടുക്കുന്ന പ്രസ്ഥാനം ഉയർത്തിയ ആവശ്യത്തിന്, ഇടത്തരക്കാരിൽനിന്ന് വിശേഷിച്ചും, വ്യാപകമായ അംഗീകാരം ലഭിച്ചു. ഫലപ്രദമായ ഒരു നിയമം കൊണ്ടുവരാൻ താൽപര്യമില്ലാതിരുന്ന ഗവൺമെന്റ്, തുടർച്ചയായി ഉയർന്നുവന്ന ബഹുജന സമ്മർദ്ദത്തെ തുടർന്ന് ഒരു നിയമം കൊണ്ടുവരാൻ നിർബന്ധിതമായി. പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട ഔദ്യോഗികബിൽ ദുർബലവും ലോക്പാലിന്റെ അധികാരത്തിൽ വെള്ളം ചേർക്കുന്നതും ഗവൺമെന്റിനെ ആശ്രയിക്കാൻ അതിനെ നിർബന്ധിതമാക്കുന്നതുമായിരുന്നു. 2011 ലെ ശീതകാല സമ്മേളനത്തിനൊടുവിൽ രാജ്യസഭയിൽ പ്രതിപക്ഷം അവതരിപ്പിച്ച ഭേദഗതികൾ അംഗീകരിക്കുന്നതിന് ഗവൺമെന്റ് വിസമ്മതിച്ച രീതി ഫലപ്രദമായ ഒരു ലോക്പാൽ ഉണ്ടാകരുത് എന്ന സർക്കാരിന്റെ ഉദ്ദേശത്തെ തുറന്നുകാട്ടി.

**2.44** സ്വതന്ത്രമായ അടിത്തറയുള്ളതും സ്വന്തമായ അന്വേഷണ സംവിധാനമുള്ളതുമായ ശക്തമായ ഒരു ലോക്പാൽ സംവിധാനമാണ് രൂപീകരിക്കേണ്ടതെന്ന് സിപിഐ (എം) ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ, അഴിമതി ചെറുക്കേണ്ടതെങ്ങനെ എന്ന വിശാലമായ ചോദ്യത്തിനെ സംബന്ധിച്ച് പാർട്ടിക്കും ഇടതുപക്ഷത്തിനും അണ്ണാ ഹസാരെ ഗ്രൂപ്പിൽനിന്ന് വ്യത്യസ്തമായ സമീപനമാണുള്ളത്. നവലിബറൽ വാഴ്ച നനച്ചുവളർത്തിയ വൻകിട ബിസിനസ് –ഭരണ രാഷ്ട്രീയ–ഉദ്യോഗസ്ഥ മേധാവിത്വ അവിശുദ്ധ കൂട്ടുകെട്ടാണ് ഉന്നതതല അഴിമതി സർവ്വസാധാരണമാവാനിടയാക്കിയതെന്നാണ് സിപിഐ (എം) കരുതുന്നത്. കോർപ്പറേറ്റുകൾക്ക് പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കുന്നതിന് ഭരണകൂടം അവസരമൊരുക്കിക്കൊടുക്കുകയാണ്. ഭൂമി, പ്രകൃതിവാതകം, സ്പെക്ട്രം, ഖനനമേഖല തുടങ്ങിയവയുമായി ബന്ധപ്പെട്ടാണ് വൻ അഴിമതി ആരോപണങ്ങളെല്ലാമുയരുന്നത്. ലോക്പാലിനു പുറമെ, മറ്റൊട്ടേറെ നടപടികൾ കൂടി എടുക്കേണ്ടതായുണ്ട്. ജഡ്ജിമാരെ നിയമിക്കുന്നതിനും ജുഡീഷ്യറിയിലെ അഴിമതി അന്വേഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി ഒരു ദേശീയ ജുഡീഷ്യൽ കമ്മീഷൻ രൂപീകരിക്കണം. തെരഞ്ഞെടുപ്പിൽ കള്ളപ്പണത്തിന്റെ ഉപയോഗം തടയുന്നതിനായി തെരഞ്ഞെടുപ്പു പരിഷ്കാരങ്ങൾ കൊണ്ടുവരണം. എല്ലാറ്റിലുമുപരി കോർപ്പറേറ്റ് കൊള്ളയടിയെ ത്വരിതപ്പെടുത്തുന്നതും അവിഹിത കൂട്ടുകെട്ടിലൂടെ അഴിമതിയെ സംരക്ഷിക്കുന്നതും ആയ നവലിബറൽ നയങ്ങൾ പിൻവലിപ്പിക്കുന്നതിനായി ദൃഢനിശ്ചയത്തോടെ പൊരുതണം. അഴിമതിക്കെതിരായും നീതിന്യായ–തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾക്ക് വേണ്ടിയുമുള്ള വിശാലാധിഷ്ഠിതമായ ഐക്യ പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കാൻ സി.പി.ഐ (എം) യത്നിക്കും.

### വർഗീയത

**2.45** 2009ലെ ലോകസഭാ തെരഞ്ഞെടുപ്പിനെ തുടർന്ന് ബിജെപിക്കുണ്ടായ പരാജയത്തിൽനിന്ന് കരകയറുന്നതിനായി ഹിന്ദുത്വശക്തികൾ വർഗീയ അജണ്ടയുമായി മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയതലത്തിൽ 'ഇസ്ലാമിക ഭീകരവാദ'ത്തിനെതിരായി നിരന്തരമായി പ്രചാരണം നടത്തപ്പെടുന്നു; ഈ കുറ്റത്തിന് മുസ്ലീം സമൂഹത്തിനെ ലക്ഷ്യംവയ്ക്കുകയും ചെയ്യുന്നുണ്ട്. അടിത്തട്ടിൽ വർഗീയശക്തികളുടെ കച്ചവടതന്ത്രം വർഗീയ സംഘർഷങ്ങളുണ്ടാക്കലും അക്രമ സംഭവങ്ങൾക്ക് തീപിടിപ്പിക്കലും ആണെന്നതിന് തെളിവുണ്ട്. 19–ാം പാർടി കോൺഗ്രസിനുശേഷം ഹൈദരാബാദ്, ബറേലി, അഹമ്മദാബാദ്, നന്ദേദ്, ഗോപാൽഗഢ്, മൊറാദാബാദ്, രുദ്രപൂർ എന്നിവിടങ്ങളിൽ വർഗീയ അതിക്രമങ്ങൾ നടന്നു. ആഭ്യന്തര മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം 2009ൽ 791 വർഗീയ സംഭവങ്ങളുണ്ടായി. അതിൽ 119 പേർ മരണമടയുകയും 2342 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. 2010ൽ 111 പേർ മരിക്കുകയും 1971 പേർക്ക് പരിക്കേൽക്കുകയും ചെയ്ത 658 സംഭവങ്ങളുണ്ടായി. ഇത്തരം സ്ഥിതിവിശേഷത്തിൽനിന്നാണ് വർഗീയ രാഷ്ട്രീയം ഊർജ്ജം നേടുന്നത്. ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളായ കർണാടക, മധ്യപ്രദേശ്, ഗുജറാത്ത് എന്നിവിടങ്ങളിൽ ക്രിസ്ത്യാനികളും മുസ്ലീങ്ങളുമായ ന്യൂനപക്ഷങ്ങൾ ആക്രമണത്തിനിരയാവുന്നു. ബിജെപിക്ക് ഗവൺമെന്റ് രൂപീ

കരിക്കാൻ കഴിയാതെപോയ രാജസ്ഥാനിൽ വർഗീയ സംഘർഷങ്ങളുടേതായ ഒരു ശൃം ഖലതന്നെയുണ്ടായി.

### ഭീകരവാദ ഭീഷണി

**2.46** ഭീകരവാദത്തെ വർഗീയാടിസ്ഥാനത്തിൽ ഉയർത്തിക്കാണിക്കുന്നതിനുള്ള ആർഎസ്എസ്–ബി ജെപി കൂട്ടുകെട്ടിന്റെ ശ്രമങ്ങൾക്ക്, ഭീകരവാദികളുടെ ആക്രമണങ്ങളിൽ ഹിന്ദുത്വ തീവ്രവാദി ഗ്രൂപ്പുകളുടെ പങ്ക് പുറത്തുവന്നത് കനത്ത തിരിച്ചടിയേൽപ്പിച്ചു. മാലേഗാവ് സ്ഫോടനം, അജ്മീർ ഷെരീഫ്–മെക്ക മസ്ജിദ്–സംഝോത എക്സ്പ്രസ് സ്ഫോടനങ്ങളിൽ ചില ഹിന്ദു ത്വ തീവ്രവാദി സംഘങ്ങളെ കണ്ടെത്തുകയുണ്ടായി. ഈ ഹീനകൃത്യങ്ങളിൽ പ്രജ്ഞാ താ ക്കൂർ അസീമാനന്ദ്, അവരുടെ സഹപ്രവർത്തകർ എന്നിവർ വിചാരണ നേരിട്ടുകൊണ്ടിരിക്കു കയാണ്. ഹിന്ദുമത വ്യക്തിത്വങ്ങളെ പീഡിപ്പിക്കുകയാണ് ഗവൺമെന്റ് ചെയ്യുന്നതെന്ന് ആക്ഷേപിച്ചുകൊണ്ട് ആർഎസ്എസ്, ബിജെപി ശക്തികൾ ഇവരെ രക്ഷിക്കുവാൻ ശ്രമി ച്ചെങ്കിലും ഇവരുടെ പങ്ക് സംബന്ധിച്ച വ്യക്തമായ തെളിവു വന്നതോടെ ഈ ശ്രമങ്ങൾ നിഷ് ഫലമായി. ഗുജറാത്ത് ഗവൺമെന്റിന്റെ ഇസ്രത്ത് ജഹാൻ കേസ് പോലുള്ള ഏറ്റുമുട്ടൽ കൊ ലപാതകക്കേസുകൾ, 2002ലെ വർഗീയ കൊലപാതകങ്ങളെ മൂടിവെയ്ക്കാനുള്ള ശ്രമങ്ങൾ, ക്രമസമാധാന വ്യവസ്ഥയേയും നിയമവ്യവസ്ഥയേയും അട്ടിമറിക്കൽ എന്നിവ ഹിന്ദുത്വ പ്രത്യയശാസ്ത്രം മതനിരപേക്ഷ ജനാധിപത്യ വ്യവസ്ഥകൾക്ക് എത്രമാത്രം എതിരാണെന്നതി ന്റെ വ്യക്തമായ തെളിവാണ്.

**2.47** ചില മുസ്ലീം തീവ്രവാദ ഗ്രൂപ്പുകൾ നടത്തുന്ന അക്രമങ്ങൾ തുടരുന്നതിനും കഴിഞ്ഞ നാലു വർഷം സാക്ഷ്യം വഹിക്കുകയുണ്ടായി. 2008 നവംബറിൽ മുംബൈയിൽ ഭീകരവാദ ആക്രമണം നടത്തിയത് പാകിസ്ഥാനിൽ നിന്നുള്ള ജിഹാദി ഗ്രൂപ്പായിരുന്നു. 2011 ജൂലൈയിൽ മുംബൈയിൽ തുടർച്ചയായി 3 ബോംബ് സ്ഫോടനങ്ങൾ, ഡെൽഹി ഹൈക്കോടതി ബോം ബ് സ്ഫോടനം എന്നിവ നടന്നു. ഇതിൽ നിരവധിപേർ കൊല്ലപ്പെടുകയും പലർക്കും പരി ക്കേൽക്കുകയും ചെയ്തു. മുസ്ലീം തീവ്രവാദികളും ഹിന്ദു തീവ്രവാദികളും നടത്തുന്ന ഭീ കരവാദ പ്രവർത്തനങ്ങളെ എതിർത്ത് പരാജയപ്പെടുത്തേണ്ടതുണ്ട്. തീവ്രവാദ വർഗീയ പ്രത്യയശാസ്ത്രമാണ് ഭീകര ആക്രമണങ്ങൾ വിതയ്ക്കുന്നതെന്നതിനാൽ, ജനങ്ങളെ അണിനി രത്തിക്കൊണ്ട് അവരെ ഒറ്റപ്പെടുത്തുകയും തുറന്നുകാണിക്കുകയും വേണം. വർഗീയതയ് ക്കും ഭീകരവാദത്തിനും എതിരായ ക്യാമ്പയിൻ നടത്തേണ്ടത് അവ തമ്മിലുള്ള ബന്ധത്തെ തുറന്നുകാണിച്ചുകൊണ്ടായിരിക്കണം.

### മാവോയിസ്റ്റുകളുടെ വിനാശകരമായ അക്രമങ്ങൾ

**2.48** കഴിഞ്ഞ മൂന്നുവർഷങ്ങളിൽ മാവോയിസ്റ്റുകളുടെ വിനാശകര പ്രവർത്തനങ്ങളുടെയും അത് ജനാധിപത്യ പ്രസ്ഥാനത്തിനുണ്ടാക്കുന്ന ദോഷഫലങ്ങളുടെയും വ്യാപ്തി വ്യക്തമായതാണ്. മാവോയിസ്റ്റ് അതിക്രമങ്ങൾ ഛത്തീസ്ഗഢ്, ഝാർഖണ്ഡ്, ഒഡീഷ, പശ്ചിമബംഗാളിന്റെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ വർധിച്ചു. ഈ സംസ്ഥാനങ്ങളിലെ ഗോത്രവർഗ–വനപ്രദേശങ്ങ ളിലും ബീഹാറിലും ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര എന്നിവയുടെ ചില ഭാഗങ്ങളിലുമാണ് മാ വോയിസ്റ്റുകൾ പ്രവർത്തിക്കുന്നത്. അവർ ഗോത്രവർഗ ജനവിഭാഗങ്ങളെ ഭരണകൂടത്തിനെതി രെ സായുധാക്രമണങ്ങളിലൂടെ എതിരാക്കുകയും അതുവഴി അവർക്കെതിരെ ശക്തമായ ഭരണകൂട അടിച്ചമർത്തലിന് ഇടവരുത്തുകയും ചെയ്യുന്നു. മാവോയിസ്റ്റുകൾ സുരക്ഷാ സേനക്കെതിരായി മാത്രമല്ല ആക്രമണം നടത്തുന്നത്. രാഷ്ട്രീയ പാർടികളും അവരുമായി സഹകരിക്കുവാൻ തയ്യാറല്ലാത്തവരും ഉൾപ്പെടെ വിപുലമായ വിഭാഗം ജനങ്ങളെ അവർ ആക്രമണത്തിന് ഉന്നംവെയ്ക്കുന്നു.

**2.49** ഞെട്ടിപ്പിക്കുന്ന സംഗതി കഴിഞ്ഞ മൂന്നു വർഷക്കാലത്തിനിടയിൽ പശ്ചിമബംഗാളിൽ സിപി ഐ (എം) ന്റെ 210 പ്രവർത്തകരേയും അനുഭാവികളേയും മാവോയിസ്റ്റുകൾ കൊലപ്പെടു ത്തി എന്നതാണ്. ഇത് അവരുടെ തനിനിറം തുറന്നുകാണിക്കുന്നു–വിപ്ലവ വായാടിത്തത്തിന്റെ മറവിൽ അവർ ഇടതുപക്ഷ വിരുദ്ധ ശക്തികളുടെ ഉപകരണമായി പ്രവർത്തിക്കുന്നു. രാജ്യ ത്താകെ മറ്റു രാഷ്ട്രീയ പാർടികളിൽപ്പെട്ടവരേക്കാൾ കൂടുതൽ സിപിഐ (എം)കാരായവരെ മാവോയിസ്റ്റുകൾ കൊലപ്പെടുത്തി.

**2.50** ദന്തേവാഡയിൽ ബസിൽ സ്ഫോടനം നടത്തി യാത്രക്കാരെ ക്രൂരമായി കൊല്ലുകയും ജ്ഞാ നേശ്വരി എക്സ്പ്രസ് പാളംതെറ്റിച്ചിട്ട് 149 യാത്രക്കാരെ കൊലപ്പെടുത്തുകയും ചെയ്തതിലൂ ടെ മാവോയിസ്റ്റുകൾ അംഗീകരിച്ച് നടപ്പാക്കുന്ന ഭീകരവാദ രീതികൾ തുറന്നുകാണിക്കപ്പെട്ടി രിക്കുന്നു. ഇത്തരം ബീഭത്സമായ ഭീകര പ്രവർത്തനങ്ങളാണ് മാവോയിസ്റ്റുകൾ സാധാരണ ജനങ്ങൾക്കെതിരെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

**2.51** സിപിഐ (എം) നെതിരെ ആക്രമണങ്ങൾ നടത്തുന്നതിനായി തൃണമൂൽ കോൺഗ്രസുമായി ചേർന്ന് മാവോയിസ്റ്റുകളുണ്ടാക്കിയ കരാർ നക്സലിസത്തിന്റെ ചരിത്രത്തിലെ ഹീനമായ ഒര ധ്യായമാണ്. തെരഞ്ഞെടുപ്പുകാലത്ത് ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, ഒഡീഷ എന്നിവിടങ്ങളിൽ പല ബൂർഷ്വാ പാർടികളുമായും പണം വാങ്ങി മാവോയിസ്റ്റുകൾ കരാറുറപ്പിക്കാറുണ്ട്. കരാറുകാർ, ബിസിനസുകാർ, പ്രാദേശിക ഉദ്യോഗസ്ഥർ എന്നിവരിൽനിന്ന് 'നികുതി' പിരിക്കുന്നതിനായി അവർ ഒരു പിടിച്ചുപറി ശൃംഖല തന്നെ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

**2.52** അങ്ങനെ തീവ്ര ഇടത് സാഹസികതയുടെ ഒരു അധഃപതിച്ച രൂപമായിരിക്കയാണ് മാവോയിസ്റ്റുകൾ. അവരുടെ പ്രതിലോമ പ്രത്യയശാസ്ത്രത്തെയും വിനാശകരമായ രാഷ്ട്രീയത്തെയും തുറന്നുകാട്ടിക്കൊണ്ട് അവർക്കെതിരെ പോരാടണം. പെറ്റി ബൂർഷ്വാ ബുദ്ധിജീവികളിൽ ചില വിഭാഗങ്ങൾ സ്വയം ഇടതുപക്ഷക്കാരാണെന്നവകാശപ്പെട്ടുകൊണ്ട് മാവോയിസ്റ്റുകളെ ഇപ്പോഴും പിന്തുണയ്ക്കുന്നുണ്ട്. അവരുടെ ഇരട്ട നിലപാടുകൾ പ്രത്യയശാസ്ത്രപരമായി തുറന്നുകാണിക്കുകയും പരാജയപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

**2.53** മാവോയിസ്റ്റുകളോട് പാർടി രാഷ്ട്രീയമായും പ്രത്യയശാസ്ത്രപരമായും പോരാടണം. മാവോയിസ്റ്റുകളുടെ നിരന്തരമായ അതിക്രമങ്ങൾക്കും രാഷ്ട്രീയ പ്രതിയോഗികളോട് അവർ കാണിക്കുന്ന ഫാസിസ്റ്റുകളെപ്പോലുള്ള അസഹിഷ്ണുതയ്ക്കും പശ്ചിമബംഗാളിൽ സിപിഐ (എം) കേഡർമാർക്കും അനുഭാവികൾക്കും എതിരായി നടത്തുന്ന പ്രവർത്തനങ്ങൾക്കുമെതിരെ പാർടി ജനാധിപത്യാഭിപ്രായം രൂപീകരിക്കണം.

### വടക്കു കിഴക്കൻ പ്രദേശങ്ങൾ

**2.54** വടക്കു കിഴക്കൻ മേഖലയുടെ സ്ഥിതിഗതികളുടെ പ്രത്യേകത, ഗോത്രപരവും വംശപരവുമായ സ്വത്വരാഷ്ട്രീയത്തിന്റെ പ്രാമുഖ്യവും കേന്ദ്ര ഗവൺമെന്റ് അവർക്കെതിരെ നടത്തുന്ന അവഗണനയും വിവേചനവുമാണ്. വംശീയവും ഗോത്രപരവുമായ വ്യത്യസ്തതകൾ മുതലെടുത്ത് പ്രവർത്തിക്കുന്ന തീവ്രവാദ ഗ്രൂപ്പുകൾ ജനങ്ങളുടെ അസംതൃപ്തിയേയും അന്യവൽക്കരണത്തേയും ഉപയോഗപ്പെടുത്തുകയാണ്.

**2.55** തുടർച്ചയായി 120 ദിവസം സംസ്ഥാനത്തേക്കുള്ള ഹൈവേകൾ ഉപരോധിച്ചതുമൂലമുള്ള പ്രയാസങ്ങൾ മണിപ്പൂരിലെ ജനത അനുഭവിക്കുകയാണ്. കുന്നിൻപ്രദേശങ്ങളിലെ കുക്കി വിഭാഗത്തിന്റെയും നാഗാ വിഭാഗത്തിന്റെയും പരസ്പര വിരുദ്ധമായ അവകാശവാദങ്ങളുടെ അനന്തരഫലമായിരുന്നു ഇത്. ഉപരോധം നടന്ന ഈ കാലഘട്ടത്തിലുടനീളം കേന്ദ്ര സർക്കാർ നിഷ്ക്രിയമായി നിൽക്കുകയായിരുന്നു; ഉപരോധം അവസാനിപ്പിക്കുന്നതിന് ഇടപെടാൻ തയ്യാറായില്ല. ഗോത്ര വർഗക്കാരുടെയും ഗോത്ര ഇതര വിഭാഗങ്ങളുടെയും വിവിധ ഗ്രൂപ്പുകൾ തങ്ങളുടേതായ സായുധ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. അവ അന്യായമായി പണം തട്ടിയെടുക്കുന്നു; ഭരണകൂടത്തിന്റെ അധികാരത്തെ വെല്ലുവിളിക്കുകയുമാണ്. ജനങ്ങളിൽനിന്ന് വ്യാപകമായ ആവശ്യം ഉയർന്നിട്ടും സായുധസേനാ പ്രത്യേകാധികാര നിയമം പിൻവലിക്കപ്പെട്ടിട്ടില്ല.

**2.56** കേന്ദ്ര ഫണ്ടുകൾ തട്ടിയെടുക്കുന്ന ബൂർഷ്വാ രാഷ്ട്രീയക്കാരുടെയും ഉദ്യോഗസ്ഥ മേധാവികളുടെയും കോൺട്രാക്ടർമാരുടെയും അഴിമതി നിറഞ്ഞ അവിശുദ്ധ സഖ്യം മൂലം ഈ മേഖലയുടെ സാമ്പത്തിക വികാസവും പശ്ചാത്തല സൗകര്യവികസനവും ദുരിതത്തിലായിരിക്കുകയാണ്.

**2.57** ബംഗ്ലാദേശിൽ പാർപ്പുറപ്പിച്ചിരുന്ന നിരവധി ഉന്നത ഉൾഫ നേതാക്കളെ ബംഗ്ലാദേശ് ഗവൺമെന്റ് ഇന്ത്യക്ക് കൈമാറിയതിനെ തുടർന്ന് ഉൾഫാ നേതൃത്വവും കേന്ദ്ര–സംസ്ഥാന സർക്കാരുകളും തമ്മിൽ നടത്തിയ ത്രികക്ഷി സംഭാഷണങ്ങളോടുകൂടി ആസ്സാമിൽ സമാധാനത്തിനുള്ള സാധ്യത മെച്ചപ്പെട്ടിട്ടുണ്ട്. ഉൾഫാ നേതൃത്വത്തിലെ ഭൂരിപക്ഷ വിഭാഗം സായുധ സമരം ഉപേക്ഷിക്കാനും കൂടിയാലോചനകൾ തുടരാനും തീരുമാനിച്ചിരിക്കുന്നു. പരേഷ് ബറുവയുടെ നേതൃത്വത്തിലുള്ള ഒരു ന്യൂനപക്ഷ വിഭാഗം ഇപ്പോഴും സമാധാന പ്രക്രിയയ്ക്കെതിരായ നിലപാടിൽ ഉറച്ചുനിൽക്കുന്നു. പരിഹാരമൊന്നും കണ്ടെത്താനായില്ലെങ്കിലും എൻഎസ്സിഎൻ (ഐഎം)മായുള്ള സമാധാന ചർച്ചകൾ തുടരുകയാണ്. നഗാലിം – അതായത് ഗ്രേറ്റർ നാഗാലാൻഡ് – വേണമെന്ന ആവശ്യം പ്രതിബന്ധമായി നിൽക്കുന്നു. വടക്കുകിഴക്കൻ മേഖലയിൽ ഒരു രാഷ്ട്രീയ പരിഹാരത്തിനുവേണ്ടി മറ്റെല്ലാ തീവ്രവാദി ഗ്രൂപ്പുകളുമായും ചർച്ചകൾക്ക് കേന്ദ്ര സർക്കാർ മുൻകയ്യെടുക്കണം.

**2.58** ത്രിപുരയിൽ, തുടർച്ചയായ രാഷ്ട്രീയ പ്രവർത്തനവും വികസന പ്രവർത്തനങ്ങളും ഇടതുമുന്നണി സർക്കാർ കൈക്കൊണ്ട ഉറച്ച നടപടികളുംമൂലം തീവ്രവാദികൾ ഒറ്റപ്പെടുത്തപ്പെട്ടു; അവരുടെ അക്രമ പ്രവർത്തനങ്ങൾ അടിച്ചമർത്തപ്പെട്ടു. ഗോത്രവർഗക്കാരും ഗോത്രവർഗേതരരും തമ്മിലുള്ള ഐക്യം സ്ഥാപിക്കപ്പെട്ടു. വടക്കുകിഴക്കൻ മേഖലയിലെ അവശേഷിക്കുന്ന പ്രദേശങ്ങൾക്കു പറ്റിയ ഒരു മാതൃകയാണിത്.

**ജമ്മു–കാശ്മീർ**

**2.59** തീവ്രവാദികളും ഭീകരപ്രവർത്തകരും അഴിച്ചുവിട്ടിരുന്ന അക്രമങ്ങൾ ഗണ്യമായി കുറയുന്നതിനാണ് സംസ്ഥാനം സാക്ഷ്യം വഹിക്കുന്നത്. എന്നാൽ, ഇന്ത്യൻ ഭരണകൂടത്തോട് താഴ്‌വരയിലെ ജനങ്ങൾക്കുള്ള അന്യവൽക്കരണത്തിൽ അൽപവും കുറവുണ്ടാകുന്നതിന് ഇത് ഇടയാക്കിയിട്ടില്ല. 2010ലെ ഗ്രീഷ്മകാലത്ത് നടന്ന ബഹുജന പ്രതിഷേധങ്ങൾ 120 ചെറുപ്പക്കാരുടെയും കൗമാരക്കാരുടെയും മരണത്തിലാണ് കലാശിച്ചത്. സുരക്ഷാസേനയ്ക്കുനേരെ കല്ലെറിഞ്ഞുകൊണ്ട് തങ്ങളുടെ പ്രതിഷേധം പ്രകടിപ്പിച്ച ഈ ചെറുപ്പക്കാരെ നിഷ്ഠൂരമായി വെടിവെച്ച് കൊല്ലുകയാണുണ്ടായത്. വൻതോതിൽ സൈന്യം താവളമടിച്ചിരിക്കുന്നതും മർദ്ദനപരമായ സുരക്ഷാ സംവിധാനവും ജനങ്ങളിൽ രോഷവും വെറുപ്പും ശാശ്വതമായി നിലനിൽക്കുന്നതിന് കാരണമാണ്. ബഹുജന പ്രതിഷേധങ്ങളെ തുടർന്ന് കേന്ദ്ര സർക്കാർ നൽകിയ ഉറപ്പുകൾ ഒന്നും തന്നെ പാലിക്കപ്പെട്ടിട്ടില്ല.

**2.60** സംസ്ഥാനത്ത് ഭൂരിപക്ഷ ഭാഗങ്ങളിലും സൈന്യത്തെ വിന്യസിച്ചിരിക്കുകയാണ്. സായുധസേനാ– പ്രത്യേകാധികാര നിയമം പിൻവലിക്കണമെന്ന് വ്യാപകമായ ആവശ്യം ഉയർന്നിട്ടും സർക്കാർ അതിൽ വീഴ്ച വരുത്തിയിരിക്കുന്നു. സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ അഭിപ്രായഗതിക്കാരുമായും രാഷ്ട്രീയ ചർച്ചകളുമായി മുന്നോട്ടുപോകാനും യുപിഎ സർക്കാർ കാര്യമായ നടപടിയൊന്നും കൈക്കൊണ്ടിട്ടില്ല. മൂന്ന് അനുരഞ്ജകരെ നിയോഗിച്ചത് ഇതിന് പകരമായി കരുതാനാവില്ല. സംഘർഷാവസ്ഥയിൽ അയവ് വരുത്താനും ജനങ്ങൾക്കിടയിൽ ആത്മവിശ്വാസം ബലപ്പെടുത്താനും രാഷ്ട്രീയ സംവാദം പ്രോൽസാഹിപ്പിക്കാനുമായി സിപിഐ (എം) സമഗ്രമായ നിർദ്ദേശങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് വിന്യസിച്ചിട്ടുള്ള സായുധസേനയുടെ എണ്ണം കുറയ്ക്കുക, സംസ്ഥാനത്തിന്റെ മിക്ക പ്രദേശങ്ങളിൽനിന്നും സായുധസേനാ പ്രത്യേകാധികാര നിയമം (എഎഫ്എസ്പിഎ) പിൻവലിക്കുക, മർദ്ദനപരമായ സുരക്ഷാസംവിധാനങ്ങൾ ഇല്ലാതാക്കുക എന്നിവ ഉൾപ്പെടുന്നതാണ് ആ നിർദ്ദേശങ്ങൾ. സുരക്ഷാസേന നടത്തിയ അതിക്രമങ്ങളെക്കുറിച്ചും മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചും അന്വേഷണം നടത്തുകയും കുറ്റക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടുവരികയും ചെയ്യേണ്ടതാണ്. ജനങ്ങൾ തമ്മിലുള്ള വേഴ്ചകളെയും അതിർത്തിരേഖയ്ക്ക് ഇരുവശത്തുമുള്ള ജനങ്ങൾ തമ്മിൽ ബന്ധപ്പെടുന്നതിനെയും പ്രോൽസാഹിപ്പിക്കുന്നതിന് നടപടികളെടുക്കണം. രാഷ്ട്രീയതലത്തിൽ ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾ നിറവേറ്റുന്നതിനായി സംസ്ഥാനത്തിന് പരമാവധി സ്വയംഭരണ സ്വാതന്ത്ര്യം നൽകുന്നതിന് വ്യവസ്ഥ ചെയ്യണം. അതിലെ മൂന്ന് മേഖലകൾക്കും പ്രാദേശിക സ്വയംഭരണ സ്വാതന്ത്ര്യവും നൽകണം.

**2.61** 2010 നവംബറിൽ ചേർന്ന കേന്ദ്രകമ്മിറ്റി യോഗം അംഗീകരിച്ച ജമ്മു–കാശ്മീർ സംബന്ധിച്ച പ്രമേയത്തിൽ വിശദീകരിച്ചിട്ടുള്ള, അവശ്യംവേണ്ട രാഷ്ട്രീയ നടപടികൾക്കായി പാർടി വാദിക്കണം; ജമ്മു–കാശ്മീരിൽ ദീർഘകാലമായി നിലനിൽക്കുന്ന പ്രശ്നത്തിന് രാഷ്ട്രീയമായ പരിഹാരം കാണുന്നതിന് രാജ്യത്തെ ജനാധിപത്യ–മതനിരപേക്ഷ ശക്തികളെയാകെ അണിനിരത്തുകയും വേണം.

**തെലങ്കാനാ പ്രക്ഷോഭവും പുതിയ സംസ്ഥാനങ്ങളും**

**2.62** പ്രത്യേക തെലങ്കാന സംസ്ഥാനത്തിനുവേണ്ടിയുള്ള പ്രക്ഷോഭത്തിന് കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ആക്കം വർദ്ധിച്ചിരിക്കുകയാണ്. തെലങ്കാനാ രാഷ്ട്രീയ സമിതിയും ബിജെപിയും മറ്റുള്ളവരും ഉന്നയിച്ചിരുന്ന ആവശ്യത്തിന് 2009ലെ നിയമസഭാ തിരഞ്ഞെടുപ്പിന് മുമ്പ് തെലുങ്ക്ദേശം പാർടിയുടെയും തുടർന്ന് ആ പ്രദേശത്തെ കോൺഗ്രസ്സുകാരുടെയും പിന്തുണ ലഭിച്ചു. പ്രത്യേക സംസ്ഥാനം എന്ന ആവശ്യത്തിന് സിപിഐയും പിന്തുണ പ്രഖ്യാപിച്ചു. ഭാഷാപരമായി പുനഃസംഘടിപ്പിക്കപ്പെട്ട ആന്ധ്രാപ്രദേശ് സംസ്ഥാനത്തിന്റെ വിഭജനത്തിന് അനുകൂലമല്ല എന്ന സുദൃഢമായ നിലപാടിൽ ഉറച്ചുനിന്നത് സിപിഐ (എം) മാത്രമാണ്. ഭാഷാ സംസ്ഥാനങ്ങളുടെ രൂപീകരണത്തിനായുള്ള സുദീർഘമായ പ്രക്ഷോഭത്തെത്തുടർന്ന് ഭാഷാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കപ്പെട്ട സംസ്ഥാനങ്ങളെ വിഭജിക്കേണ്ട ആവശ്യമില്ലെന്ന പാർടിയുടെ നിലപാടിന് അനുസൃതമായ നയമാണിത്.

**2.63** പുതിയ സംസ്ഥാന രൂപീകരണം സംബന്ധിച്ച് ആഭ്യന്തരമന്ത്രി പ്രഖ്യാപനം നടത്തുകയും പിന്നീട് അതിൽനിന്ന് പിന്തിരിയുകയും ആ പ്രശ്നത്തെ സംബന്ധിച്ച് പരിശോധിക്കാൻ ജസ്റ്റിസ് ശ്രീകൃഷ്ണാ കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. കേന്ദ്ര സർക്കാർ സ്ഥിതിഗതികളെ വഷളാക്കുകയാണുണ്ടായത്. കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ട് ഒരു വർഷം പിന്നിട്ടിട്ടുപോലും ഏതെങ്കിലും തീരുമാനം കൈക്കൊള്ളുന്നതിൽ കേന്ദ്ര സർക്കാർ വീഴ്ച വരുത്തി. ഈ കാലതാമസം ജനങ്ങൾക്കിടയിലെ ഭിന്നിപ്പ് മൂർച്ഛിപ്പിക്കുന്നതിന് ഇടയാക്കുമെന്നതിനാൽ ഇനിയും അധികം കാലതാമസം വരുത്താതെ കേന്ദ്ര സർക്കാർ തങ്ങളുടെ തീരുമാനം പ്രഖ്യാപിക്കേണ്ടത് അനുപേക്ഷണീയമാണ്.

**2.64** വിദർഭ, ഗൂർഖാലാൻഡ്, ബോഡോലാൻഡ്, കാമതാപുരി എന്നിങ്ങനെയുള്ള പ്രത്യേക സംസ്ഥാനങ്ങൾക്കായുള്ള ആവശ്യങ്ങളും നിലനിൽക്കുന്നുണ്ട്. ഭരണകൂട സംവിധാനത്തിന്റെ ജനാധിപത്യവൽക്കരണത്തിന്റെ ഭാഗമെന്ന നിലയിൽ ഭാഷാപരമായി പുനഃസംഘടിപ്പിക്കപ്പെട്ട സംസ്ഥാനങ്ങളെ വിഭജിക്കുന്നതിനോടുള്ള എതിർപ്പ് സിപിഐ (എം) ആവർത്തിച്ചുറപ്പിക്കുന്നു. ചെറിയ സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെടണമെന്ന ആവശ്യത്തെ ഒരു തത്വം എന്ന നിലയിൽ അംഗീകരിക്കാനാവില്ല. സാമ്പത്തികമായും ധനപരമായും പിടിച്ചുനിൽക്കാൻ സാധ്യതയില്ലാത്ത ചെറിയ സംസ്ഥാനങ്ങൾ പൂർണ്ണമായും കേന്ദ്രത്തെ ആശ്രയിക്കുന്നതാവും; അത് ഫെഡറൽ സംവിധാനത്തെ ദുർബലപ്പെടുത്തും. ഒരു സംസ്ഥാനത്തിനുള്ളിൽ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ ഉള്ളിടത്ത്, ആ പ്രദേശത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തിനായി പ്രത്യേക നടപടികൾ കൈക്കൊള്ളണം. ആവശ്യമുള്ളിടത്ത് പ്രാദേശിക സ്വയംഭരണത്തിനുള്ള വ്യവസ്ഥ ഉണ്ടാക്കാനാകും.

### സ്വത്വരാഷ്ട്രീയം

**2.65** ജാതി, മതം, പ്രദേശം, ഗോത്രം, വംശമേന്മ എന്നിവയെ അടിസ്ഥാനമാക്കിയുള്ള സ്വത്വരാഷ്ട്രീയത്തിന്റെ വളർച്ച രാജ്യത്ത് ഇടതുപക്ഷ രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ വെല്ലുവിളി ആയിരിക്കുകയാണ്. ഭരണവർഗങ്ങളും സാമ്രാജ്യത്വ ധനമൂലധനവും ഇത്തരം രാഷ്ട്രീയത്തെയാണ് തങ്ങളുടെ താൽപര്യങ്ങൾക്ക് തികച്ചും അനുയോജ്യമായി കാണുന്നത്. സ്വത്വത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ ശകലീകരിക്കുകയും ഭിന്നിപ്പിക്കുകയും സ്വത്വരാഷ്ട്രീയത്തെ അവലംബമാക്കി അവരെ വേർതിരിച്ച് നിർത്തുകയും ചെയ്യുന്നത് ഭരണകൂടത്തിനും മൂലധനവാഴ്ചയ്ക്കും ഒരു വിപത്തും ഉണ്ടാകില്ല എന്ന് ഉറപ്പാക്കലാണ്.

**2.66** സാമൂഹ്യമായ അടിച്ചമർത്തലും വിവേചനവും ചൂഷണവും അനുഭവിക്കുന്ന വിഭാഗങ്ങൾക്കിടയിലും സമുദായങ്ങൾക്കിടയിലും സ്വത്വരാഷ്ട്രീയം വളക്കൂറുള്ള മണ്ണ് കണ്ടെത്തുന്നു. ജാതിപരവും ഗോത്രപരവും ലിംഗപരവുമായ മർദ്ദനങ്ങൾ അനുഭവിക്കുന്ന ജനവിഭാഗങ്ങളെയാണ് സ്വത്വരാഷ്ട്രീയത്തിന് അനായാസം അണിനിരത്താൻ കഴിയുന്നത്. വർഗപരമായ ഐക്യദാർഢ്യത്തിലും വർഗാധിഷ്ഠിത പ്രസ്ഥാനങ്ങളിലും ചോർച്ചയുണ്ടാക്കുക എന്ന കാഴ്ചപ്പാടോടുകൂടി സ്വത്വാധിഷ്ഠിതമായ ഇത്തരം രാഷ്ട്രീയത്തിന് ചില എൻജിഒകളും സങ്കുചിത വിഭാഗീയ സംഘങ്ങളും പണം മുടക്കുന്നു.

**2.67** പൊതുവായ വർഗാധിഷ്ഠിത പ്രസ്ഥാനങ്ങൾ കെട്ടിപ്പടുത്തുകൊണ്ട് സിപിഐ (എം) സ്വത്വരാഷ്ട്രീയത്തെ നേരിടണം. അതേസമയം തന്നെ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ അനുഭവിക്കുന്ന ജാതിപരവും സാമൂഹ്യവും ലിംഗപരവുമായ മർദ്ദനങ്ങളുടെ വിഷയം ഏറ്റെടുക്കുകയും വേണം.

### വിദേശനയം

**2.68** യുപിഎ സർക്കാരിന്റെ എട്ടുവർഷത്തെ വിദേശനയം അടയാളപ്പെടുത്തപ്പെടുന്നത്, അമേരിക്കയുമായുള്ള തന്ത്രപരമായ സഖ്യം പിന്തുടരുന്നതുമൂലം സ്വതന്ത്ര വിദേശനയത്തിൽനിന്നുള്ള വേറിട്ടുപോക്കായാണ്. അമേരിക്കൻ പ്രസിഡന്റും ഇന്ത്യൻ പ്രധാനമന്ത്രിയും ചേർന്ന് ചെയ്ത 2005 ജൂലൈയിലെ സംയുക്ത പ്രസ്താവനയിൽനിന്ന് തുടങ്ങി ഇത്തരമൊരു സഖ്യത്തിന് രൂപം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 19-ാം കോൺഗ്രസ്സിനുശേഷം ഈ കൂട്ടുകെട്ട് അരക്കിട്ടുറപ്പിക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കുകയുണ്ടായി.

**2.69** അമേരിക്കൻ ആയുധങ്ങളുടെ വിൽപനയ്ക്ക് സൗകര്യമൊരുക്കുന്നതിന് ഇന്ത്യ 'എൻഡ് യൂസ് മോണിറ്ററിങ് എഗ്രിമെന്റി'ൽ ഒപ്പുവെച്ചു. അതിലെ വ്യവസ്ഥകൾ നിറവേറ്റുന്നതിനായി അമേരിക്കയിൽനിന്ന് 40,000 കോടി രൂപയുടെ ആയുധങ്ങൾ വാങ്ങുകയും ചെയ്തു. പ്രസിഡന്റ് ഒബാമയുടെ 2010 ഒക്ടോബറിലെ സന്ദർശനം, അമേരിക്കയുടെ കച്ചവടതാൽപര്യങ്ങൾക്ക് ഇന്ത്യൻ വിപണി തുറന്നുകിട്ടുകയും ഇന്ത്യയുമായി സുരക്ഷാപരവും സൈനികവുമായ കൂടുതൽ അടുത്ത ബന്ധം സ്ഥാപിക്കുകയും ചെയ്യുകയെന്ന ഇരട്ട അജണ്ടയ്ക്ക് സാക്ഷ്യം വഹിച്ചു. അമേരിക്കയുടെ ചില നിർണായകമായ തന്ത്രപ്രധാന ലക്ഷ്യങ്ങളോട് ഇന്ത്യ സഹകരിക്കണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ്, യുഎൻ സെക്യൂരിറ്റി കൗൺസിലിൽ ഇന്ത്യയെ സ്ഥിരാംഗമാക്കുന്നതിനെ അനുകൂലിക്കാമെന്ന പ്രസിഡന്റ് ഒബാമയുടെ പ്രസ്താവന വന്നത്. അഫ്ഗാനിസ്ഥാനിലെ അമേരിക്കൻ തന്ത്രത്തിനെ ഇന്ത്യ പൂർണ്ണമായും അനുകൂലിക്കുന്നു. അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയിൽ ആണവ പ്രശ്നത്തിൽ നാലാമതും ഇറാനെതിരെ ഇന്ത്യ വോട്ട് ചെയ്തു. ഇറാൻ-പാകിസ്ഥാൻ-ഇന്ത്യ (ഐപിഐ) പൈപ്പ് ലൈൻ ഭംഗ്യന്തരേണ പാരവയ്ക്കപ്പെട്ടു; അതിനുപകരം അമേരിക്കൻ നിർദ്ദേശാനുസരണമുള്ള തുർക്ക്മെനിസ്ഥാൻ-അഫ്ഗാനിസ്ഥാൻ-പാകിസ്ഥാൻ-ഇന്ത്യ (ടിഎപിഐ) പൈപ്പ് ലൈനിനായി ഇന്ത്യ ഒപ്പുവെച്ചു.

**2.70** നാറ്റോ–പാശ്ചാത്യ ഇടപെടലിന് വഴിതുറന്ന ലിബിയയെക്കുറിച്ചുള്ള ഐക്യരാഷ്ട്ര രക്ഷാസമിതി പ്രമേയത്തിന്റെ വോട്ടെടുപ്പിൽ ഇന്ത്യ വിട്ടുനിന്നു. എന്നാൽ അഫ്ഗാനിസ്ഥാനിൽ നാറ്റോ വഹിക്കുന്ന പങ്കിന് ഇന്ത്യ പിന്തുണ നൽകുന്നതിനാൽ യൂറോപ്പിന് പുറത്തുള്ള നാറ്റോയുടെ പങ്കിനെ ഇന്ത്യയ്ക്ക് നേരെ ചൊവ്വേ എതിർക്കാൻ കഴിയുന്നില്ല. 2012 ഫെബ്രുവരിയിൽ സിറിയയ്ക്കെതിരായ ഒരു പ്രമേയത്തിൽ രക്ഷാസമിതിയിൽ ഇന്ത്യ, അമേരിക്കയ്ക്കും കൂട്ടാളികൾക്കുമൊപ്പം വോട്ട് ചെയ്തു. ഇന്ത്യ ബ്രിക്സിലെ അംഗവും ഇന്ത്യയുടെയും ചൈനയുടെയും റഷ്യയുടെയും വിദേശകാര്യമന്ത്രിമാരുടെ ത്രികക്ഷി കൂടിയാലോചനയിൽ പങ്കാളിയും ആണെങ്കിൽപോലും, അമേരിക്കയുമായും ഇസ്രയേലുമായുമുള്ള തന്ത്രപരമായ സഖ്യത്തിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ സ്വതന്ത്ര വിദേശനയം പിന്തുടർന്നുകൊണ്ട് ബഹുധ്രുവതയെ പ്രോത്സാഹിപ്പിക്കുന്നതിന് ഫലപ്രദവും പ്രമുഖവുമായ പങ്ക് വഹിക്കാൻ ഇന്ത്യയ്ക്ക് കഴിയുന്നില്ല.

**2.71** ചൈനയുമായുള്ള ബന്ധം വികസിപ്പിക്കാനും മെച്ചപ്പെടുത്താനും സുസ്ഥിരമായ നീക്കങ്ങൾ നടത്തേണ്ടതുണ്ട്. ഇതാണ് ഇന്ത്യയുടെ താൽപര്യം; ചൈനയെ ഒതുക്കുന്നതിന് ലക്ഷ്യമിട്ടുള്ള തന്ത്രപരമായ ഒരു സഖ്യത്തിലേക്ക് ഇന്ത്യയെ അടുപ്പിച്ചുകൊണ്ടുവരാനുള്ള അമേരിക്കയുടെ നീക്കത്തിന്റെ പശ്ചാത്തലത്തിലാണ് ഇതിനെ കാണേണ്ടത്. ചൈന ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളി ആയിരിക്കുകയാണ്; 2010–2011ൽ 6300 കോടി ഡോളറിന്റെ (3,15,000 കോടി രൂപയുടെ) വ്യാപാരമാണ് ഇരുരാജ്യങ്ങളും തമ്മിൽ നടന്നിരിക്കുന്നത്.

**2.72** 2011ൽ പാകിസ്ഥാനുമായുള്ള ചർച്ചകൾ പുനരാരംഭിച്ചത് ശുഭകരമായ ഒരു സംഭവവികാസമാണ്. ഏറ്റവും വേണ്ടപ്പെട്ട രാഷ്ട്രമെന്ന പദവി പാകിസ്ഥാൻ ഇന്ത്യയ്ക്ക് നൽകുന്നതും ജമ്മു–കാശ്മീരിലെ നിയന്ത്രണരേഖയുമായി ബന്ധപ്പെട്ട് പരസ്പര വിശ്വാസം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തുന്നതിനുള്ള ചർച്ചകളുമെല്ലാം ശരിയായ ദിശയിലുള്ള ചുവടുവെയ്പുകളാണ്. പാകിസ്ഥാൻ പ്രദേശത്തുനിന്ന് പ്രവർത്തിക്കുന്ന തീവ്രവാദി വിഭാഗങ്ങൾക്കെതിരെ ശക്തമായ നടപടിയെടുക്കാൻ പാകിസ്ഥാൻ സർക്കാരിനെ പ്രേരിപ്പിക്കുന്നത് ഇന്ത്യ തുടരണം.

**2.73** സ്വതന്ത്രമായ വിദേശനയത്തിനും അമേരിക്കയുമായുള്ള തന്ത്രപരമായ സഖ്യത്തിൽനിന്ന് വേർപിരിയുന്നതിനുംവേണ്ടിയുള്ള പോരാട്ടത്തിന്, ഇന്ത്യയിലെ ഇപ്പോഴത്തെ നവലിബറൽ മാതൃകയിൽനിന്ന് മാറി, ബദൽ വികസന മാർഗത്തിനുവേണ്ടിയുള്ള പോരാട്ടവുമായി നേരിട്ട് ബന്ധമുണ്ട്. വിദേശനയവും ഇപ്പോൾ പടച്ചുണ്ടാക്കിയിട്ടുള്ള തന്ത്രപരമായ സഖ്യവും ആഭ്യന്തര നയത്തിന്മേലും ജനങ്ങളുടെ ജീവിതത്തിന്മേലും പ്രത്യക്ഷമായി സ്വാധീനം ചെലുത്തുന്നതാണ്. ചില്ലറ വ്യാപാരത്തിലെ വിദേശ പ്രത്യക്ഷ നിക്ഷേപത്തിനും കൃഷിക്കാരെയും ചെറുകിട ഉൽപാദകരെയും പ്രതികൂലമായി ബാധിക്കുന്ന സ്വതന്ത്രവ്യാപാര കരാറുകൾക്കും എല്ലാം തന്നെ ഇന്ത്യ–അമേരിക്ക തന്ത്രപ്രധാന സഖ്യവുമായി ബന്ധമുണ്ട്. ഊർജ്ജവില വർദ്ധിപ്പിക്കുകയും പരിസ്ഥിതി വിപത്തുകൾ വർദ്ധിപ്പിക്കുകയും ചെയ്യുന്ന വിലപിടിപ്പുള്ള ആണവ റിയാക്ടറുകൾ ഇറക്കുമതി ചെയ്യുന്നത് ആണവക്കരാർ പ്രകാരമുള്ള ബാധ്യത മൂലമാണ്. അമേരിക്കൻ അനുകൂല വിദേശനയം കാരണമാണ് ഇറാൻ വാതക പൈപ്പ്ലൈനിലൂടെ കുറഞ്ഞ വിലയ്ക്ക് ഊർജ്ജം ലഭിക്കുന്നതും കൈവെടിഞ്ഞത്. അടിസ്ഥാന സേവനങ്ങളിൽനിന്നും വികസനത്തിൽനിന്നും ദുർലഭമായ വിഭവങ്ങൾ വകമാറ്റി അമേരിക്കയിൽനിന്ന് വിലപിടിപ്പുള്ള ആയുധങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ള ചെലവ് വർദ്ധിപ്പിക്കുന്നതും ഈ തന്ത്രപരമായ സഖ്യം മൂലമാണ്.

**2.74** രാജ്യത്തിന്റെ വികസനത്തിനായുള്ള പുതിയ പരിപ്രേക്ഷ്യത്തിന്റെ ഭാഗമായി ഒരു സ്വതന്ത്ര വിദേശ നയത്തിനുവേണ്ടി സിപിഐ (എം) ജനങ്ങൾക്കിടയിൽ നിശ്ചയദാർഢ്യത്തോടെ പ്രചരണം നടത്തും.

### ആണവക്കരാറിനെ തുടർന്നുള്ള സംഭവങ്ങൾ

**2.75** ഇന്ത്യാ–അമേരിക്കാ ആണവക്കരാറിനെ തുടർന്നുള്ള സംഭവങ്ങൾ മൻമോഹൻ സിങ് സർക്കാരിന്റെ അവകാശവാദങ്ങളെ തുറന്നു കാണിച്ചിരിക്കുകയാണ്. കരാറിന്റെ അധാർമിക സ്വഭാവത്തെക്കുറിച്ചും ഇന്ത്യയുടെ വിദേശനയത്തിലേക്കുള്ള അതിന്റെ കടന്നുകയറ്റത്തെക്കുറിച്ചും സിപിഐ (എം) പറഞ്ഞ കാര്യങ്ങൾ സ്ഥിരീകരിക്കപ്പെട്ടിരിക്കുകയാണ്. അതിസൂക്ഷ്മമായ ആണവ സാങ്കേതിക വിദ്യ ലഭ്യമാകാൻ ഇന്ത്യയ്ക്ക് സഹായകമാകുന്ന വിധത്തിൽ പൂർണമായ സിവിലിയൻ ആണവസഹകരണം ഉറപ്പാക്കുന്നതാണ് ആണവക്കരാർ എന്ന പൊള്ളയായ അവകാശവാദം പൊളിഞ്ഞിരിക്കുന്നു. 2011 ജൂണിൽ, ന്യൂക്ലിയർ സപ്ലൈയേഴ്സ് ഗ്രൂപ്പ് അമേരിക്കയുടെ പ്രേരണ പ്രകാരം ഇന്ത്യയെപ്പോലെയുള്ള ആണവ നിർവ്യാപനക്കരാറിൽ ഒപ്പിടാത്ത രാജ്യങ്ങൾക്ക് പുനഃസംസ്കരണത്തിന്റെയും സമ്പുഷ്ടീകരണത്തിന്റെയും സാങ്കേതിക വിദ്യ കൈമാറുന്നത് തടയുന്ന പുതിയ മാർഗരേഖ പ്രസിദ്ധീകരിക്കുകയുണ്ടായി. തന്മൂലം ഇന്ത്യക്ക് ഇപ്പോൾ വിലയേറിയ ആണവറിയാക്ടറുകളും ആണവ ഇന്ധനവും വി

ദേശത്തുനിന്നു വാങ്ങുകയല്ലാതെ മറ്റു പോംവഴികൾ ഒന്നും തന്നെയില്ല; ഏറ്റവും പുതിയ സാങ്കേതികവിദ്യ നമുക്ക് ലഭ്യമാകില്ല. ആണവക്കരാറിന് പകരമെന്ന നിലയിൽ അമേരിക്കയിൽനിന്ന് 10,000 മെഗാവാട്ടിന്റെ ആണവറിയാക്ടറുകൾ വാങ്ങാൻ ഇന്ത്യ ബാദ്ധ്യസ്ഥമായിരിക്കുന്നു. ഇതിനോടൊപ്പം, വിദേശത്തുനിന്ന് ആണവറിയാക്ടറുകൾ നൽകുന്നവർ ഒരു ബാധ്യതയും ഏറ്റെടുക്കേണ്ടതില്ല എന്ന് നിയമനിർമ്മാണം നടത്താമെന്നും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. ഈ കാഴ്ചപ്പാടോടുകൂടി, വിദേശ റിയാക്ടർ സപ്ലൈയർമാരെ ബാധ്യതകളിൽനിന്ന് ഒഴിവാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാർ പാർലമെന്റിൽ സിവിൽ ന്യൂക്ലിയർ ലയബിലിറ്റി ബില്ല് കൊണ്ടുവന്നു. പക്ഷേ, പാർലമെന്റ് ഇതംഗീകരിച്ചില്ല. വിദേശ സപ്ലൈയർമാർക്ക് ബാധ്യത ചുമത്തുന്നതിനുള്ള ഒരു സംരക്ഷണ വകുപ്പുകൂടി ഉൾപ്പെടുത്തപ്പെട്ടു. ഇപ്പോൾ ഈ നിയമപ്രകാരമുള്ള ചട്ടങ്ങൾ രൂപീകരിച്ചതിലൂടെ നിയമത്തിലെ വിദേശ സപ്ലൈയർമാരുടെ ബാധ്യതയിൽ വെള്ളം ചേർക്കാനുള്ള നീക്കമാണ് നടക്കുന്നത്.

**2.76** ആണവ അപകടമുണ്ടാവുകയാണെങ്കിൽ അതിന്റെ ബാധ്യതയിൽനിന്ന് അമേരിക്കൻ കമ്പനികളെ ഒഴിവാക്കിക്കൊണ്ട് അമേരിക്കയെ പ്രീതിപ്പെടുത്താനാണ് യുപിഎ സർക്കാർ ശ്രമിക്കുന്നത് എന്ന വസ്തുത ഇന്ത്യൻ പൗരന്മാരുടെ ജീവനും സുരക്ഷയ്ക്കുമുള്ള അവകാശത്തെ പാടെ വഞ്ചിക്കുന്നതാണ്. ചരിത്രത്തിലെ വലിയ തോതിലുള്ള ആണവദുരന്തങ്ങളിലൊന്നായ ജപ്പാനിലെ ഫുക്കുഷിമ അപകടത്തിനുശേഷംപോലും, യുപിഎ സർക്കാർ അമേരിക്കയെയും ഫ്രാൻസിനെപ്പോലെയുമുള്ള മറ്റു ആണവദാതാക്കളെയും തൃപ്തിപ്പെടുത്താൻ പാടുപെടുകയാണ്. നമ്മുടെ ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതിന് 2020–ഓടുകൂടി 40,000 മെഗാവാട്ടിന്റെ ഇറക്കുമതി ചെയ്യപ്പെടുന്ന ആണവ പ്ലാന്റുകൾ ആവശ്യമാണെന്ന സംശയാസ്പദമായ നിർദ്ദേശമാണ് യുപിഎ സർക്കാർ മുന്നോട്ട് വെച്ചിട്ടുള്ളത്. ഇതിനായി, ഫ്രഞ്ച് കമ്പനിയായ അരേവയിൽനിന്ന് ഏറ്റവും പുതിയ ആണവ റിയാക്ടറുകൾ വാങ്ങുന്നതിന് കരാർ ഉണ്ടാക്കിയിരിക്കുകയാണ്. ഏറ്റവും അധികം വിലയുള്ള ഈ ആണവ റിയാക്ടറുകളുടെ സാങ്കേതികവിദ്യ പരീക്ഷിച്ച് ഉറപ്പുവരുത്തിയിട്ടുള്ളതല്ല; അത് മറ്റെവിടെയും ഇതേവരെ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചിട്ടുള്ളതുമല്ല. മഹാരാഷ്ട്രയിലെ ജെയ്താപ്പൂരിൽ ഈ റിയാക്ടറുകളാണ് സ്ഥാപിക്കാൻ പോകുന്നത്. ഈ ആണവ പദ്ധതിക്കെതിരെ അവിടത്തെ പ്രദേശവാസികൾ ശക്തമായ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുകയാണ്.

**2.77** കൂടംകുളത്ത് സ്ഥാപിച്ചതും ആണവ കരാറിന് ഏറെ മുമ്പ് റഷ്യയിൽനിന്ന് വാങ്ങിയതുമായ രണ്ട് റിയാക്ടറുകൾ വേറൊരു കൂട്ടത്തിൽ പെടുന്നു. ഈ റിയാക്ടറുകളുടെ സുരക്ഷയെയും പരിസരത്ത് ഉണ്ടാക്കാവുന്ന ആഘാതത്തെയുംകുറിച്ച് തദ്ദേശവാസികൾക്ക് പല ആശങ്കകളുമുണ്ട്. പ്രത്യേകിച്ച്, ഫുക്കുഷിമ അപകടത്തിനുശേഷം. സ്വതന്ത്രമായ ഒരു സുരക്ഷാ അവലോകനം നടത്തേണ്ടതും ആണവ റിയാക്ടർ പ്രവർത്തനക്ഷമമാക്കുന്നതിനുമുമ്പ് ജനങ്ങളുടെ ആശങ്കകൾ അകറ്റേണ്ടതും ആവശ്യമാണ്.

**2.78** ജെയ്താപ്പൂരിലേക്കും മറ്റു പ്രദേശങ്ങളിലേക്കും ആണവ ഊർജ്ജപ്ലാന്റുകൾ ഇറക്കുമതി ചെയ്യുന്നത് ഉടൻ നിർത്തിവെയ്ക്കണമെന്നാണ് സിപിഐ (എം) ആവശ്യപ്പെടുന്നത്. ഇന്ത്യയിൽ ഇപ്പോൾ നിലനിൽക്കുന്ന ആണവ ഊർജ്ജ പ്ലാന്റുകളെയും ഒരു സ്വതന്ത്ര സംവിധാനം നടത്തുന്ന സുരക്ഷാ അവലോകനത്തിന് വിധേയമാക്കണം. സ്വതന്ത്രവും സ്വയംഭരണാവകാശമുള്ളതുമായ ഒരു ആണവ സുരക്ഷാ റെഗുലേറ്ററി അതോറിറ്റി ഉണ്ടാകണം. ഇത്തരം ഒരു അതോറിറ്റി രൂപീകരിക്കാനുള്ള സർക്കാരിന്റെ നിർദ്ദിഷ്ട നിയമം സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഒരു സംവിധാനത്തിന് രൂപം നൽകാൻ മാത്രമേ പര്യാപ്തമാകൂ.

## വൻകിട ബിസിനസ്സുകാരും പണക്കൊഴുപ്പും രാഷ്ട്രീയവും

**2.79** രാഷ്ട്രീയവും രാഷ്ട്രീയ സംവിധാനവും നവഉദാരവൽക്കരണത്തിന്റെ പ്രത്യക്ഷത്തിലുള്ള പ്രത്യാഘാതം അനുഭവിക്കുകയാണ്– വൻകിട ബിസിനസ്സുകാരും രാഷ്ട്രീയവും തമ്മിലുള്ള അവിശുദ്ധ സഖ്യം സുദൃഢമായിരിക്കുകയാണ്. തുടർച്ചയായി അധികാരത്തിലെത്തിയ സർക്കാരുകൾ ഉണ്ടാക്കിയ നയങ്ങൾ ജനങ്ങളുടെ ചെലവിൽ വൻകിട ബൂർഷ്വാസിയുടെയും വിദേശ മൂലധനത്തിന്റെയും താൽപര്യങ്ങൾ യാതൊരു മറയുമില്ലാതെ സംരക്ഷിക്കുന്നവയാണ്. തിരഞ്ഞെടുപ്പുകളിൽ പണക്കൊഴുപ്പിന്റെ അഭൂതപൂർവമായ ഉപയോഗം ഈ അവിശുദ്ധസഖ്യത്തിന്റെ നേരിട്ടുള്ള അനന്തരഫലമാണ്. വൻകിട പണക്കാർ സംവിധാനത്തെയാകെ അഴിമതിയിൽപ്പെടുത്തുകയാണ്. ബൂർഷ്വാ പാർടികൾ സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നത് അവരുടെ പണക്കൊഴുപ്പിന്റെ അടിസ്ഥാനത്തിലാണ്. പഞ്ചായത്ത് തിരഞ്ഞെടുപ്പുകളിൽ വരെ ഇപ്പോൾ പണക്കൊഴുപ്പ് കിനിഞ്ഞിറങ്ങിയിരിക്കുകയാണ്. വോട്ടർമാർക്ക് പണം വിതരണം ചെയ്യുന്നത് പല സംസ്ഥാനങ്ങളിലെയും അംഗീകൃത രീതിയായി മാറിയിരിക്കുന്നു. ഇത് ജനാധിപത്യ സമ്പ്രദായത്തിനുതന്നെ ഗുരുതരമായ വിപത്തായിരിക്കുന്നു. രാഷ്ട്രീയത്തിലെയും തിരഞ്ഞെടുപ്പുകളിലെയും പണക്കൊഴുപ്പിനെതിരെ പാർടി വിപുലമായ ക്യാമ്പയിൻ

സംഘടിപ്പിക്കണം. വൻകിട ബിസിനസ്സുകാർ പൊതുനയ രൂപീകരണത്തെ തകിടം മറിക്കുന്നത് വർദ്ധിച്ചുവരുന്നതിനെയും പാർടി തുറന്നുകാണിക്കണം; ഇത്തരം രീതികൾ വിനിയോഗിക്കുന്ന ബൂർഷ്വാ പാർടികളും തുറന്നുകാണിക്കപ്പെടണം.

**2.80** നവലിബറൽ കാഴ്ചപ്പാടും പണക്കൊഴുപ്പിന്റെ നിഗൂഢവും വ്യാപകവുമായ വിനിയോഗവും മൂലം പാർലമെന്ററി ജനാധിപത്യം തന്നെ ക്ഷയിച്ചു വരികയാണ്. വിവിധ തലങ്ങളിൽ മാഫിയാ ഗ്രൂപ്പുകൾ സ്വാധീനം ചെലുത്തുന്നതിലൂടെയും കുറ്റകൃത്യങ്ങളിലൂടെയും പണം ഉപയോഗിച്ചും ജനാധിപത്യത്തെ തകിടം മറിക്കൽ നടക്കുകയാണ്. ജനങ്ങളോട് നേരിട്ട് സമാധാനം പറയേണ്ട സ്ഥാപനങ്ങളെ തകരാറിലാക്കാനുള്ള പ്രവണത വർദ്ധിച്ചുവരുന്നു. നവഉദാരവൽക്കരണത്തിന്റെ കുറിപ്പടി പ്രകാരമുള്ള രാഷ്ട്രീയം ജനാധിപത്യ അവകാശങ്ങൾക്കുമേൽ നിയന്ത്രണങ്ങൾ വർദ്ധിക്കുന്നതിന് ഇടയാക്കിയിരിക്കുന്നു– പ്രകടനങ്ങളും പൊതുയോഗങ്ങളും പൊതുപണിമുടക്കുകളും നടത്താനുള്ള അവകാശം ഭരണപരമായ നടപടികളിലൂടെയും ജുഡീഷ്യൽ ഉത്തരവുകളിലൂടെയും നിയന്ത്രിക്കപ്പെടുകയോ നിരോധിക്കപ്പെടുകയോ ആണ്. അധ്വാനിക്കുന്ന ജനങ്ങളുടെ പ്രതിഷേധങ്ങൾക്കെതിരെ സമ്മതി നിർമ്മിക്കുന്നതിന് കോർപ്പറേറ്റ് മാധ്യമങ്ങളെ ഉപയോഗപ്പെടുത്തുന്നു.

### തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ

**2.81** ജനാധിപത്യ വ്യവസ്ഥിതിയെ സംരക്ഷിക്കാനും രാഷ്ട്രീയ അഴിമതി തടയാനും തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ തികച്ചും അനിവാര്യമാണ്. തിരഞ്ഞെടുപ്പുകളിൽ പണക്കൊഴുപ്പിന്റെയും നിയമവിരുദ്ധമായ പണത്തിന്റെയും ഉപയോഗത്തിനെതിരെ തിരഞ്ഞെടുപ്പ് ചട്ടങ്ങളിൽ കർക്കശമായ വകുപ്പുകൾ ഉണ്ടാക്കേണ്ടതാണ്. സാധനങ്ങളായി സർക്കാർ ഫണ്ട് നൽകലും തിരഞ്ഞെടുപ്പ് സാമഗ്രികളുടെ വിതരണവും നടപ്പാക്കേണ്ടതുണ്ട്. മാധ്യമങ്ങളിൽ തിരഞ്ഞെടുപ്പ് പ്രചരണത്തിന് തുല്യ അവസരം ഉണ്ടാകേണ്ടതാണ്. പണം പറ്റി നൽകുന്ന വാർത്തകൾ നിരോധിക്കാനും അതിനെ തെരഞ്ഞെടുപ്പ് നിയമലംഘനമാക്കാനും നിയമം ഭേദഗതി ചെയ്യണം. പണക്കൊഴുപ്പിന്റെയും കൈക്കരുത്തിന്റെയും ഉപയോഗം ഒരു പരിധിവരെ ഒഴിവാക്കുന്നതിന് ഭാഗിക പട്ടിക സമ്പ്രദായത്തിന്മേലുള്ള ആനുപാതിക പ്രാതിനിധ്യം നടപ്പിലാക്കുന്ന വിധം തെരഞ്ഞെടുപ്പ് സമ്പ്രദായത്തിൽ അടിസ്ഥാനപരമായ പരിഷ്കരണം ആവശ്യമാണ്. ഭാഗിക പട്ടിക സമ്പ്രദായം കൊണ്ട് ഉദ്ദേശിക്കുന്നത് ഇതാണ്: 50 ശതമാനം സീറ്റുകൾ പാർടികൾ പ്രസിദ്ധീകരിച്ച സ്ഥാനാർത്ഥികളുടെ പട്ടികകളിൽനിന്ന് അവയ്ക്ക് ലഭിച്ച വോട്ടിന്റെ ശതമാനം അനുസരിച്ച് പൂരിപ്പിക്കും. 50 ശതമാനം നിയോജകമണ്ഡലങ്ങളിൽനിന്ന് തെരഞ്ഞെടുക്കപ്പെടും. സിപിഐ (എം) ഉം ഇടതുപക്ഷവും മുഖ്യരാഷ്ട്രീയ അജണ്ടയായി തെരഞ്ഞെടുപ്പ് പരിഷ്കാരത്തെ കൊണ്ടുവരേണ്ടതുണ്ട്.

### കേന്ദ്ര–സംസ്ഥാന ബന്ധങ്ങൾ

**2.82** കേന്ദ്രത്തിന്റെ കൈകളിൽ അധികാരം കേന്ദ്രീകരിക്കുന്ന പ്രവണതയും സംസ്ഥാനങ്ങളുടെ അധികാരങ്ങളിൽ കൈകടത്തുന്ന പ്രവണതയും യാതൊരു മാറ്റവും കൂടാതെ തുടരുകയാണ്. കേന്ദ്രത്തിൽ കൂട്ടുകക്ഷി സർക്കാരുകളായിരിക്കുകയും പലപ്പോഴും പാർലമെന്റിന്റെ ഇരു സഭകളിലും ഭരണസഖ്യത്തിന് ആവശ്യമായ ഭൂരിപക്ഷം ഇല്ലാതിരിക്കുകയും ചെയ്യുന്ന സ്ഥിതിയിൽ സംസ്ഥാന സർക്കാരുകൾക്കെതിരെ 356–ാം വകുപ്പ് ഉപയോഗിക്കുന്നതുപോലെയുള്ള രാഷ്ട്രീയ ഇടപെടലുകൾ കുറഞ്ഞിട്ടുണ്ടെങ്കിലും ധനപരമായ കാര്യങ്ങളിലും നിയമപരമായ കാര്യങ്ങളിലുമുള്ള സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്കുമേലുള്ള കടന്നുകയറ്റം നിർബാധം തുടരുകയാണ്. നവലിബറൽ പരിഷ്കാരങ്ങളുടെ നിർവഹണം വിഭവങ്ങളുടെ കൈമാറ്റത്തിനും ധനസഹായത്തിനും വേണ്ടിയുള്ള വ്യവസ്ഥയാക്കിയിരിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഈ ലക്ഷ്യത്തോടെ ഉപയോഗപ്പെടുത്തുകയാണ്. 13–ാം ധനകമ്മിഷൻ രണ്ട് മുൻ കമ്മിഷനുകളുടെയും പ്രവണത തുടർന്നിരിക്കുകയാണ്. കൂടുതൽ കർശനമായ വ്യവസ്ഥകൾ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു; നികുതി വരുമാനത്തിന്റെ 50% വിഹിതമെന്ന നിലയിൽ സംസ്ഥാനങ്ങൾക്ക് നൽകാൻ കേന്ദ്രം വിസമ്മതിക്കുകയാണ്. രണ്ടാം യുപിഎ സർക്കാർ നിയമനിർമാണങ്ങളുടെ ഒരു പരമ്പരയുമായി മുന്നോട്ടുനീങ്ങുകയാണ്; ഈ നിയമങ്ങൾ എല്ലാം തന്നെ വിദ്യാഭ്യാസം, സഹകരണ സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള മേഖലകളിലെ സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കൈയടക്കുന്നവയാണ്; ഭക്ഷ്യസുരക്ഷ സംബന്ധിച്ച നിർദിഷ്ട നിയമനിർമാണംപോലും അത്തരത്തിലുള്ളതാണ്. ഒരു ദേശീയ ഭീകരതാവിരുദ്ധ കേന്ദ്രം സ്ഥാപിക്കുന്നത് സംസ്ഥാനങ്ങളുടെ പോലീസ് അധികാരങ്ങൾക്കുമേലുള്ള കടന്നാക്രമണമാണ്. കേന്ദ്രത്തിനുമേലുള്ള സംസ്ഥാനങ്ങളുടെ ആശ്രിതത്വം വർധിച്ചിരിക്കുകയാണെങ്കിലും കേന്ദ്രത്തിന്റെ ധാർഷ്ട്യം നിറഞ്ഞ സമീപനത്തോടുള്ള അമർഷവും വർദ്ധിച്ചുവരികയാണ്. കേന്ദ്ര–സംസ്ഥാന ബന്ധങ്ങൾ ഉടച്ചുവാർക്കുന്നതിനായി സിപിഐ (എം) എക്കാലത്തും ഉറച്ചുനിന്നിട്ടുണ്ട്. സംസ്ഥാനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ച വി

ഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും കേന്ദ്ര–സംസ്ഥാന ബന്ധങ്ങളുടെ പൊളിച്ചെഴുത്തിനായി പ്രവർത്തിക്കുന്നതിലും പാർടി മുൻനിരയിൽ തന്നെയായിരിക്കണം.

## സ്ത്രീപദവി

**2.83** വനിതാ സംവരണ ബിൽ രാജ്യസഭ അംഗീകരിച്ച് ഏറെക്കുറെ രണ്ടുവർഷം പിന്നിട്ടിട്ടും ലോക്സഭയിൽ അത് കൊണ്ടുവരാത്തത് സ്ത്രീകളുടെ അവകാശങ്ങൾ സംബന്ധിച്ച വിഷയങ്ങളിന്മേൽ യുപിഎ സർക്കാരിന്റെ കാപട്യത്തിന്റെ ഉത്തമോദാഹരണമാണ്. നിരവധി സംസ്ഥാനങ്ങൾ മുൻകൈയെടുത്തതിനുശേഷമാണ്, പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്ത്രീകൾക്ക് 50 ശതമാനം സംവരണത്തിന് കേന്ദ്രസർക്കാർ നിയമനിർമാണം നടത്തിയത്. പാർലമെന്റിലെ വനിതാ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ ഇന്ത്യ ഇപ്പോൾ പാക്കിസ്ഥാനും അഫ്ഗാനിസ്ഥാനും ഉൾപ്പെടെയുള്ള മിക്കവാറും എല്ലാ അയൽരാജ്യങ്ങളുടെയും പിന്നിലാണ്. തൊഴിലവസരങ്ങളിലെ പങ്കാളിത്തവും വിദ്യാഭ്യാസവും ആരോഗ്യവും അതിജീവനവും ഉൾപ്പെടെയുള്ള നാല് മാനദണ്ഡങ്ങൾ ഉപയോഗിക്കുന്ന ആഗോള ജെൻഡർ ഇൻഡക്സിലും ലിംഗാന്തരം അളക്കുന്ന രാഷ്ട്രീയ ശാക്തീകരണത്തിലും 135 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 2006ൽ 98 ആയിരുന്നത് 2011ൽ 113 ആയി ഇടിഞ്ഞു. ഇന്ത്യയിലെ 2011ലെ സെൻസസ് മറ്റൊരു ഭീകരമായ യാഥാർത്ഥ്യംകൂടി വെളിപ്പെടുത്തി– അതായത്, പെൺഭ്രൂണഹത്യ നടത്താൻ ലിംഗനിർധാരണ രീതികൾ അനിയന്ത്രിതമായി വിനിയോഗിക്കുന്നത്. ശിശുലിംഗാനുപാതം 2011ൽ 1000 പുരുഷന് വെറും 914 സ്ത്രീ എന്ന നിലയിലേക്ക് താഴുകയുണ്ടായി. ഇത് സ്വാതന്ത്ര്യാനന്തരമുള്ള ഏറ്റവും കുറഞ്ഞ അനുപാതമാണ്. ഒരു പതിറ്റാണ്ടിനുള്ളിൽ തന്നെ 13 പോയിന്റിന്റെ കുത്തനെയുള്ള ഇടിവ്. ഈ കാലഘട്ടത്തിൽ, വില വർധനവ്, സ്ഥിരം ജോലിയില്ലായ്മ, തൽഫലമായ വരുമാനത്തിലെ അസ്ഥിരത എന്നിവയുടെ രൂപത്തിൽ സ്ത്രീകളുടെ ജീവിതത്തെ ബാധിക്കുന്ന സർക്കാർ നയങ്ങളുടെ മൊത്തത്തിലുള്ള പ്രത്യാഘാതത്തോടൊപ്പം വർധിച്ചുവരുന്ന അക്രമങ്ങളും സ്ത്രീകളുടെ അവസ്ഥയിൽ അധഃപതനത്തിനിടയാക്കി. സാമൂഹ്യമായ സബ്സിഡികൾ വെട്ടിക്കുറയ്ക്കുന്നതിൽ ഊന്നൽ നൽകുന്ന നവലിബറൽ നയങ്ങൾ കുടുംബത്തിനുള്ളിലെ സ്ത്രീകളുടെ ജോലിഭാരം വർധിപ്പിച്ചു; കുടുംബസംരക്ഷണത്തിൽ ഏറെക്കുറെ അവരുടേതുമാത്രമായ ഉത്തരവാദിത്വങ്ങൾ വർധിപ്പിച്ചു. അവശ്യസാധനങ്ങളുടെ ഉയർന്ന വിലകൾ പോഷക ദാരിദ്ര്യമുള്ള സ്ത്രീകളുടെയും പെൺകുട്ടികളുടെയും എണ്ണം വർധിപ്പിച്ചു. അഞ്ച് വയസ്സിൽ താഴെയുള്ള 42 ശതമാനം കുട്ടികൾ പോഷകദാരിദ്ര്യം അനുഭവിക്കുകയാണ്.

**2.84** ദേശീയതലത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (എംജിഎൻആർഇജിഎ) പണിസ്ഥലങ്ങളിലെ തൊഴിലാളികളുടെ 57 ശതമാനം സ്ത്രീകളാണെന്ന വസ്തുതയെ ഗംഭീര നേട്ടമായിട്ടാണ് യുപിഎ സർക്കാർ അവകാശപ്പെടുന്നത്. സ്ത്രീത്തൊഴിലാളികളുടെ എണ്ണം വർധിച്ചുവരുന്നത് സ്ത്രീകൾക്കിടയിലെ ഉയർന്ന ദാരിദ്ര്യനിലവാരത്തിന്റെ പ്രതിഫലനമാണ് എന്നതാണ് സത്യം. ഉയർന്ന തൊഴിൽ മാനദണ്ഡങ്ങളും കഠിനാധ്വാനവും വേണമെന്നിരിക്കിലും മറ്റൊരു മാർഗവും ഇല്ലാത്തതിനാൽ എംജിഎൻആർഇജിഎ ജോലി സ്വീകരിക്കാൻ അവർ നിർബന്ധിതരാവുകയാണ്. ഇത് കൂടുതൽ സ്ഥിരീകരിക്കുന്നതാണ്, എംജിഎൻആർഇജിഎയിലെ സ്ത്രീകൾക്ക് ലഭിക്കുന്ന കൂലി പലപ്പോഴും മിനിമം കൂലിയെക്കാൾ 25 മുതൽ 30 വരെ ശതമാനം കുറവാണ് എന്നുകാണിക്കുന്ന സർക്കാർ കണക്കുകൾ. ഈ കാലഘട്ടത്തിൽ, സ്ത്രീത്തൊഴിലാളികളെ കരാർ അടിസ്ഥാനത്തിലും താൽക്കാലികാടിസ്ഥാനത്തിലും നിയമിക്കുന്ന പ്രവണത പ്രത്യേകിച്ചും വർധിച്ചിരിക്കുകയുമാണ്. വലിയൊരു വിഭാഗം സ്ത്രീകൾ വളരെ കുറഞ്ഞ കരാർ കൂലിനിരക്കോടുകൂടിയതും യാതൊരുവിധ തൊഴിൽ അവകാശങ്ങളോ സാമൂഹ്യ പരിരക്ഷയോ ഇല്ലാത്തതുമായ, വീട്ടിൽ ഇരുന്ന് ചെയ്യുന്ന ജോലികളിൽ ഏർപ്പെട്ടിട്ടുള്ളവരാണ്. സ്ത്രീത്തൊഴിലാളികളെ ഏറ്റവുമധികം ചൂഷണം ചെയ്യുന്നതും സർക്കാർതന്നെയാണ്; അംഗൻവാടിത്തൊഴിലാളികൾ, ഗ്രാമീണ ആരോഗ്യ മിഷനിലെ ക്രെഡിറ്റ് ചെയ്ത സാമൂഹ്യ ആരോഗ്യ പ്രവർത്തകർ (ആശകൾ), സ്കൂളുകളിലെ ഉച്ചഭക്ഷണ പാചകത്തൊഴിലാളികൾ എന്നിങ്ങനെയുള്ള വിവിധ സർക്കാർ പദ്ധതികളിൽ ജോലിചെയ്യുന്ന 50 ലക്ഷത്തിലധികം സ്ത്രീകളുടെ ചൂഷണം നിറഞ്ഞ തൊഴിൽ സാഹചര്യങ്ങളിൽ ഇത് കാണാൻ കഴിയുന്നതാണ്. ലക്ഷക്കണക്കായ ഈ സ്ത്രീകളെ 'പ്രതിഫലമില്ലാതെ സേവനം ചെയ്യുന്ന' തൊഴിലാളികൾ എന്ന നിലയിൽ പരിഗണിച്ച് പിച്ചക്കാശ് കൊടുക്കുന്നത് കേന്ദ്രസർക്കാർ തുടരുകയാണെന്നത് തന്നെ ലജ്ജാകരമാണ്; സ്ത്രീകൾ ചെയ്യുന്ന ജോലിയോടുള്ള ഭരണകൂടത്തിന്റെ പുരുഷമേധാവിത്വ സമീപനത്തെയാണ് ഇത് പ്രകടമാക്കുന്നത്. നഗരപ്രദേശങ്ങളിലെ അസംഖ്യം വീട്ടുവേലക്കാർ, പ്രധാനമായും സ്ത്രീകൾ, ദേശീയതലത്തിൽ ഇനിയും തൊഴിലാളികൾ എന്ന് അംഗീകരിക്കപ്പെട്ടിട്ടുപോലുമില്ല. ചില സംസ്ഥാനങ്ങളിൽ സമരംചെയ്ത് അവർ ചില അവകാശങ്ങൾ നേടിയിട്ടുണ്ടെന്നുമാത്രം.

**2.85** ബാങ്കിങ് മേഖലയുടെ സ്വകാര്യവൽക്കരണത്തിന്റെയും മുൻഗണനാ മേഖലകളിലെ വായ്പകൾ കുറയുന്നതിന്റെയും ഗുരുതരമായ അനന്തരഫലം, മൂന്ന് കോടിയിലധികം വരുന്ന സ്

ത്രീകളെ ഉൾക്കൊള്ളുന്ന സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾ കൈവരിച്ച നേട്ടങ്ങൾ ഇല്ലാതാകലാണ്. മുമ്പുണ്ടായിരുന്ന ബാങ്ക് വായ്പകൾക്കു പകരമായും സ്വയംസഹായ സംഘങ്ങളുമായി ബന്ധപ്പെടുത്തിയും, യാതൊരു നിയന്ത്രണവുമില്ലാത്ത ചട്ടക്കൂടിലും അന്യായമായ പലിശനിരക്കിലും മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് വിനാശകരമായ പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കുന്നത്. നവ ഉദാരവൽക്കരണ കാലഘട്ടത്തിലെ ഈ പണം ഇടുപാടുകൾ നൂറുകണക്കിന് സ്ത്രീകളെ ആത്മഹത്യയിലേക്ക് തള്ളിവിട്ടു; കേന്ദ്രസർക്കാരിന്റെ ഒത്താശയുള്ള മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളുടെ അനിയന്ത്രിതമായ നടപടികൾമൂലം ആയിരക്കണക്കിന് കുടുംബങ്ങളാണ് മുടിയുന്നത്. പ്രത്യേകിച്ചും പട്ടികജാതിക്കാരും പട്ടികവർഗക്കാരുമായ സ്ത്രീകൾക്കിടയിലെ സ്വയംസഹായ സംഘങ്ങളാണ് ഏറെയും ദുരിതത്തിലായത്.

2.86 ലൈംഗികവസ്തുക്കൾ എന്ന നിലയിൽ സ്ത്രീകളെ പ്രാകൃതമായ വിധത്തിൽ അടിച്ചമർത്തുകയും തരംതാഴ്ത്തുകയും ചെയ്യുന്ന സംസ്കാരങ്ങളെ നവഉദാരവൽക്കരണം പെരുപ്പിക്കുകയാണ്. പുതിയ പുതിയ രൂപങ്ങളിലുള്ള ചൂഷണവും സൈബർ കുറ്റങ്ങൾപോലെയുള്ള ഭീഷണിപ്പെടുത്തലുകളും വർധിച്ചുവരുന്നു. ഇവയെ കൈകാര്യം ചെയ്യുന്നതിനുള്ള നിയമപരമായ ചട്ടക്കൂടാകട്ടെ തികച്ചും അപര്യാപ്തമാണ്. കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾ, ദമ്പതികളെ ദുരഭിമാനത്തിന്റെ പേരിൽ കൊലപ്പെടുത്തുന്നത് എന്നിവയുൾപ്പെടെ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരികയാണ്. കഴിഞ്ഞ നിരവധി വർഷങ്ങളായി തീർപ്പാക്കാതെ കിടക്കുന്ന, ലൈംഗികാതിക്രമങ്ങൾക്കെതിരെയും തൊഴിലിടങ്ങളിലെ ലൈംഗിക പീഡനങ്ങൾക്കെതിരെയുമുള്ള നിയമങ്ങളും കുട്ടികളെ ദുരുപയോഗം ചെയ്യുന്നതിനെതിരെയുള്ള നിയമവും കേന്ദ്രസർക്കാർ ഇതുവരെ പാർലമെന്റിൽ കൊണ്ടുവരാത്തത് ഞെട്ടിപ്പിക്കുന്ന കാര്യമാണ്. ഒട്ടേറെ ഉറപ്പുകൾ പറഞ്ഞിട്ടും, ദുരഭിമാന ഹത്യകൾക്കെതിരെ നിയമനിർമാണത്തിന് കേന്ദ്രസർക്കാർ വിസമ്മതിക്കുകയാണ്. ഈ കുറ്റകൃത്യം ഏറ്റവും വ്യാപകമായി നടക്കുന്ന ചില സംസ്ഥാനങ്ങളിലെ സർക്കാരുകളിൽനിന്ന്, വിശിഷ്യാ ഹരിയാന സർക്കാരിൽനിന്നുള്ള സമ്മർദമാണ് ഇതിന് കാരണം.

2.87 ഈ കാലഘട്ടത്തിൽ ഒട്ടേറെ വിഷയങ്ങളിന്മേൽ സ്ത്രീകളുടെ പോരാട്ടങ്ങളും പ്രക്ഷോഭങ്ങളും നടക്കുകയുണ്ടായി. മെച്ചപ്പെട്ട വേതനത്തിനും തൊഴിൽ സാഹചര്യങ്ങൾക്കും വേണ്ടി തൊഴിലെടുക്കുന്ന സ്ത്രീകളുടെ സമരങ്ങൾ നയിക്കുന്നതിനൊപ്പം സ്ത്രീകളെ ബാധിക്കുന്ന സാമൂഹ്യപ്രശ്നങ്ങളിന്മേൽ പാർടി കൂടുതൽ ശക്തവും ഈടുറ്റതുമായ ഇടപെടൽ നടത്തേണ്ടതാണ്.

## മുസ്ലിം ന്യൂനപക്ഷത്തിന്റെ പ്രശ്നങ്ങൾ

2.88 മുസ്ലിം സമുദായത്തിന്റെ സാമൂഹ്യ–സാമ്പത്തിക സ്ഥിതിയെക്കുറിച്ച് സമഗ്രമായ വിശകലനം നടത്തിയ സച്ചാർ കമ്മിറ്റിയുടെ ശുപാർശകൾ ഫലപ്രദമായി നടപ്പാക്കുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ച സംഭവിച്ചതിൽ മുസ്ലിം ന്യൂനപക്ഷം നിരാശരാണ്. പട്ടികവർഗക്കാർക്കുവേണ്ടിയുള്ള ഉപപദ്ധതിയുടെ മാതൃകയിൽ മുസ്ലിം ന്യൂനപക്ഷത്തിനുവേണ്ടിയും ഒരു ഉപപദ്ധതി ഉണ്ടാകണമെന്ന സിപിഐ (എം) ഉന്നയിച്ച ആവശ്യം യുപിഎ സർക്കാർ നിരാകരിച്ചിരിക്കുകയാണ്. ഒരു ഉപപദ്ധതി ഉണ്ടാകുകയാണെങ്കിൽ ഗണ്യമായ തോതിൽ മുസ്ലിം ജനസംഖ്യയുള്ള പ്രദേശങ്ങളുടെ വികസനത്തിനായി ഫണ്ട് വകയിരുത്തപ്പെടും.

2.89 ജസ്റ്റിസ് രംഗനാഥമിശ്രയുടെ നേതൃത്വത്തിലുള്ള മതപരവും ഭാഷാപരവുമായ ന്യൂനപക്ഷങ്ങൾക്കായുള്ള ദേശീയ കമീഷന്റെ റിപ്പോർട്ട് നീണ്ട കാലതാമസത്തിനുശേഷം സർക്കാർ പാർലമെന്റിൽ വച്ചിരിക്കുകയാണ്. 'സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർ' എന്ന് പരിഗണിച്ചുകൊണ്ട്, കേന്ദ്ര–സംസ്ഥാന സർക്കാരുകൾക്കുകീഴിൽ എല്ലാ തലങ്ങളിലുമുള്ള ജോലിയുടെ 10 ശതമാനം മുസ്ലിം ന്യൂനപക്ഷത്തിനും അഞ്ച് ശതമാനം മറ്റ് ന്യൂനപക്ഷങ്ങൾക്കും സംവരണം ചെയ്യണമെന്ന് കമിഷൻ ശുപാർശചെയ്തിരിക്കുകയാണ്. പശ്ചിമബംഗാളിലെ ഇടതുമുന്നണി സർക്കാർ മാത്രമാണ്, മുസ്ലിങ്ങളെ ഒബിസിയായി തരംതിരിച്ചുകൊണ്ട് 10 ശതമാനം സംവരണം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചത്.

2.90 യുപിഎ സർക്കാർ ഈ ശുപാർശകൾ പരിഗണിക്കാൻ വിസമ്മതിക്കുകയാണ്. പകരം, ഒബിസിക്കുള്ള 27 ശതമാനം സംവരണത്തിനുള്ളിൽനിന്ന്, എല്ലാ ന്യൂനപക്ഷങ്ങൾക്കുമായി 4.5 ശതമാനം സംവരണം നൽകുമെന്ന് യുപിഎ സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. വലിയൊരു വിഭാഗം ദരിദ്രരായ മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം ഇത്തരത്തിൽ തുച്ഛമായ ഒരു വിഹിതം നൽകുന്നത് അവരെ പരിഹസിക്കലാണ്.

2.91 രംഗനാഥമിശ്ര കമിഷൻ നിർദേശിക്കുന്നതുപോലെ 'ക്രീമിലെയറി'നെ ഒഴിവാക്കി മുസ്ലിങ്ങൾക്ക് 10 ശതമാനം സംവരണം നൽകണമെന്ന ശുപാർശയെ സിപിഐ (എം) പിന്തുണയ്ക്കുന്നു. പട്ടികജാതിക്കാർ അനുഭവിക്കുന്ന സംവരണത്തിന്റെ ആനുകൂല്യങ്ങൾ അവരിലെ മുസ്ലിങ്ങൾക്കും ക്രിസ്ത്യാനികൾക്കും കൂടി വ്യാപിപ്പിക്കണം. ഈ ശുപാർശകൾ നടപ്പാക്കുന്നത്

പിന്നോക്ക വിഭാഗങ്ങൾക്കും പട്ടികജാതിക്കാർക്കുമായി നിശ്ചയിച്ചിട്ടുള്ള ഇപ്പോഴത്തെ ക്വാട്ടയെ ബാധിക്കുന്ന വിധത്തിലാകരുത്; പൊതുക്വാട്ടയിൽനിന്ന് ഇതിനായി പ്രത്യേകം വകയിരുത്തണം. സുപ്രീംകോടതി നിശ്ചയിച്ച 50 ശതമാനം എന്ന പരിധി മറികടക്കുന്നതിന് ഭരണഘടനയിൽ അനുയോജ്യമായ ഭേദഗതി വരുത്തണം.

**2.92** ഭീകരാക്രമണങ്ങൾ ഉണ്ടാകുമ്പോഴെല്ലാം വിവേചനരഹിതമായ അറസ്റ്റുകൾക്കും പീഡനങ്ങൾക്കും ഭരണകൂടത്തിൽനിന്നുള്ള മനുഷ്യാവകാശ ലംഘനങ്ങൾക്കും ലക്ഷ്യമാക്കപ്പെടുകയുമാണ് മുസ്ലിം സമുദായം. ഇത്തരം സംഭവങ്ങളെ തുടർന്ന്, മുസ്ലിം യുവാക്കൾ അറസ്റ്റ്ചെയ്യപ്പെടുകയും പീഡനങ്ങൾക്ക് വിധേയരാവുകയും അവർക്കെതിരെ കള്ളക്കേസുകൾ ചുമത്തപ്പെടുകയും ചെയ്യുന്നു. ഹൈദരബാദിലെ മെക്കാ മസ്ജിദ് സ്ഫോടനത്തിന്റെ പേരിലും മഹാരാഷ്ട്രയിലെ മാലേഗാവ് സ്ഫോടനത്തിന്റെ പേരിലും അറസ്റ്റുചെയ്യപ്പെട്ട മുസ്ലിം യുവാക്കളെ, ഈ ആക്രമണങ്ങൾക്കുപിന്നിൽ ഒരു ഹിന്ദുത്വ തീവ്രവാദ സംഘടനയാണെന്ന് കണ്ടെത്തിയപ്പോൾ, വർഷങ്ങൾക്കുശേഷം ജയിലിൽനിന്ന് വിട്ടയയ്ക്കുകയാണുണ്ടായത്. ഉത്തർപ്രദേശിലെ അസംഗഢ് ജില്ലയിൽപ്പെട്ട നിരവധി മുസ്ലിം യുവാക്കൾ പല ഘട്ടങ്ങളിലും തടവിലാക്കപ്പെടുകയും കൃത്യമായ തെളിവുകളൊന്നും കൂടാതെ തന്നെ പല കേസുകളിലും ഉൾപ്പെടുത്തപ്പെടുകയും ചെയ്യുന്നു. പൊലീസിന്റെയും കേസന്വേഷണം നടത്തുന്ന സുരക്ഷാ ഏജൻസികളുടെയും ഭാഗത്തുനിന്നുള്ള പക്ഷപാതപരവും വിവേചനരഹിതവുമായ കൈകാര്യം ചെയ്യൽ തികഞ്ഞ അനീതിയാണ്; ഇത് മുസ്ലിം സമുദായത്തിന്റെ വർഗീയമായ ധാരണയെ ബലപ്പെടുത്തുക മാത്രമേയുള്ളൂ. ഇത്തരം വിവേചനങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും അവസാനിപ്പിക്കണമെന്ന് സിപിഐ (എം) ആവശ്യപ്പെടുന്നു.

### ഗോത്രവർഗ അവകാശങ്ങൾക്കുമേലുള്ള കൈയേറ്റങ്ങൾ

**2.93** ഈ കാലഘട്ടത്തിൽ, ഖനിമേഖലയിൽ കോർപറേറ്റുകൾക്കുവേണ്ടിയും അതേപോലെതന്നെ വൈദ്യുതി പദ്ധതികൾക്കും ജലസേചനപദ്ധതികൾക്കുംവേണ്ടിയും സർക്കാർ ഗോത്രവർഗ ഭൂമി ഏറ്റെടുക്കുകയും അതേതുടർന്ന് ഗോത്രവർഗക്കാർ ആട്ടിയോടിക്കപ്പെടുകയും ചെയ്യുന്നത് ഇന്ത്യയിലെ ഗോത്രസമുദായം അഭിമുഖീകരിക്കുന്ന ഒരു മുഖ്യവിഷയമാണ്. ആന്ധ്രാപ്രദേശിലെയും ഝാർഖണ്ഡിലെയും ഒറീസ്സയിലെയുംപോലെ ഇത്തരം ഭൂമി ഏറ്റെടുക്കലുകൾക്ക് അനുവാദം നൽകുക മാത്രമല്ല കേന്ദ്രസർക്കാർ ചെയ്യുന്നത്; മറിച്ച് അതിനെ സജീവമായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഗ്രാമസഭയുടെ മുൻകൂട്ടിയുള്ള സമ്മതി വേണമെന്ന പിഇഎസ്എ ധപഞ്ചായത്ത് (പട്ടികപ്രദേശങ്ങളിലേക്കുള്ള വ്യാപന) നിയമം, 1996പയെപ്പോലുള്ള നിയമങ്ങളിലെ വകുപ്പുകൾ പരസ്യമായി ലംഘിക്കപ്പെടുകയാണ്. അതേസമയം തന്നെ, ഐതിഹാസികമായ വനാവകാശ നിയമം അത് ഫലപ്രദമായി നടപ്പാക്കപ്പെട്ട ത്രിപുരയെ അതിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് അട്ടിമറിക്കപ്പെടുകയുമാണ്. ഗോത്രവർഗക്കാർക്ക് വ്യക്തിഗതമായും സാമുദായികാടിസ്ഥാനത്തിലുമുള്ള അവകാശങ്ങൾക്കായുള്ള പട്ടയം അനുവദിക്കുന്നത്, ധാതുസമ്പന്നമായ ഗോത്രമേഖലകളിലേക്ക് കോർപറേറ്റുകൾക്ക് കടന്നുകയറ്റത്തിന് തടസ്സമായിരിക്കും എന്ന നിലയിലാണ് വീക്ഷിക്കപ്പെടുന്നത്. അവകാശവാദങ്ങൾ (ക്ലെയിംസ്) നിരാകരിക്കപ്പെടുന്നതിന്റെ ദേശീയശരാശരി 50 ശതമാനത്തിലധികമാണ്. പ്രധാനമായും ഗോത്രവർഗക്കാരുടെ ക്ലെയിമുകൾ നിരാകരിക്കാൻ നിയമത്തിനും ചട്ടങ്ങൾക്കും പുറത്തുനിന്നുള്ള പുതിയ വ്യവസ്ഥകൾ അവതരിപ്പിക്കപ്പെടുകയാണ്. 75 വർഷമായി വനത്തിൽ താമസിക്കുകയാണെന്ന് തെളിയിക്കണമെന്ന, നടപ്പാക്കാൻ സാധ്യമല്ലാത്ത വ്യവസ്ഥമൂലം ഇതേപോലെതന്നെ ദരിദ്രരും ദുരിതമനുഭവിക്കുന്നവരുമായ ഗോത്രവർഗേതരരായ പരമ്പരാഗത വനവാസികൾക്കെതിരെയുള്ള വിവേചനവും ഈ വിഭാഗങ്ങൾക്ക് കൂട്ടത്തോടെ അവകാശങ്ങൾ നിഷേധിക്കുന്നതിനിടയാക്കിയിരിക്കുന്നു. ഈ വകുപ്പ് നീക്കംചെയ്യുന്നതിന് അടിയന്തിരമായി നിയമത്തിൽ ഭേദഗതി ചെയ്യേണ്ടതാണ്; ഇത്തരം വകുപ്പുകളെ സംബന്ധിച്ചിടത്തോളം സുപ്രീംകോടതി മുമ്പുതന്നെ അനുവദിച്ച 1980 എന്ന 'കട്ട് ഓഫ് ഡേറ്റു'മായി പൊരുത്തപ്പെടത്തക്കവിധമായിരിക്കണം ഈ നിയമഭേദഗതി കൊണ്ടുവരേണ്ടത്. ഈ സമുദായങ്ങൾക്ക് നീതി ലഭ്യമാക്കാൻ ഇത് അനുപേക്ഷണീയമാണ്.

**2.94** ഗോത്രവർഗക്കാരുടെ ഭൂമി ഏറ്റെടുക്കുന്ന വിഷയത്തെ കരട് ഭൂമി ഏറ്റെടുക്കൽ–പുനരധിവാസ നിയമത്തിലെ വ്യവസ്ഥകൾ കൂടുതൽ രൂക്ഷമാക്കിയിരിക്കുന്നു. ആ നിയമത്തിൽ, പൊതുലക്ഷ്യത്തിന്റെ പേരിൽ ഗോത്രവർഗക്കാരിൽനിന്ന് മുൻകൂട്ടി അനുമതി വാങ്ങിയിരിക്കണമെന്ന നിർബന്ധമായും നടപ്പാക്കേണ്ട വ്യവസ്ഥയെ പൂർണമായും കൈവെടിഞ്ഞിരിക്കുകയാണ്. അങ്ങനെ ഗോത്രവർഗ ഭൂമിയുടെ സംരക്ഷണത്തിന്റെ വിഷയം പ്രധാനപ്പെട്ട ഒന്നായിരിക്കുന്നു. അത് പാർടി നിരന്തരമായ രീതിയിൽ കൈകാര്യം ചെയ്യണം. അതേസമയംതന്നെ, ധാതുസമ്പത്തിൽ ഒരു ഓഹരി ലഭിക്കുന്നതിനുള്ള ഗോത്രവർഗക്കാരുടെ അവകാശം ഏറെ പ്രധാനപ്പെട്ടതാണ്. ഗോത്രഗവർഗ മേഖലയുടെ വികസനത്തിനായി മൈനിങ് കമ്പനിയിൽനിന്ന് വാർഷിക റോയൽറ്റിക്ക് തുല്യമായ സംഖ്യ ഈടാക്കണമെന്ന് കേന്ദ്രസർക്കാർ നിർദേശിക്കുന്നുണ്ട്. ഇതൊരു നക്കാപ്പിച്ച മാത്രമാണ്; ഇതിനെ ഒട്ടും അംഗീകരിക്കാനാവില്ല. മറിച്ച്, ധാതു

സമ്പത്തിൽ ഗോത്രവർഗങ്ങൾക്കുള്ള അവകാശം അംഗീകരിക്കുന്നതിനായുള്ള സമത കേസിലെ സുപ്രീംകോടതിയുടെ മാർഗനിർദേശം ഈ വിഷയത്തെ സംബന്ധിച്ച നയത്തിന്റെ അടിത്തറയായിരിക്കണം; അത് ഗോത്രവർഗക്കാരുടെ പങ്കാളിത്തത്തെയും സമ്മതത്തെയും ആധാരമാക്കിയുള്ളതാണ്.

**2.95** ഗോത്രവർഗക്കാരുടെ, പ്രത്യേകിച്ച് ഗോത്രവർഗ വിദ്യാർഥികളുടെ ആരോഗ്യ–വിദ്യാഭ്യാസാവശ്യങ്ങളോടുള്ള കുറ്റകരമായ അവഗണന, ഗോത്രവർഗക്കാരുടെ തൊഴിലില്ലായ്മ എന്ന മർമപ്രധാനമായ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ഗോത്രവർഗമേഖലകളിലെ യുവാക്കൾക്കായി ട്രെയ്നിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ രൂപീകരിക്കുന്നതിൽ കേന്ദ്രസർക്കാരിന്റെ തികഞ്ഞ പരാജയം, കേന്ദ്ര–സംസ്ഥാന സർക്കാർ ജോലികളിൽ പട്ടികവർഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട ക്വാട്ടയിലെ കുടിശ്ശിക തീർക്കൽ എന്നിങ്ങനെയുള്ള മുമ്പ് ഉന്നയിച്ച മറ്റ് വിഷയങ്ങളിലും, കഴിഞ്ഞ മൂന്നുവർഷത്തിനകം ഒരു അഭിവൃദ്ധിയും ഉണ്ടായിട്ടില്ല. അതിനാൽ അവ ഇന്നും പ്രസക്തമാണ്. നേരെമറിച്ച്, മൊത്തം വകയിരുത്തലിന്റെ 8.2 ശതമാനമെങ്കിലും നിർബന്ധമായും ഗോത്രവർഗക്കാർക്കായി വകയിരുത്തുമെന്ന ഗോത്രവർഗ ഉപപദ്ധതിയിലെ മാർഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി ബജറ്റിൽ അവർക്കായി അതിലും ഏറെ കുറഞ്ഞ തുക വകയിരുത്തിയതിലും അതിനു പുറമെ മാത്രമല്ല, വിവിധ മന്ത്രാലയങ്ങൾക്ക് ഒഴിവ് നൽകിക്കൊണ്ട് മാർഗനിർദ്ദേശത്തിൽ വെള്ളം ചേർത്തതിലും കേന്ദ്രസർക്കാർ കുറ്റക്കാരാണ്.

**2.96** പല ഗോത്രവർഗമേഖലകളിലും ഗോത്രവർഗക്കാർ ഒരുവശത്ത് മാവോയിസ്റ്റ് കൊള്ളകൾക്കും മറുവശത്ത് സുരക്ഷാസേനയ്ക്കും നടുവിൽ അകപ്പെട്ടിരിക്കുകയാണ്. മാവോയിസ്റ്റുകളുടെ പിടിച്ചുപറിസ്വഭാവത്തിലുള്ള ദരിദ്രവിരുദ്ധ നടപടികൾക്കെതിരെ ഗോത്രവർഗക്കാരെ അണിനിരത്തുമ്പോൾതന്നെ, ഭരണകൂട അടിച്ചമർത്തലുകൾക്കെതിരെ ഗോത്രവർഗക്കാരുടെ അവകാശങ്ങൾക്കുവേണ്ടിയും പാർടി നിലകൊളളണം. പാർടി ഗോത്രവർഗജനതയെ സംഘടിപ്പിക്കുകയും ഭൂമിയിലും വനത്തിലുമുള്ള ഗോത്രവർഗാവകാശങ്ങൾ സംരക്ഷിക്കുന്നതിനും വികസനത്തിൽ അവർക്ക് അർഹമായ വിഹിതം ലഭിക്കുന്നതിനും വേണ്ടിയുള്ള അവരുടെ സമരങ്ങൾ നയിക്കുകയും ചെയ്യും.

### ദളിത് വിഷയങ്ങൾ

**2.97** പട്ടികജാതിക്കാരായ 16.66 കോടി പേരെ (ഇന്ത്യയിലെ ജനസംഖ്യയിൽ 16.2%) സംബന്ധിച്ചിടത്തോളം ജാതീയമായ മർദനങ്ങളാണ് അവരുടെ മനുഷ്യാവകാശങ്ങൾക്കുമേലുള്ള ഏറ്റവും കടുത്ത കടന്നാക്രമണങ്ങൾ. ഭൂമിയില്ലായ്മ, ശുദ്ധജലവിതരണത്തിന്റെയും പൊതുറോഡുകളുടെയും ശ്മശാനങ്ങളുടെയും മറ്റ് സേവനങ്ങളുടെയും ലഭ്യത നിഷേധിക്കൽ എന്നിവ ദളിതരുടെ ജീവിതത്തെ ദുരിതമയമാക്കുന്നു. നിയമപരമായ നിരോധനമുണ്ടായിട്ടും 10 ലക്ഷത്തിലധികം ദളിതർ തോട്ടികളായി ജോലിചെയ്യാൻ നിർബന്ധിതരായിരിക്കുന്നു. പട്ടികജാതി നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾ തന്നെ പ്രതിവർഷം ശരാശരി 30,000 വരുന്നുണ്ട് എന്ന വസ്തുത തന്നെ ദളിതർക്കുമേലുള്ള വർധിച്ചുവരുന്ന അതിക്രമങ്ങൾ വ്യക്തമാക്കുന്നു. അവയിൽ വളരെ കുറച്ചു കേസുകളിൽ മാത്രമേ പ്രതികൾ ശിക്ഷിക്കപ്പെടുന്നുള്ളൂ. ബൂർഷ്വാ–ഭൂപ്രഭു വ്യവസ്ഥിതി അവർക്ക് ഔപചാരികമായി ഭരണഘടനാപരവും നിയമപരവുമായ അവകാശങ്ങൾ പ്രദാനം ചെയ്യുന്നു; എന്നാൽ, അർത്ഥപൂർണമായ ഏതെങ്കിലും വിധത്തിൽ അവ നടപ്പാക്കുമെന്ന് ഉറപ്പുവരുത്തുന്നില്ല.

**2.98** സ്വകാര്യവൽക്കരണ നടപടികളും സർക്കാർ ജോലികളിലെ നിയമനനിരോധനവും ദളിത് തൊഴിലവസരത്തിനുവേണ്ടിയുള്ള സാധ്യതകൾ കുറച്ചിരിക്കുന്നു. പട്ടികജാതി ഘടകപദ്ധതി (എസ്‌സിഎസ്‌പി) ക്കുവേണ്ടി അനുവദിക്കപ്പെട്ടിട്ടുള്ള പ്രത്യേക ഫണ്ടുകൾ ദുരുപയോഗപ്പെടുത്തപ്പെടുകയും വകമാറ്റപ്പെടുകയുമാണ്. എസ്‌സിഎസ്‌പിക്ക് ഫണ്ട് വകയിരുത്തുന്നത് നിർബന്ധിതമാക്കാനും ആ ഫണ്ടുകൾ ചെലവഴിക്കപ്പെടാതിരിക്കുകയും വകമാറ്റപ്പെടുകയും ചെയ്യാതിരിക്കുമെന്ന് ഉറപ്പാക്കാനും കേന്ദ്ര നിയമനിർമാണം അനുപേക്ഷണീയമാണ്. ക്വാട്ട വിനിയോഗത്തിലെ വിടവ് പൂർത്തിയാക്കപ്പെടാതെ തുടരുകയാണ്. സ്വകാര്യമേഖലയിൽ സംവരണം എന്ന ന്യായമായ അവകാശം അംഗീകരിക്കാൻ കേന്ദ്രസർക്കാർ വിസമ്മതിക്കുകയാണ്. ഇത് നേടിയെടുക്കാനായി വിശാലമായ ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കേണ്ടതുണ്ട്.

**2.99** അയിത്തത്തിനും ദളിതരെ ജാതീയമായി അടിച്ചമർത്തുന്നതിനുമെതിരെയുള്ള പോരാട്ടം പാർടി സജീവമായി ഏറ്റെടുക്കണം. തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും സമീപകാലത്തായി പാർടിയും മറ്റ് പുരോഗമന ശക്തികളും ആരംഭിച്ച അയിത്തവിരുദ്ധ പ്രസ്ഥാനവും ശ്രദ്ധേയമായ പുരോഗതി നേടിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിലും ഇത് നടപ്പാക്കണം.

### അംഗവൈകല്യമുള്ളവരുടെ അവകാശങ്ങൾ

**2.100** അംഗവൈകല്യമുള്ള വ്യക്തികൾ അപമാനിക്കലും വിവേചനവും അടിസ്ഥാന മനുഷ്യാവകാശങ്ങളുടെ നിഷേധവും പലപ്പോഴും കൊടുംക്രൂരതകളും അനുഭവിക്കുന്നത് തുടരുകയാണ്. അംഗവൈകല്യമുള്ളവരുടെ യഥാർത്ഥ സംഖ്യ കുറച്ചുകാണിക്കപ്പെടുകയാണ്; വിഭവങ്ങളുടെ

വീതംവയ്ക്കലിൽ അവർക്ക് അർഹമായ വിഹിതം നിഷേധിക്കുന്നതിന് ഇത് ഇടയാക്കുന്നു. അംഗവൈകല്യമുള്ളവരിൽ വലിയൊരു വിഭാഗം ദരിദ്രരിൽ ഉൾപ്പെടുന്നു; അങ്ങനെ അവർ ഇരട്ടവൈഷമ്യം അനുഭവിക്കുന്നു. ഇപ്പോഴത്തെ നിയമസംവിധാനം തികച്ചും അപര്യാപ്തമാണ്. നിയമത്തെയും നയത്തെയും അവകാശാധിഷ്ഠിതമായ കാഴ്ചപ്പാടിൽനിന്ന് പുനഃക്രമീകരിക്കേണ്ടത് ആവശ്യമായിരിക്കുന്നു. അംഗവൈകല്യമുള്ളവരുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിലെ വീഴ്ച, അവർക്ക് വിദ്യാഭ്യാസവും തൊഴിലും ഉപജീവനമാർഗവും പ്രദാനം ചെയ്യുന്നതിലെ വീഴ്ച, ആരോഗ്യ സേവനങ്ങളുടെ അഭാവം, ഉദ്ഗ്രഥനത്തിലെ വീഴ്ചകൾ എന്നിവയെല്ലാം അടിയന്തിരമായി പരിഹരിക്കേണ്ട വിഷയങ്ങളാണ്. അംഗവൈകല്യമുള്ള വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്ര കൺവെൻഷൻ പ്രാബല്യത്തിൽ വരുന്നതിനാൽ ഈ കൺവെൻഷനുമായി പൊരുത്തപ്പെടത്തക്കവിധം നിലവിലുള്ള നിയമങ്ങളെ പരിഷ്കരിക്കേണ്ടത് അടിയന്തിരാവശ്യമാണ്. അംഗവൈകല്യമുള്ള പൗരന്മാരുടെ ക്ഷേമവും അഭിവൃദ്ധിയും അവർക്ക് തുല്യപൗരന്മാരെന്ന നിലയ്ക്കുള്ള അവകാശങ്ങൾ അംഗീകരിക്കുന്നതുമായി നിർണായകമായി ബന്ധപ്പെട്ടിരിക്കുന്നു; അനുകമ്പയോ പരിലാളനമോ അനുഭവിക്കുന്നവർ എന്ന നിലയിലല്ല അവർ പരിഗണിക്കപ്പെടേണ്ടത്.

## വിദ്യാഭ്യാസം

**2.101** 2011 ലെ മാനവ വികസനസൂചികകളുടെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തിയ 187 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 134 എന്ന പരിതാപകരമായ അവസ്ഥയിലാണ്. 2011ലെ സെൻസസ് പ്രകാരം 26 ശതമാനം ഇന്ത്യക്കാർ ഇപ്പോഴും നിരക്ഷരരാണ്; സ്ത്രീ സാക്ഷരതാ നിരക്ക് 35 ശതമാനവുമാണ്. ഇന്ത്യയിൽ സ്കൂളിൽ പോകുന്നതിന്റെ ശരാശരി വർഷം 2010ൽ 4.4 ആണ്. ഇതാകട്ടെ 7.4 എന്ന ആഗോള ശരാശരിയെക്കാൾ വളരെ താഴെയുമാണ്. ഉന്നതവിദ്യാഭ്യാസ പ്രവേശനത്തിന്റെ ലോകശരാശരി 26 ശതമാനമായിരിക്കുമ്പോൾ ഇന്ത്യയിൽ അത് ഏകദേശം 15 ശതമാനമേ വരൂ. മൊത്തം വിദ്യാഭ്യാസച്ചെലവ് (കേന്ദ്രവും സംസ്ഥാനങ്ങളും കൂടി) 2010–11ൽ ജിഡിപിയുടെ മൂന്ന് ശതമാനത്തിലും താഴെയാണ്. ഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെ പിന്നോക്കാവസ്ഥയും ജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ ഇന്ത്യൻ ഭരണകൂടത്തിന്റെ പ്രതിബദ്ധത ഇല്ലായ്മയുമാണ് ഇത് വെളിപ്പെടുത്തുന്നത്.

**2.102** എല്ലാ കുട്ടികൾക്കും സ്കൂൾ വിദ്യാഭ്യാസ പ്രവേശം ഉറപ്പാക്കുന്നതിൽ ഏറെ കൊട്ടിഘോഷിക്കപ്പെട്ട വിദ്യാഭ്യാസ അവകാശനിയമത്തിന് വിജയിക്കാനായില്ല. പൊതുഫണ്ട് വേണ്ടത്ര ലഭ്യമാകാത്തതാണ് ഇതിന്റെ മുഖ്യകാരണം. അതേസമയം തന്നെ അംഗവൈകല്യമുള്ള കുട്ടികളുടെ പ്രത്യേകാവകാശങ്ങൾ അവഗണിക്കപ്പെടുകയുമാണ്. ആവശ്യമായ ധനവിഭവങ്ങളുടെ മുഖ്യഭാഗം പങ്കുവയ്ക്കാൻ കേന്ദ്രം വിസമ്മതിക്കുകയാണ്. അതിനുപരി, രാജ്യത്തുടനീളം സ്വകാര്യസ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുള്ള 2500 'മോഡൽ' പിപിപി സ്കൂളുകൾക്ക് സബ്സിഡി നൽകുന്നതിന്റെ പേരിൽ സ്കൂൾ വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുകയുമാണ്. സർക്കാർ സ്കൂളുകളിൽ റിക്രൂട്ടുചെയ്യപ്പെടുന്ന അധ്യാപകരിൽ വലിയൊരു ഭാഗം കരാർ അടിസ്ഥാനത്തിലുള്ളവരാണ്. സ്കൂൾ വിദ്യാഭ്യാസം അടിസ്ഥാന അവകാശമാണ്; അത് സാർവത്രികമായിരിക്കണം; ഭരണകൂടം അത് പ്രദാനം ചെയ്യുകയും വേണം.

**2.103** എല്ലാ തലങ്ങളിലുമുള്ള വിദ്യാഭ്യാസത്തെ കേന്ദ്രീകരിച്ചും വാണിജ്യവൽക്കരിച്ചും വിദ്യാഭ്യാസ മണ്ഡലത്തിൽ രണ്ടാം യുപിഎ സർക്കാർ നവലിബറൽ കടന്നാക്രമണം അഴിച്ചുവിടുകയാണ്. ഫെഡറലിസത്തെ തകർക്കുന്നതും ജനാധിപത്യ സംവിധാനങ്ങളെ ദുർബലപ്പെടുത്തുന്നതും ഉന്നത വിദ്യാഭ്യാസത്തിൽ സ്വകാര്യ കൊള്ളലാഭമടിക്കലിനെ പ്രോത്സാഹിപ്പിക്കുന്നതുമായ നിരവധി നിയമങ്ങളുമായി കേന്ദ്രസർക്കാർ മുന്നോട്ടുവരികയാണ്. വിദേശ വിദ്യാഭ്യാസ സ്ഥാപന ബിൽ വിദേശ കച്ചവടക്കാർക്ക് കനത്ത ഫീസ് ഈടാക്കിക്കൊണ്ടും വിദ്യാർഥികളെ ഞെക്കിപ്പിഴിഞ്ഞുകൊണ്ടും വാണിജ്യാടിസ്ഥാനത്തിൽ പഠിപ്പിക്കൽ കടകൾ തുറക്കുന്നതിന് മാത്രം ഇടയാക്കും. ഉന്നത വിദ്യാഭ്യാസത്തിനായുള്ള ദേശീയ കമ്മിഷൻ രൂപീകരിക്കുന്നതിനുള്ള നിർദിഷ്ട നിയമം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വയംഭരണത്തിന്റെയും വൈവിധ്യത്തിന്റെയും അടിവേരുതന്നെ അറുക്കുന്നതാണ്. ഇവയെ ശക്തമായി എതിർക്കേണ്ടത് ആവശ്യമാണ്.

**2.104** മിക്കവാറും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 27 ശതമാനം ഒബിസി സംവരണം ഏർപ്പെടുത്താനുള്ള വ്യവസ്ഥ ശരിയായവിധം പാലിക്കപ്പെട്ടിട്ടില്ല. അധ്യാപക–അധ്യാപകേതര തസ്തികകളിലെ ഒഴിവുകൾ ബോധപൂർവം നികത്താതെ ഒഴിച്ചിട്ടിരിക്കുന്നത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ബാധിക്കുന്നു. പൊതു ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തെ ഉത്തേജിപ്പിക്കേണ്ടതും ജനാധിപത്യവൽക്കരിക്കേണ്ടതും ആവശ്യമാണ്. എൻജിനീയറിങ്, മെഡിസിൻ, മാനേജ്മെന്റ് തുടങ്ങിയ പ്രൊഫഷണൽ വിഷയങ്ങളിലെ സ്വകാര്യ സ്ഥാപനങ്ങൾ വിദ്യാഭ്യാസത്തെ ആകർഷകമായ ഒരു കച്ചവടമാക്കി മാറ്റിയിരിക്കുന്നു. സംസ്ഥാന ഗവൺമെന്റുകൾ അനുവദിച്ച സ്വകാര്യ സർവ്വകലാശാലകൾ പടർന്നു പന്തലിച്ചിരിക്കുന്നു. ബി.ജെ.പി ഭരിക്കുന്ന

സംസ്ഥാനങ്ങളിൽ പാഠ്യപദ്ധതിയും സ്കൂൾ പാഠപുസ്തകങ്ങളും തിരുത്തിയെഴുതിക്കൊണ്ട് വിദ്യാഭ്യാസവ്യവസ്ഥയെ വർഗീയവൽക്കരിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനവും ഫീസുകളും ക്രമീകരിക്കുന്നതിനും ഉന്നതവിദ്യാഭ്യാസത്തിൽ സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും കേന്ദ്ര നിയമം കൊണ്ടുവരേണ്ടതുണ്ട്.

**2.105** വിദ്യാർഥികൾ, അധ്യാപകർ, അധ്യാപകേതര ജീവനക്കാർ എന്നിവരുടെ ജനാധിപത്യാവകാശങ്ങൾ അടിച്ചമർത്തപ്പെടുകയാണ്. പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർഥി യൂണിയൻ തെരഞ്ഞെടുപ്പ് നിരോധിക്കപ്പെടുകയാണ്. പശ്ചിമബംഗാളിലെ തൃണമൂൽ കോൺഗ്രസ് നേതൃത്വത്തിലുള്ള പുതിയ സർക്കാർ, യൂണിവേഴ്സിറ്റി സെനറ്റുകളിലും ഗവേണിങ് ബോഡികളിലും അക്കാദമിക സമൂഹത്തിന്റെ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളിലൂടെ പശ്ചിമബംഗാളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിൽ ദീർഘകാലമായി നിലനിൽക്കുന്ന ജനാധിപത്യ തത്വങ്ങൾക്കെതിരെ, കടുത്ത കടന്നാക്രമണം അഴിച്ചുവിട്ടിരിക്കുകയാണ്. വിദ്യാർഥി പ്രവർത്തകരെ ഭീഷണിപ്പെടുത്താനും വിദ്യാർഥി രാഷ്ട്രീയത്തെ അപകീർത്തിപ്പെടുത്താനും ക്യാമ്പസുകളിൽ ജനാധിപത്യ രാഷ്ട്രീയത്തിന്റെ എല്ലാ രൂപങ്ങളെയും നിരോധിക്കാനുള്ള അവരുടെ വലതുപക്ഷ അജണ്ട നടപ്പാക്കാനുമായി തൃണമൂൽ കോൺഗ്രസുകാർ വിദ്യാർഥി യൂണിയൻ തെരഞ്ഞെടുപ്പുകളിൽ ആസൂത്രിതമായി ആക്രമണം അഴിച്ചുവിടുകയാണ്. പ്രവേശനത്തിലെ ക്രമക്കേടുകൾക്കും ഉയർന്ന ഫീസ് നിരക്ക് ഈടാക്കുന്നതിനും മാനദണ്ഡങ്ങൾ ലംഘിക്കുന്നതിനും എതിരെ കേരളത്തിൽ എസ്എഫ്ഐയുടെ നേതൃത്വത്തിൽ വിദ്യാർഥി പ്രസ്ഥാനം 2011ൽ ശക്തമായ സമരം നടത്തി. നിഷ്ഠുരമായ ലാത്തിച്ചാർജിലും ഗ്രനേഡ് ആക്രമണത്തിലും നൂറുകണക്കിന് വിദ്യാർഥികൾക്ക് പരിക്കേറ്റു.

**2.106** യുവാക്കൾക്കുവേണ്ടിയുള്ള സ്പോർട്സ് പ്രവർത്തനങ്ങൾക്ക് അവ അർഹിക്കുന്ന മുൻഗണനയും ശ്രദ്ധയും ലഭിക്കുന്നില്ല. കളിസ്ഥലങ്ങളും സ്പോർട്സ് സൗകര്യങ്ങളും കുറവാണ്, വിശേഷിച്ച് പാവപ്പെട്ട ജനവിഭാഗങ്ങൾക്ക്. സ്പോർട്സിന്റെ വ്യാപാരവൽക്കരണം എല്ലാവർക്കും പ്രത്യേകിച്ച് ഗ്രാമീണ യുവാക്കൾക്ക്, വേണ്ടിയുള്ള സ്പോർട്സ് വികസനത്തെ തടസ്സപ്പെടുത്തുന്നു.

**2.107** എല്ലാവർക്കും വിദ്യാഭ്യാസത്തിൽ പ്രവേശനം, തുല്യത, ഗുണനിലവാരം എന്നിവ ലഭിക്കുന്നതിനുവേണ്ടി സിപിഐ (എം) ശക്തിയായി വാദിക്കും.

## ആരോഗ്യപരിരക്ഷ

**2.108** ആരോഗ്യപരിരക്ഷയ്ക്കുള്ള പൊതുചെലവ് മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 1.2 ശതമാനത്തോളമായി, ഇപ്പോഴും ദയനീയമായി തുടരുകയാണ്. രാജ്യത്തിന്റെ പലഭാഗങ്ങളിലും പൊതുജനാരോഗ്യ വ്യവസ്ഥ തകർന്നിരിക്കുന്നു. ആരോഗ്യപരിരക്ഷയ്ക്കുവേണ്ടിയുള്ള ചെലവിൽ 70 ശതമാനത്തിലധികവും ഇന്ത്യക്കാർ വഹിക്കുന്നത് സ്വന്തം വരുമാനത്തിനുമപ്പുറത്തുള്ള ചെലവെന്ന നിലയ്ക്കാണ്. മാതൃ–ശിശു മരണങ്ങൾ ഭയാനകമാണ്. ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ (എൻആർഎച്ച്എം) ഒരിക്കലും പ്രതീക്ഷിച്ചിരുന്നത്ര ആവേഗം കൈവരിക്കുകയുണ്ടായില്ല. അത് അഴിമതിയിൽ കുളിച്ചുകിടക്കുകയാണ്. പട്ടണപ്രദേശങ്ങളിലെ ആരോഗ്യപരിരക്ഷയ്ക്കുള്ള പദ്ധതികളെല്ലാം അതിശക്തമായ സ്വകാര്യ ആശുപത്രി ലോബിയുടെ സമ്മർദത്തിന് കീഴ്വഴങ്ങി തുടർച്ചയായി അലമാരയിൽ അടച്ചുപൂട്ടി വച്ചിരിക്കുകയാണ്. പൊതുജനാരോഗ്യ വ്യവസ്ഥയിലെ കടുത്ത അപര്യാപ്തതകൾ കാരണം, വൻകിട കോർപറേറ്റ് ശൃംഖലകളുടെ നേതൃത്വത്തിലുള്ള സ്വകാര്യ ആരോഗ്യ പരിരക്ഷാ മേഖലയുടെ അനിയന്ത്രിതമായ വികസനത്തിനും ദൃഢീകരണത്തിനും കൂടുതൽ അവസരം ലഭ്യമാക്കിയിരിക്കുന്നു. പൊതുജനാരോഗ്യ പരിരക്ഷയുടെ അഭാവത്തിൽ പലപ്പോഴും അത്യധികം ഉയർന്ന നിരക്കിൽ സംശയകരമായ ഗുണനിലവാരത്തിലുള്ള ചികിത്സ പ്രദാനം ചെയ്യുന്ന അനിയന്ത്രിതമായ സ്വകാര്യമേഖലയുടെ ദയാദാക്ഷിണ്യങ്ങൾക്ക് ദരിദ്രരായ രോഗികൾ വലിച്ചെറിഞ്ഞുകൊടുക്കപ്പെടുകയാണ്.

**2.109** പൊതുജനാരോഗ്യ ഇൻഷുറൻസ് പദ്ധതികൾ തീരെ അപര്യാപ്തമാണ്. കാരണം അവ സാധാരണയായി ബിപിഎൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് മാത്രമേ ബാധകമാകുന്നുള്ളു. ആശുപത്രികളിൽ പ്രവേശിക്കപ്പെട്ട രോഗികൾക്ക് ചെലവായ തുക പരിമിതമായ തോതിലേ തിരിച്ചുനൽകുന്നുള്ളൂ (റീ ഇംബേഴ്സ്മെന്റ്). ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടതിനുശേഷമുള്ള ചികിത്സയ്ക്ക് ഈ പദ്ധതികളെല്ലാം അധികവും ആശ്രയിക്കുന്നത് സ്വകാര്യമേഖലയെയാണ്. അതിനാൽ ഈ പദ്ധതികൾ എല്ലാവർക്കും വേണ്ടത്ര ആരോഗ്യപരിരക്ഷാ സംരക്ഷണം നൽകുന്നില്ല; എന്നുമാത്രമല്ല പൊതുവിഭവങ്ങൾ ഉപയോഗിച്ച് സ്വകാര്യമേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗമാണുതാനും.

**2.110** ഫാർമസ്യൂട്ടിക്കൽ മേഖലയിലേക്കുള്ള ബഹുരാഷ്ട്ര കുത്തകകളുടെ പ്രവേശനവും അവയുടെ പരസ്പര സംയോജനവും കാരണം, മരുന്നുകളുടെ വില കുത്തനെ ഉയർന്നിരിക്കുന്നു.

അവശ്യ മരുന്നുകളുടെ വില ഫലപ്രദമായി നിയന്ത്രിക്കുന്നതിന് ഗവൺമെന്റ് വൈമുഖ്യം കാണിക്കുകയാണ്. നിർദിഷ്ടമായ മരുന്ന് വിലനയം ശ്രമിക്കുന്നത്, മരുന്നുകളുടെ വില ഇന്ന് നിലവിലുള്ള വില (പല മരുന്നുകളുടെ കാര്യത്തിലും ഇന്ന് നിലവിലുള്ളത് ക്രമാതീതമായ വിലയാണ്) തന്നെയായി നിശ്ചയിക്കുന്നതിനാണ്. മാത്രമല്ല, മരുന്നുകമ്പനികൾ കൊള്ളലാഭം ഉണ്ടാക്കുന്നതിനെ, ആ നയം വിശുദ്ധമായി കണക്കാക്കുകയും ചെയ്യുന്നു. ഇന്ത്യയിൽ പുതിയ ഉൽപ്പന്നങ്ങളുടെ ക്ലിനിക്കൽ പരീക്ഷണങ്ങൾ നടത്തുന്ന വിദേശ കമ്പനികളുടെ മേലുള്ള നിബന്ധനകൾ, 2005ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് നിയമത്തിന് ഭേദഗതി വരുത്തുകവഴി, ഗവൺമെന്റ് കൂടുതൽ ഉദാരമാക്കിക്കൊടുത്തിരിക്കുകയാണ്. സ്വകാര്യമേഖലയിലും പൊതുമേഖലയിലും ഇന്ത്യൻ പൗരന്മാർക്കുമേൽ അധാർമികമായ ക്ലിനിക്കൽ പരീക്ഷണങ്ങൾ നടത്തപ്പെട്ടുകൊണ്ടിരിക്കുകയാണ്.

**2.111** പൊതുമേഖലാ സംവിധാനങ്ങളിലൂടെ സാർവത്രികവും സമഗ്രവുമായ ആരോഗ്യപരിരക്ഷ ആശുപത്രികളിൽ സൗജന്യമായി ലഭ്യമാകും എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ സത്വരമായ നടപടികൾ ഗവൺമെന്റ് കൈക്കൊള്ളണമെന്ന് സിപിഐ (എം) ആവശ്യപ്പെടുന്നു. ആരോഗ്യ പരിരക്ഷയ്ക്കുള്ള സർക്കാർ ചെലവ് ജിഡിപിയുടെ 5 ശതമാനമായി ഉയർത്തണം. രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും (ഗ്രാമീണമേഖലയിലും നഗരപ്രദേശങ്ങളിലും) പൊതുജനാരോഗ്യ വ്യവസ്ഥ കൂടുതൽ ശക്തിപ്പെടുത്താൻ കഴിയത്തക്കവിധത്തിൽ പുതിയ നിബന്ധനകളോടെ ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ അവലോകനം ചെയ്യണം. സ്വകാര്യമേഖലയെ എല്ലാ തലങ്ങളിലും കർശനമായി നിയന്ത്രിക്കണം. ചെലവിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള മാനദണ്ഡം ഉപയോഗിച്ച് എല്ലാ അവശ്യമരുന്നുകളുടെയും വിലനിയന്ത്രിക്കണം; എല്ലാ സർക്കാർ ആശുപത്രികളിലും എല്ലാ അവശ്യ മരുന്നുകളും സൗജന്യമായി ലഭ്യമാക്കണം. പാറ്റന്റ് ചെയ്യപ്പെട്ടിട്ടുള്ള മരുന്നുകളുടെ വിലയുടെ കാര്യത്തിൽ ഗവൺമെന്റ് മേൽനോട്ടം വഹിക്കുകയും പൊതുജനാരോഗ്യത്തെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ള, പാറ്റന്റുള്ള എല്ലാ മരുന്നുകളുടെയും വില നിയന്ത്രിക്കുകയും വേണം. വൻകിട ഫാർമസ്യൂട്ടിക്കൽ കമ്പനികൾ ഇന്ത്യയിൽ നടത്തിക്കൊണ്ടിരിക്കുന്ന ക്ലിനിക്കൽ പരീക്ഷണങ്ങളെ നിയന്ത്രിക്കുന്നതിനായി കർശനമായ നിയന്ത്രണ നടപടികൾ സ്വീകരിക്കണം.

## മാധ്യമങ്ങൾ കോർപറേറ്റുകളുടെ കൈപ്പിടിയിൽ

**2.112** കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളിലെ ഉദാരവൽക്കരണം കൊണ്ട് ഇന്ത്യയിലെ മാധ്യമങ്ങൾ ആകെ മാറിക്കഴിഞ്ഞിരിക്കുന്നു. അച്ചടിമാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും കോർപറേറ്റ് ബിസിനസ്സിന്റെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. ദേശീയതലത്തിലും പ്രാദേശികതലത്തിലുമുള്ള, എല്ലാ പ്രധാന പത്രങ്ങളും ടിവി ചാനലുകളും വൻകിട ബിസിനസ്സുകാരാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വാർത്താ വിഭാഗത്തിൽ 26 ശതമാനം വിദേശ പ്രത്യക്ഷ നിക്ഷേപത്തിനും വാർത്തേതര വിഭാഗത്തിൽ 100 ശതമാനം വിദേശ ഓഹരി നിക്ഷേപത്തിനും പ്രവേശനം നൽകിയത് ഇലക്ട്രോണിക് മാധ്യമത്തിന്റെ ഒരു വലിയ ഭാഗം ആഗോള മാധ്യമ ഭീമനായ മർഡോക്കിന്റെ നിയന്ത്രണത്തിലാകുന്നതിലേക്കാണ് വഴിവച്ചത്. ഇതോടുകൂടി മാധ്യമങ്ങളുടെ ഉള്ളടക്കത്തിലും പങ്കിലും വമ്പിച്ച മാറ്റം വന്നിരിക്കുന്നു. കോർപറേറ്റുകളുടെ നടത്തിപ്പിൻകീഴിലുള്ള മാധ്യമങ്ങൾ നവലിബറൽ നയങ്ങൾക്ക് ജനസമ്മതം നിർമ്മിക്കുവാൻ ശ്രമിക്കുന്നു. ലാഭം മോഹിച്ച് അവ ലൈംഗികതയെയും അക്രമങ്ങളെയും കേന്ദ്രീകരിച്ചുകൊണ്ടുള്ള സ്തോഭജനകങ്ങളായ വാർത്തകളുടെയും പരിപാടികളുടെയും അനന്തമായ വിഭവങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. പരസ്യത്തിൽനിന്നുള്ള വരുമാനം നിർണായകമായതുകൊണ്ട് ഉപഭോഗതൃഷ്ണയ്ക്ക് മേധാവിത്വം ലഭിക്കുന്നു. സ്ത്രീകളെ ചരക്കായി കാണുന്ന പ്രവണതയും അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും (വിജ്ഞാനവിരോധം) വർണിക്കുന്നതും സമൂഹത്തിനുമേൽ വിനാശകരമായ സ്വാധീനമുണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ട്. തുടർച്ചയായി വന്ന ഗവൺമെന്റുകൾ സ്വകാര്യവൽക്കരണത്തെയും പൊതുവാർത്താവിതരണ മാധ്യമങ്ങളുടെ നിലവാരം താഴ്ത്തുന്നതിനെയും പ്രോത്സാഹിപ്പിച്ചു. പണം വാങ്ങി ''വാർത്ത കൊടുക്കുന്ന'' പ്രതിഭാസത്തിനും മാധ്യമ കുടുംബങ്ങളും കോർപറേറ്റുകളും തമ്മിലുള്ള സ്വകാര്യ ഉടമ്പടികൾക്കും നവലിബറൽ മൂല്യങ്ങൾ ജന്മം നൽകി.

**2.113** മാധ്യമങ്ങളുടെ ജനാധിപത്യവൽക്കരണത്തിനും സുപ്രധാനമായ ഈ മേഖലയ്ക്കുമേലുള്ള വൻകിട ബിസിനസ്സുകാരുടെ പിടി ഇല്ലാതാക്കുന്നതിനും വേണ്ടിയാണ് സിപിഐ (എം) നിലകൊള്ളുന്നത്. ഇതിനായി താഴെപറയുന്ന കാര്യങ്ങൾ ചെയ്യണം– മാധ്യമങ്ങളിൽ വിദേശ പ്രത്യക്ഷ നിക്ഷേപം അനുവദിക്കുന്ന നയം തിരുത്തണം; മാധ്യമങ്ങളുടെ ക്രോസ്സ് ഓണർഷിപ്പ് റദ്ദാക്കണം (ഒരു പത്രം പ്രസിദ്ധീകരിക്കുന്ന ഒരു ബസിനസ്സ് സ്ഥാപനത്തിന്, ടെലിവിഷനും മറ്റും തുടങ്ങാൻ അനുവാദം നൽകരുത് എന്നാണ് ഇതിനർത്ഥം); പൊതുവാർത്താ വിതരണ സേവനത്തെ മാധ്യമങ്ങളുടെ സുപ്രധാന വിഭാഗമാക്കി മാറ്റിത്തീർക്കാൻ കഴിയത്തക്കവിധത്തിൽ പ്രസാർഭാരതിയെ നവീകരിച്ച് ശക്തിപ്പെടുത്തുക; ഇന്ന് നിലവിലുള്ള പ്രസ് കൗൺ

സിലിനു പകരം മാധ്യമങ്ങളെ മുഴുവനും ഉൾപ്പെടുത്താൻ കഴിയത്തക്കവിധത്തിൽ മാധ്യമ കൗൺസിലിന്റെ രൂപത്തിലുള്ള സ്വതന്ത്രമായ ഒരു റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുക.

### സംസ്കാരം

**2.114** വിപണി ശക്തികളാൽ നിയന്ത്രിക്കപ്പെടുന്ന പുത്തൻ ഉദാരവൽക്കരണ വ്യവസ്ഥയുടെ പ്രമുഖ സവിശേഷതകളായ ഉപഭോഗതൃഷ്ണ, വാണിജ്യവൽക്കരണം, വ്യക്തിമേധാവിവാദം എന്നീ മൂല്യങ്ങളാലാണ് ഇന്നിപ്പോൾ സംസ്കാരത്തെ രൂപപ്പെടുത്താൻ ശ്രമിക്കുന്നത്. അതിനോടൊപ്പം തന്നെ, സംസ്കാരത്തിന്റെ മതനിരപേക്ഷ സ്വഭാവത്തിനും എല്ലാം ഉൾക്കൊള്ളുന്ന സ്വഭാവത്തിനും നേർക്കുള്ള ഹിന്ദുത്വശക്തികളുടെ ആക്രമണം തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. സാംസ്കാരിക വ്യക്തിത്വങ്ങളുടെ നേർക്കും സാംസ്കാരിക സൃഷ്ടികളുടെ നേർക്കും ഉള്ള അവരുടെ ആക്രമണവും തുടർന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ചില വർഷങ്ങളായി ജാതിയുടെ അടിസ്ഥാനത്തിലുള്ള സംഘടനകൾ സാംസ്കാരിക സൃഷ്ടികളുടെ, പ്രത്യേകിച്ചും സിനിമകളുടെ, മേൽ തങ്ങളുടെ സെൻസർഷിപ്പ് കെട്ടിയേൽപ്പിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ശക്തമായ ബഹുജന മാധ്യമങ്ങൾ വിപണിയാൽ നിയന്ത്രിക്കപ്പെടുന്ന സംസ്കാരത്തെ ഉയർത്തിക്കാണിക്കുക മാത്രമല്ല ചെയ്യുന്നത്; സ്ത്രീകൾക്കുമേലുള്ള പുരുഷാധിപത്യമൂല്യങ്ങൾ, അക്രമത്തിന്റെയും അന്ധവിശ്വാസങ്ങളുടെയും വിജ്ഞാനവിരോധത്തിന്റെയും മഹത്വവൽക്കരണം (സമൂഹത്തിനുമേൽ വിനാശകരമായ ആഘാതം സൃഷ്ടിക്കാൻ കഴിയുന്നവയാണത്) തുടങ്ങിയ പിന്തിരിപ്പൻ പ്രവണതകളെ പ്രോത്സാഹിപ്പിക്കുകയും കൂടി ചെയ്യുന്നുണ്ട്.

**2.115** കൃഷിക്കാരുടെയും കൈവേലക്കാരുടെയും ഗോത്രവർഗക്കാരുടെയും മറ്റുള്ളവരുടെയും ആഹ്ലാദങ്ങൾക്കും വേദനകൾക്കും പ്രകടിതരൂപം നൽകുന്ന നാടൻകലകളും പാരമ്പര്യങ്ങളും കൊണ്ട് സമ്പന്നമായ രാജ്യമാണ് ഇന്ത്യ. കാർഷിക പ്രതിസന്ധി മൂർച്ഛിക്കുകയും വിപണിയാൽ നിയന്ത്രിക്കപ്പെടുന്ന സംസ്കാരം ശക്തിപ്പെടുകയും ചെയ്യുന്നതോടെ, അത്തരം കലകളും അവ അവതരിപ്പിക്കുന്നവരും അനിശ്ചിതമായ ഭാവിയെയാണ് നേരിടുന്നത്. മതനിരപേക്ഷവും ജനാധിപത്യപരവും സംയോജിതവുമായ ഒരു സംസ്കാരമായിരിക്കണം നമ്മുടെ അജണ്ട. അതിനു ചുറ്റുമായിരിക്കണം എല്ലാ പുരോഗമന–ജനാധിപത്യ ശക്തികളെയും അണിനിരത്തേണ്ടത്. ഈ പ്രയത്നത്തിന് പാർടി പൂർണമായ സഹായവും പിന്തുണയും നൽകുന്നതാണ്.

## രാഷ്ട്രീയ സ്ഥിതി

### കോൺഗ്രസ്

**2.116** 2009 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള യുപിഎ സഖ്യം വിജയം നേടി. ആ സഖ്യത്തിന് ഭൂരിപക്ഷം ലഭിച്ചില്ലെങ്കിലും, ഭൂരിപക്ഷം തികയ്ക്കുന്നതിന് അവർക്ക് എസ്പി, ബിഎസ്പി, ആർജെഡി, ജെഡി (എസ്) തടുങ്ങിയ പാർടികളുടെ പിന്തുണ ലഭിച്ചു. ഭരണവർഗങ്ങളിലെ പ്രമുഖ വിഭാഗമായ വൻകിട ബൂർഷ്വാസി കോൺഗ്രസിന് പിന്തുണ നൽകി. ബിജെപി വീണ്ടും അധികാരത്തിൽ വരണമെന്ന് ഒരു വലിയ വിഭാഗം ആളുകൾക്ക് ആഗ്രഹമില്ലാതിരുന്നതുകൊണ്ട് കോൺഗ്രസിന് അതിന്റെ മെച്ചവും കിട്ടി. ന്യൂനപക്ഷങ്ങളിൽനിന്നും ഇടത്തരക്കാരിൽനിന്നും യുവാക്കളിൽനിന്നും കോൺഗ്രസിന് കൂടുതൽ പിന്തുണ ലഭിച്ചു.

**2.117** അതിനുശേഷം മൂന്നുവർഷം കഴിഞ്ഞു. യുപിഎ ഭരണത്തിലെ വൻ അഴിമതികൾ തുറന്നുകാട്ടപ്പെട്ടതുമൂലം ഇടത്തരക്കാരിൽ ഒരു വലിയ വിഭാഗം അവരിൽനിന്ന് അകന്നുപോയി. തൊഴിലില്ലായ്മ വർധിച്ചുകൊണ്ടുരിക്കുന്നതുമൂലം യുവാക്കളിൽ പലരുടെയും വ്യാമോഹം അവസാനിച്ചുകൊണ്ടിരിക്കുന്നു. കൂടുതൽ നവലിബറൽ പരിഷ്കാരങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തതിനാൽ വൻകിട ബൂർഷ്വാസിയിൽ ഒരു വിഭാഗം പരസ്യമായി തങ്ങളുടെ അസംതൃപ്തി പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒരു മതനിരപേക്ഷ ബദലിന്റെ അഭാവം കാരണം പല ഭാഗങ്ങളിലും മുസ്ലിം സമുദായം ഇപ്പോഴും കോൺഗ്രസിനുതന്നെ പിന്തുണ നൽകിക്കൊണ്ടിരിക്കുകയാണ്. ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ തന്നെ ബിജെപിക്ക് വിശ്വാസ്യത ഇല്ലാത്തതിൽനിന്നും കോൺഗ്രസിന് ഗുണം ലഭിക്കുന്നുണ്ട്. രൂക്ഷമായ വിലക്കയറ്റം തടഞ്ഞുനിർത്താൻ യുപിഎ ഗവൺമെന്റിന് കഴിയാത്തത്, കോൺഗ്രസ്സിനെ ദോഷകരമായി ബാധിച്ചിരിക്കുന്നു. ഇതും ഇതോടൊപ്പം വളരെ ഉയർന്ന തോതിലുള്ള അഴിമതിയും, കോൺഗ്രസ് പാർടിയുടെ പ്രതിച്ഛായ ഇടിയുന്നതിന് കാരണമായിരിക്കുന്നു.

**2.118** തങ്ങളുടെ നവലിബറൽ അജണ്ട കൂടുതൽ മുന്നോട്ടുകൊണ്ടുപോകാൻ, യുപിഎ ഗവൺമെന്റ് തങ്ങളുടെ രണ്ടാമൂഴത്തിൽ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ, ലോക്സഭയിലെ അതിന്റെ ഭൂരിപക്ഷം സന്ദിഗ്ധാവസ്ഥയിൽ ആയതിനാൽ ആ ശ്രമം പല സന്ദർഭങ്ങളിലും തകർക്കപ്പെടുകയുണ്ടായി. ഭൂരിപക്ഷം വോട്ട് നേടേണ്ടിവരുന്ന ഓരോ സന്ദർഭത്തിലും

തങ്ങളെ പിന്തുണയ്ക്കുന്ന പാർടികളുടെ പിന്തുണ, കുതന്ത്രങ്ങളിലൂടെയും രഹസ്യ ഇടപാടുകളിലൂടെയും അവർക്ക് നേടേണ്ടിവന്നു. തങ്ങളുടെ നവലിബറൽ നയങ്ങളെ, സാമൂഹ്യക്ഷേമ നടപടികൾകൊണ്ട് മൂടിവെയ്ക്കാൻ കോൺഗ്രസ് പാർടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഭക്ഷ്യസുരക്ഷാ നിയമനിർമാണം പോലെയുള്ള സുപ്രധാന സാമൂഹ്യക്ഷേമ നടപടികൾ വെട്ടിച്ചുരുക്കപ്പെടുന്നത് ഈ പശ്ചാത്തലത്തിലാണ്. ''ആം ആദ്മി''യോടുള്ള തങ്ങളുടെ പ്രതിജ്ഞാബദ്ധതയായി, ഇത്തരം വെള്ളം ചേർത്ത നടപടികളെ പ്രദർശിപ്പിക്കാനാണ് കോൺഗ്രസ് ശ്രമിക്കുന്നത്. എന്നാൽ, നവലിബറൽ നയങ്ങളുടെ മൊത്തത്തിലുള്ള ചട്ടക്കൂട്, ഈ നടപടികളെ കൂടുതൽ കൂടുതൽ പരിമിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

2.119 ഉത്തർപ്രദേശ്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ തങ്ങളുടെ നഷ്ടപ്പെട്ട അടിത്തറയും സ്വാധീനവും വീണ്ടെടുക്കാൻ, കാര്യമായ വിജയം ലഭിക്കാതെ, കോൺഗ്രസ് ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ബീഹാറിലെ അസംബ്ലി തിരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ നില വളരെ മോശമായിരുന്നു. ഈയിടെ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ അതിന് ഉത്തർപ്രദേശിൽ പറയത്തക്ക പുരോഗതി കൈവരിക്കാനായില്ല. ആന്ധ്രപ്രദേശിൽ കോൺഗ്രസ് പാർടിയിൽ ജഗൻ മോഹൻ റെഡ്ഡിയുണ്ടാക്കിയ പിളർപ്പ്, ഏറെ വിഷമങ്ങൾ സൃഷ്ടിച്ചു. തമിഴ്നാട്ടിലെ അസംബ്ലി തിരഞ്ഞെടുപ്പിൽ ഡിഎംകെയ്ക്ക് ഏറ്റ കനത്ത പരാജയം കാരണം യുപിഎ സഖ്യം വീണ്ടും ദുർബലമായിത്തീർന്നു. മറ്റൊരു സഖ്യകക്ഷിയായ തൃണമൂൽ കോൺഗ്രസ് പശ്ചിമബംഗാളിൽ വിജയിച്ചതിനുശേഷം, വിവിധ വിഷയങ്ങളിൽ തങ്ങൾക്കുള്ള അവസരവാദ നിലപാടുകൾ ശക്തമായ രീതിയിൽ പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

### ബിജെപി

2.120 2009ലെ ലോക്സഭാ തിരഞ്ഞെടുപ്പിലെ പരാജയത്തിനുശേഷം ബിജെപിയിലെ ആഭ്യന്തരയുദ്ധം കൂടുതൽ രൂക്ഷമായിരിക്കുന്നു. ആ പാർടിയുടെ നേതൃത്വ പ്രതിസന്ധിയിൽ ആർഎസ്എസിന് ഇടപെടേണ്ടിവന്നപ്പോൾ, ആർഎസ്എസിനോടുള്ള അതിന്റെ വിധേയത്വം ഒരിക്കൽ കൂടി തുറന്നുകാട്ടപ്പെട്ടു. ഇപ്പോൾപോലും പോരടിക്കുന്ന വിവിധ ശക്തികൾ അതിലുണ്ട്. എൽ കെ അദ്വാനിയെ, ഈയിടത്തെ അദ്ദേഹത്തിന്റെ രഥയാത്രയിലൂടെ അഴിമതിക്കെതിരെ പൊക്കിക്കാണിച്ചത് ഒരു ഉദാഹരണമാണ്. തിരഞ്ഞെടുപ്പിൽ ബിജെപിക്ക് തിരിച്ചടിയേറ്റുവെങ്കിലും ഗുജറാത്ത്, രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഢ്, കർണാടകം, ഹിമാചൽപ്രദേശ്, ബീഹാർ, ഉത്തരാഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ അതിന്റെ അടിത്തറ ഏറെക്കുറെ കോട്ടം തട്ടാതെ തന്നെ തുടരുകയാണ്. അഴിമതിയുടെ പ്രശ്നത്തിൽനിന്ന് നേട്ടം കൊയ്യാനാണ് ബിജെപി ശ്രമിക്കുന്നത്. എന്നാൽ, കർണാടകത്തിലെ യദ്യൂരപ്പ ഗവൺമെന്റിന്റെ കുപ്രസിദ്ധമായ റെക്കോർഡും ഖനനമാഫിയയുമായുള്ള ആ സർക്കാരിന്റെ നിർലജ്ജമായ കൂട്ടുകെട്ടും അതിന് തടസ്സമായിത്തീർന്നു. യദ്യൂരപ്പയെ അറസ്റ്റുചെയ്ത് ജയിലിലിട്ടത്, ബിജെപിയുടെ പ്രതിച്ഛായയെ വീണ്ടും തകർത്തു. അതെന്തായാലും അഴിമതി പ്രശ്നത്തിലുള്ള കോൺഗ്രസ് വിരുദ്ധവികാരം, പട്ടണപ്രദേശങ്ങളിലെ ചിലവിഭാഗം ഇടത്തരക്കാർക്കിടയിൽ ബിജെപിക്ക് നേട്ടമുണ്ടാക്കിക്കൊടുത്തു. ബീഹാറിലെ അസംബ്ലി തിരഞ്ഞെടുപ്പിലെ ബിജെപിയുടെ പ്രകടനവും ജനങ്ങളിൽ ചില വിഭാഗങ്ങളിൽ വളർന്നുവരുന്ന കോൺഗ്രസ് വിരുദ്ധവികാരവും ബിജെപിയുടെ ആത്മവീര്യം വർധിപ്പിച്ചിരിക്കുന്നു. എൻഡിഎയിലേക്ക് പുതിയ സഖ്യകക്ഷികളെ കൊണ്ടുവരാനാണ് ഇപ്പോഴവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

2.121 അയോധ്യയിലെ രാമക്ഷേത്രം, ഇസ്ലാമിക ഭീകരത തുടങ്ങിയ വർഗീയ അജണ്ട ഉപയോഗിച്ച് ജനങ്ങളെ അണിനിരത്താൻ ആർഎസ്എസിന്റെ നിർദേശങ്ങൾക്കുകീഴിൽ ബിജെപി നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങൾക്ക് അധികം പ്രതികരണമൊന്നുമുണ്ടായിട്ടില്ല. പാർലമെന്റിലെ പ്രധാന പ്രതിപക്ഷ കക്ഷിയായ ബിജെപിക്ക്, കോൺഗ്രസിന്റെ സാമ്പത്തിക നയങ്ങളോട് അടിസ്ഥാനപരമായ അഭിപ്രായവ്യത്യാസങ്ങളൊന്നുമില്ലെങ്കിൽത്തന്നെയും പിന്തുണ നേടുകയെന്ന ഉദ്ദേശ്യം വച്ചുകൊണ്ട് യുപിഎയുടെ ചില നയങ്ങളെ ആ പാർടി എതിർക്കുകയാണ്. നവലിബറൽ നയങ്ങളോട് ബിജെപി പ്രതിജ്ഞാബദ്ധമാണ്; അതൊരു വർഗീയ പാർടി മാത്രമല്ല, മറിച്ച് കോൺഗ്രസ് പാർടിക്കുള്ള വലതുപക്ഷ ബദൽകൂടിയാണ്.

### പ്രാദേശിക പാർടികൾ

2.122 മിക്ക പ്രാദേശിക പാർടികളും പ്രതിനിധീകരിക്കുന്നത് പ്രാദേശിക ബൂർഷ്വാസിയുടെയും ഗ്രാമീണ സമ്പന്നരുടെയും താൽപ്പര്യങ്ങളെയാണ്. കോൺഗ്രസിനോടും ബിജെപിയോടുമുള്ള അവയുടെ സമീപനത്തിലെ അവസരവാദിത്വമാണ്, അവയിൽ മിക്ക പാർടികളുടെയും രാഷ്ട്രീയത്തിൽ പ്രകടമായി കാണുന്നത്. ഭരണത്തിലിരിക്കുമ്പോൾ അവ നവലിബറൽ നയങ്ങൾ പിന്തുടരുന്നു. കൂട്ടുകക്ഷി രാഷ്ട്രീയം കേന്ദ്രത്തിലെ മാനദണ്ഡമായതോടെ, സംസ്ഥാനത്തിലെ താൽപ്പര്യങ്ങൾക്കനുസരിച്ച്, കോൺഗ്രസിന്റെയോ അഥവാ ബിജെപിയുടേയോ നേതൃത്വത്തിലുള്ള ഗവൺമെന്റുകളിൽ ചേരാനുള്ള അവസരം ഈ പാർടികൾക്ക് ഉണ്ടായിരിക്കുന്നു. തങ്ങളുടെ സഖ്യം ശക്തിപ്പെടുത്തുന്നതിനും കേന്ദ്രത്തിൽ ഗവൺമെന്റ് രൂപീകരിക്കുന്നതിനും

വേണ്ടി ഈ പ്രാദേശിക പാർടികളിൽ ചിലരുമായി കൂട്ടുകൂടാൻ കോൺഗ്രസും ബിജെപിയും നിർബന്ധിതമായിത്തീരുകയും ചെയ്യുന്നു.

**2.123** രണ്ട് വലിയ ബൂർഷ്വാ പാർടികളുടെ നേതൃത്വത്തിലുള്ള ദ്വികക്ഷി സമ്പ്രദായത്തോട്, അഥവാ ഇരുമുന്നണി സമ്പ്രദായത്തോട്, എല്ലായ്പ്പോഴും ആനുകൂല്യം കാണിക്കുന്നവരാണ് ഭരണവർഗങ്ങൾ. രണ്ടിൽ ഏത് കക്ഷി, അഥവാ സഖ്യം അധികാരത്തിൽ വന്നാലും വൻകിട ബൂർഷ്വാ വിഭാഗങ്ങളുടെ വർഗതാൽപ്പര്യങ്ങൾ പരിരക്ഷിക്കപ്പെടും എന്ന് ഇത് ഉറപ്പുനൽകുന്നു. അത്തരം രണ്ട് സഖ്യങ്ങൾ ദൃഢമായിത്തീരുന്നതിന് തടയിടുന്നതിനെ ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ് നമ്മുടെ ശ്രമങ്ങൾ. കോൺഗ്രസിനോടോ അഥവാ ബിജെപിയോടോ ഒപ്പമല്ലാത്ത പ്രാദേശിക പാർടികളുമായി നാം ബന്ധം നിലനിർത്തുകയും വളർത്തിയെടുക്കുകയും വേണം. ജനങ്ങളുടെ പ്രശ്നങ്ങൾ, ദേശീയ പരമാധികാരത്തെ സംരക്ഷിക്കൽ, കേന്ദ്ര–സംസ്ഥാന ബന്ധങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സംയുക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നതിന് അത്തരം സഹകരണംകൊണ്ട് സാധ്യമാണ്.

**2.124** ഈ പാർടികൾ കാണിക്കുന്ന ചാഞ്ചാട്ടങ്ങൾ എന്തുതന്നെയായാലും, പാർലമെന്റിൽ ഓരോരോ പ്രശ്നത്തിന്റെയും അടിസ്ഥാനത്തിൽ കോൺഗ്രസിതര മതനിരപേക്ഷ പാർടികളുമായി സഹകരിക്കുക എന്നതായിരിക്കും നമ്മുടെ സമീപനം. പാർലമെന്റിനകത്ത്, പ്രസ്ഥാനം കൂടുതൽ വിപുലമാക്കുന്നതിനായി, ജനങ്ങളുടെ പ്രശ്നങ്ങളെ ആസ്പദിച്ച് യോജിച്ച പ്രക്ഷോഭങ്ങൾ നടത്താവുന്നതാണ്.

## സിപിഐ (എം) ഉം ഇടതുപക്ഷവും

**2.125** 19–ാം പാർടി കോൺഗ്രസിന്റെ സമയത്തെ സ്ഥിതിയുമായി താരതമ്യപ്പെടുത്തുമ്പോൾ, സിപിഐ (എം) നെയും ഇടതുപക്ഷത്തെയും സംബന്ധിച്ച നിലയിൽ വമ്പിച്ച മാറ്റം സംഭവിച്ചിട്ടുണ്ട്. 2008ൽ 19–ാം പാർടി കോൺഗ്രസ് നടക്കുമ്പോൾ 2006ൽ കേരളത്തിലെയും പശ്ചിമബംഗാളിലെയും അസംബ്ലി തിരഞ്ഞെടുപ്പുകളിൽ നേടിയ വിജയത്തെ തുടർന്ന് ഇടതുപക്ഷം കൂടുതൽ ശക്തമായി ഉയർന്നുവന്നിട്ടുണ്ടായിരുന്നു. ത്രിപുരയിലും 2008ലെ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ മുന്നണി തുടർച്ചയായി നാലാം തവണയും വിജയിച്ചു. പക്ഷേ, 2009 മെയ് മാസത്തിലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ പാർടിയുടെ പ്രകടനം മോശമായിരുന്നു. എല്ലാ തവണത്തെയുംകാൾ ഏറ്റവും കുറഞ്ഞ സീറ്റാണ് പാർടിക്ക് ലഭിച്ചത്. 2011ലെ അസംബ്ലി തിരഞ്ഞെടുപ്പിൽ 1977നുശേഷം ഇതാദ്യമായി പശ്ചിമബംഗാളിൽ ഇടതുപക്ഷ മുന്നണി പരാജയപ്പെട്ടു. കേരളത്തിലാകട്ടെ, ഇടതുപക്ഷ ജനാധിപത്യമുന്നണി നേരിയ വ്യത്യാസത്തിനാണെങ്കിലും തിരഞ്ഞെടുപ്പിൽ തോറ്റു.

**2.126** തിരഞ്ഞെടുപ്പിൽ സംഭവിച്ച ഈ തിരിച്ചടികളും മറ്റ് സംസ്ഥാനങ്ങളിൽ ഒന്നും പറയത്തക്ക മുന്നേറ്റങ്ങൾ കൈവരിക്കാൻ പാർടിക്ക് കഴിഞ്ഞില്ല എന്ന വസ്തുതയും, ദേശീയതലത്തിൽ പാർടിയുടെയും ഇടതുപക്ഷത്തിന്റെയും സ്ഥിതി ദുർബലമാക്കിത്തീർത്തു. ഇത്തരമൊരു പരിതഃസ്ഥിതിയിലാണ് നവലിബറൽ നയങ്ങളുമായി ഭരണവർഗങ്ങൾ മുന്നോട്ടുപോകുന്നതും വർഗീയശക്തികൾ സ്വാധീനമുറപ്പിക്കാൻ ശ്രമിക്കുന്നതും. അതിനാൽ സിപിഐ (എം) നെ ശക്തിപ്പെടുത്തേണ്ടതും ഇടതുപക്ഷത്തിന് നഷ്ടപ്പെട്ട സ്വാധീനം വീണ്ടെടുക്കേണ്ടതും സുപ്രധാനമായിത്തീരുന്നു.

## ഇടതുപക്ഷത്തിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റുകൾ

**2.127** 1977നുശേഷം ഇതാദ്യമായി പശ്ചിമബംഗാളിൽ ഇടതുപക്ഷ മുന്നണിയുടെ പരാജയത്തിന് 2011ലെ അസംബ്ലി തിരഞ്ഞെടുപ്പ് സാക്ഷ്യംവഹിച്ചു. അവിടെ 34 വർഷക്കാലം തുടർച്ചയായി ഇടതുപക്ഷമുന്നണി ഗവൺമെന്റ് അധികാരത്തിലുണ്ടായിരുന്നു. രാജ്യത്തെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിനാകെത്തന്നെയേറ്റ ഒരു തിരിച്ചടിയാണ് ഇത് എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ, ഇടതുപക്ഷമുന്നണി ഗവൺമെന്റിന്റെ നേട്ടങ്ങൾ നിരാകരിക്കാനാവില്ല. ഭൂപരിഷ്കാരങ്ങൾ നടപ്പാക്കൽ, പഞ്ചായത്ത് വ്യവസ്ഥയുടെ ജനാധിപത്യവൽക്കരണവും വികേന്ദ്രീകരണവും, അധ്വാനിക്കുന്ന ജനങ്ങളുടെ അവകാശങ്ങൾ ഉറപ്പാക്കൽ, മതസൗഹാർദം നിലനിർത്തൽ, മതനിരപേക്ഷ മൂല്യങ്ങൾ ജനഹൃദയങ്ങളിൽ ഉറപ്പിക്കൽ എന്നിവ അതിൽപ്പെട്ടതാണ്. തൃണമൂൽ കോൺഗ്രസിന്റെ പുതിയ ഭരണത്തിൻകീഴിൽ ഇവയെല്ലാം ഇന്ന് ആക്രമണം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഭൂപരിഷ്കാരങ്ങൾ അട്ടിമറിക്കുന്നതിനും കൃഷിക്കാരുടെ ഭൂമി പിടിച്ചെടുക്കുന്നതിനും ഉള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് വ്യവസ്ഥതന്നെ അട്ടിമറിക്കപ്പെട്ടുകൊണ്ടിരിക്കുന്നു; തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ പങ്കിനുപകരം അതിന്റെ സ്ഥാനത്ത് ബ്യൂറോക്രസിയുടെ പങ്ക് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. തൊഴിലാളിവർഗത്തിന്റെയും ട്രേഡ് യൂണിയനുകളുടെയും അവകാശങ്ങൾക്കു നേർക്ക് ആക്രമണം നടന്നുകൊണ്ടിരിക്കുന്നു. സിപിഐ (എം) നും ഇടതുപക്ഷത്തിനും നേർക്ക് വ്യാപകമായ ആക്രമണം നടന്നുകൊണ്ടിരിക്കുകയാണ്; ജനാധിപത്യാവകാശങ്ങൾ ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

**2.128** ജനങ്ങളെ അണിനിരത്തിക്കൊണ്ട് നാം ഈ ആക്രമണങ്ങളെ ചെറുക്കണം; ഭൂപരിഷ്കരണങ്ങളിൽനിന്നുള്ള നേട്ടങ്ങൾ സംരക്ഷിക്കണം; അടിസ്ഥാനവർഗങ്ങളുടെയും ജനങ്ങളുടെയും പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കണം. അനുഭവങ്ങളിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, രാഷ്ട്രീയവും സംഘടനാപരവുമായ തലങ്ങളിലെ ദൗർബല്യങ്ങൾ നാം പരിഹരിക്കണം; അന്യവൽക്കരിക്കപ്പെട്ട ജനങ്ങളുമായി ബന്ധം പുനഃസ്ഥാപിക്കണം.

**2.129** കേരളത്തിൽ ഒരു ശതമാനത്തോളം വോട്ടിന്റെ വ്യത്യാസത്തിന് യുഡിഎഫിന് നേരിയ തിരഞ്ഞെടുപ്പ് വിജയം ഉണ്ടായതും എൽഡിഎഫിന് ഭൂരിപക്ഷത്തിന് മൂന്ന് സീറ്റിന്റെ കുറവുണ്ടായതും വച്ച്, എൽഡിഎഫ് ഗവൺമെന്റും അതിന്റെ നയങ്ങളും നിരസിക്കപ്പെട്ടു എന്ന് കണക്കാക്കാൻ കഴിയില്ല. കേരളത്തിൽ സിപിഐ (എം) നെയും എൽഡിഎഫിനെയും അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ യഥാർത്ഥത്തിൽ നല്ലനിലയിൽ പിന്തുണയ്ക്കുകതന്നെയാണുണ്ടായിട്ടുള്ളത്.

**2.130** ഈ രണ്ട് സംസ്ഥാനങ്ങളിലും കൂടുതൽ ജനങ്ങളുടെ പിന്തുണ നേടുന്നതിന് പാർടി പരിശ്രമിക്കുന്നതായിരിക്കും.

### ത്രിപുര ഗവൺമെന്റിനെ പ്രതിരോധിക്കുക

**2.131** ത്രിപുരയിലെ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ജനങ്ങളെ സേവിക്കുന്ന കാര്യത്തിൽ വിശ്വസനീയമായ റെക്കോർഡ് ആണ് സ്ഥാപിച്ചിട്ടുള്ളത്. അഴിമതിരഹിത ഗവൺമെന്റിനുള്ള ഒരു ഉദാഹരണമാണത്. ദാരിദ്ര്യം കുറയ്ക്കുന്നതിലും ജനങ്ങൾ ക്ക് അടിസ്ഥാന സേവനങ്ങൾ പ്രദാനം ചെയ്യുന്നതിലും ഗോത്രവർഗക്ഷേമത്തിലും ഗോത്രവർഗക്കാരും ഗോത്രവർഗക്കാരല്ലാത്തവരും തമ്മിലുള്ള ഐക്യം വളർത്തിയെടുക്കുന്നതിലും ആ ഗവൺമെന്റിന് മാതൃകാപരമായ റെക്കോർഡുണ്ട്. കോൺഗ്രസിന്റെയും മറ്റ് വലതുപക്ഷ ശക്തികളുടെയും ആക്രമണത്തിന് ഇടതുപക്ഷമുന്നണി ഗവൺമെന്റ് ശരവ്യമായിത്തീർന്നിരിക്കുന്നു. വടക്കുകിഴക്കൻ മേഖലയിലെ തീവ്രവാദസംഘടനകളുമായി ത്രിപുരയിലെ തീവ്രവാദ ശക്തികൾക്ക് ബന്ധമുള്ളതിനാൽ അവരുടെ പ്രവർത്തനങ്ങൾക്കെതിരായി ജാഗ്രതയുണ്ടായിരിക്കണം. ത്രിപുരയിലെ ഇടതുപക്ഷമുന്നണി ഗവൺമെന്റിനെ, പാർടിയും രാജ്യത്തെ ഇടതുപക്ഷ ശക്തികളും സംരക്ഷിക്കണം; ജനങ്ങൾക്ക് അനുകൂലമായ വികസനം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തിന് ആവശ്യമായത്ര വിഭവങ്ങൾ കേന്ദ്ര ഗവൺമെന്റ് നൽകണം എന്ന് ആവശ്യപ്പെടണം.

### അക്രമം അവസാനിപ്പിക്കുക
### പശ്ചിമബംഗാളിൽ ജനാധിപത്യത്തെ പ്രതിരോധിക്കുക

**2.132** പശ്ചിമബംഗാളിൽ സിപിഐ (എം) കടുത്ത ആക്രമണത്തിന് വിധേയമായിരിക്കുകയാണ്. 2009 മെയ് മാസത്തെ ലോക്സഭാ തിരഞ്ഞെടുപ്പിശേഷം പാർടി കേഡർമാർക്കും അംഗങ്ങൾക്കും പാർടിയെ പിന്തുണയ്ക്കുന്നവർക്കും നേരെ കേന്ദ്രീകരിച്ച ആക്രമണം നടന്നുകൊണ്ടിരിക്കുന്നു, പ്രത്യേകിച്ചും ഗ്രാമീണമേഖലയിൽ. 2011 മെയ് മാസത്തിലെ അസംബ്ലി തെരഞ്ഞെടുപ്പിനുശേഷം ഈ ആക്രമണങ്ങൾ കൂടുതൽ രൂക്ഷമായി. മാവോയിസ്റ്റുകൾ നടത്തിക്കൊണ്ടിരുന്ന ലക്ഷ്യംവച്ചുകൊണ്ടുള്ള കൊലപാതകങ്ങളും തൃണമൂൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള കൂട്ടുകെട്ട് കെട്ടഴിച്ചുവിട്ട ആക്രമണങ്ങളും ആയിരുന്നു ഈ ആക്രമണങ്ങളുടെ ഒരു സവിശേഷത. 19–ാം പാർടി കോൺഗ്രസ്സിനുശേഷം ഇത്തരം ഭീകരപ്രവർത്തനങ്ങളിൽ സിപിഐ (എം)ന്റെയും ഇടതുപക്ഷ മുന്നണിയുടെയും 550 സഖാക്കളാണ് കൊല്ലപ്പെട്ടത്. ഇതിൽ 59 സഖാക്കൾ കൊല്ലപ്പെട്ടത് 2011 മെയ് മാസത്തിലെ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഫലങ്ങൾ പുറത്തുവന്നതിനുശേഷമാണ്. പല സ്ഥലങ്ങളിലായി നൂറുകണക്കിന് പാർടി ഓഫീസുകളും ട്രേഡ് യൂണിയൻ ഓഫീസുകളും ബഹുജനസംഘടനകളുടെ ഓഫീസുകളും ആക്രമിക്കപ്പെട്ടു; അഥവാ അക്രമികൾ പിടിച്ചെടുത്തു. ആയിരക്കണക്കിന് ആളുകൾ അറസ്റ്റ് ചെയ്യപ്പെടുകയോ കള്ളക്കേസുകളിൽ പെടുത്തപ്പെടുകയോ ഉണ്ടായി. ടിഎംസി ഗുണ്ടകൾ നടത്തുന്ന ആക്രമണങ്ങൾക്ക് പലപ്പോഴും പൊലീസിന്റെ സഹായവും ഉണ്ടായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് അംഗങ്ങളെ ഭീഷണിപ്പെടുത്തുന്നു; അവരുടെ പ്രവർത്തനം തടയുന്നു. നമ്മുടെ പാർടിയെ ദുർബലപ്പെടുത്തുന്നതിനും ബഹുജനാടിത്തറയുമായുള്ള പാർടിയുടെ ബന്ധം വിച്ഛേദിക്കുന്നതിനും ഉള്ള ആസൂത്രിതമായ ഒരു കടന്നാക്രമണമാണിത്.

**2.133** പശ്ചിമബംഗാളിലെ പാർടിയുടെ നേർക്കുള്ള ഈ ആക്രമണം, സിപിഐ (എം) ന് ആകെത്തന്നെ നേർക്കുള്ള ആക്രമണമാണ്. ജനാധിപത്യത്തിനും ജനാധിപത്യ അവകാശങ്ങൾക്കും നേർക്കുള്ള കടന്നാക്രമണമാണിത്. പശ്ചിമബംഗാളിലെ പാർടി യൂണിറ്റിനെ പാർടി ഒറ്റക്കെട്ടായി പ്രതിരോധിക്കണം; അവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കണം. ഈ ആക്രമണങ്ങൾക്കെതിരായി പൊതുജനാഭിപ്രായം ഉയർത്തിക്കൊണ്ടുവരേണ്ടത് പാർടിയുടെ അടിയന്തിര കടമയാണ്; ഈ ആക്രമണങ്ങളെ തുറന്നുകാണിക്കുന്നതിനും അപലപിക്കുന്നതിനും എല്ലാ ജനാധിപത്യ ശക്തികളും മുന്നോട്ടുവരണം. തൃണമൂൽ കോൺഗ്രസ് ഇത്തരം ആക്രമണങ്ങൾ അവസാനിപ്പിക്കണമെന്നും സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതി

ന് സംസ്ഥാന ഗവൺമെന്റ് കർശനമായ നടപടികൾ കൈക്കൊള്ളണമെന്നും ആവശ്യപ്പെടാനായി, ജനാധിപത്യ അഭിപ്രായം ഉയർത്തിക്കൊണ്ടുവരണം.

## സംയുക്ത പ്രക്ഷോഭങ്ങൾ ശക്തിപ്പെടുത്തുക

2.134 അഖിലേന്ത്യാതലത്തിൽ വിവിധ രാഷ്ട്രീയശക്തികളുമായി ചേർന്ന് സംയുക്ത പ്രസ്ഥാനങ്ങളും സംയുക്ത ഇടതുപക്ഷ പ്രക്ഷോഭങ്ങളും വളർത്തിക്കൊണ്ടുവരാൻ പാർടി ശ്രമിച്ചിട്ടുണ്ട്. ഇടതുപക്ഷ പാർടികൾ ഏതാനും സംയുക്ത ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയുണ്ടായി. അതിൽ പ്രധാനപ്പെട്ട ഒരു ശ്രമം, വിലക്കയറ്റത്തിന്റെ പ്രശ്നത്തെ സംബന്ധിച്ചുള്ളതായിരുന്നു. 2010 മാർച്ച് 12ന് ഡൽഹിയിൽ ചേർന്ന ഇടതുപക്ഷ കക്ഷികളുടെ റാലി നടത്തിയ ആഹ്വാനം നടപ്പാക്കിക്കൊണ്ട്, 2010 ഏപ്രിൽ 8ന് വിലക്കയറ്റത്തിനെതിരായി ഇടതുപക്ഷ കക്ഷികൾ പിക്കറ്റിങ്ങും അറസ്റ്റുവരിക്കൽ പരിപാടിയും സംഘടിപ്പിച്ചു. 20 ലക്ഷം ആളുകൾ അതിൽ പങ്കെടുത്തു. തുടർന്ന് ഏപ്രിൽ 27ന് ഹർത്താൽ നടന്നു. 13 പാർടികൾ ചേർന്ന് നടത്തിയ ആഹ്വാനപ്രകാരമുള്ള ഹർത്താൽ വിജയമായിരുന്നു. ഇടതുപക്ഷ മതനിരപേക്ഷ പ്രതിപക്ഷകക്ഷികൾ ഇന്ധന വിലക്കയറ്റത്തിനെതിരായി ജൂലൈ 5ന് ഹർത്താൽ നടത്തണമെന്ന് ആഹ്വാനംചെയ്തു. എൻഡിഎ സഖ്യവും അതേ ദിവസംതന്നെ ബന്ദിന് ആഹ്വാനം ചെയ്തിരുന്നു. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനുള്ളിലെ ഏറ്റവും വലിയ പ്രതിഷേധ പ്രവർത്തനങ്ങളിൽ ഒന്നായി ഇത് മാറി.

2.135 എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും സംയുക്തവേദി രൂപീകരിക്കപ്പെട്ടതാണ് ശ്രദ്ധേയമായ സംഭവവികാസം. ബിഎംഎസ് ഒഴിച്ചുള്ള കേന്ദ്ര ട്രേഡ് യൂണിയനുകളുടെ ആഹ്വാനപ്രകാരം 2010 സെപ്തംബർ 7ന് പൊതുപണിമുടക്ക് നടന്നു. ഇതിനെ തുടർന്ന് 2011 നവംബർ എട്ടിന് 'ജയിൽ നിറയ്ക്കൽ' സമരം നടത്തണമെന്ന ആഹ്വാനമുണ്ടായി. ഐഎൻടിയുസിയും ബിഎംഎസും അടക്കമുള്ള എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും അതിൽ പങ്കെടുത്തു. 7.5 ലക്ഷം തൊഴിലാളികളും ജീവനക്കാരും പിക്കറ്റിങ്ങിൽ പങ്കെടുത്തെന്ന് കണക്കാക്കപ്പെടുന്നു. ഇതാദ്യമായി 2012 ഫെബ്രുവരി 28ന് പൊതുപണിമുടക്ക് നടത്തുന്നതിന് ഐഎൻടിയുസിയും ബിഎംഎസും ഉൾപ്പെടെയുള്ള എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും ആഹ്വാനം നൽകി. ചരിത്രം സൃഷ്ടിച്ച ഈ പണിമുടക്കിൽ പത്തുകോടി തൊഴിലാളികളും ജീവനക്കാരും പങ്കെടുത്തത് നാട് വീക്ഷിച്ചു. രാജ്യത്തെ തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും പങ്കെടുത്ത ഐക്യവേദി ഒരു നാഴികക്കല്ലാണ്. അധ്വാനിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെയും ബഹുജനങ്ങളുടെയും സംയുക്ത പ്രക്ഷോഭത്തിന് ഇത് പ്രചോദനം നൽകും.

2.136 നവലിബറൽ നയങ്ങളെ ചെറുക്കുന്നതിന് പ്രസ്ഥാനത്തിന്റെ ഇന്നത്തെ അവസ്ഥ അപര്യാപ്തമായതുകൊണ്ട്, വിശാലാടിസ്ഥാനത്തിലുള്ള സമരങ്ങൾ സംഘടിപ്പിക്കുകയും കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ഭൂമിയും ഭൂമി ഏറ്റെടുക്കലും, ഭക്ഷണം, തൊഴിലും തൊഴിൽ സ്ഥിരപ്പെടുത്തലും, ജീവനോപാധികൾ സംരക്ഷിക്കൽ തുടങ്ങിയ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിന് കൂടുതൽ വിശാലമായ ബഹുജനപ്രസ്ഥാനങ്ങൾ ആവശ്യമാണ്. സംയുക്ത പ്രക്ഷോഭങ്ങൾക്ക് മുൻകൈയെടുത്തുകൊണ്ട്, നമ്മുടെ സ്വാധീനമേഖലയ്ക്ക് പുറത്തുനിന്നുള്ള ആളുകളെ നമ്മുടെ ഒപ്പം കൊണ്ടുവരുമ്പോഴേ ഇതിന് സാധിക്കൂ.

## പാർടിയുടെ രാഷ്ട്രീയ ലൈൻ

2.137 സിപിഐ (എം) ന് കോൺഗ്രസിനോടും ബിജെപിയോടും രാഷ്ട്രീയമായി സമരം ചെയ്യേണ്ടതുണ്ട്. വർഗചൂഷണം സ്ഥായിയാക്കി നിലനിർത്തുന്നതും വിവിധ ജനവിഭാഗങ്ങളെ സാമൂഹ്യമായി അടിച്ചമർത്തുന്നതിന് ഉത്തരവാദിയുമായ വൻകിട ബൂർഷ്വാ–ഭൂപ്രഭു വ്യവസ്ഥയെ പ്രതിനിധീകരിക്കുന്നവയാണ് ഈ രണ്ട് പാർടികളും. അവ നവലിബറൽ നയങ്ങൾ അവലംബിക്കുകയും അമേരിക്കൻ അനുകൂല വിദേശനയത്തിനുവേണ്ടി വാദിക്കുകയും ചെയ്യുന്നു. ഒരുവശത്ത് നടുവൊടിക്കുന്ന വിലക്കയറ്റവും തൊഴിലില്ലായ്മയും കൃഷിക്കാരുടെയും തൊഴിലാളികളുടെയും ദുരിതങ്ങളും മറുവശത്ത് നഗ്നമായ അഴിമതിയും വൻകിട ബിസിനസ്സുകാർക്കും സമ്പന്ന വിഭാഗങ്ങൾക്കും നൽകുന്ന ആനുകൂല്യങ്ങളും കണക്കിലെടുക്കുമ്പോൾ കോൺഗ്രസിനെയും യുപിഎ ഗവൺമെന്റിനെയും പരാജയപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഇടതുപക്ഷ–ജനാധിപത്യ–മതനിരപേക്ഷ ശക്തികളുടെ മുന്നേറ്റത്തെ സംബന്ധിച്ചിടത്തോളം ബിജെപിയെ ഒറ്റപ്പെടുത്തേണ്ടതും അതിന്റെ വർഗീയ–വലതുപക്ഷ അജണ്ടയെ ചെറുക്കേണ്ടതും ആവശ്യവും സുപ്രധാനവുമാണ്.

2.138 കോൺഗ്രസിനും ബിജെപിക്കും എതിരായി, ഇടതുപക്ഷ–ജനാധിപത്യ ബദൽ ആണ് സിപിഐ (എം) മുന്നോട്ടുവയ്ക്കുന്നത്. ബൂർഷ്വാ–ഭൂപ്രഭു ഭരണത്തിന് ബദലാവാൻ ഇടതുപക്ഷ ജനാധിപത്യ വേദിക്കേ കഴിയൂ. പ്രക്ഷോഭങ്ങളുടെയും സമരങ്ങളുടെയും പ്രക്രിയയിലൂടെയും

ഇടതുപക്ഷ ജനാധിപത്യ ശക്തികളുടെ രാഷ്ട്രീയസഖ്യം ഉയർന്നുവരുന്നതിലൂടെയും ഈ ബദൽ കെട്ടിപ്പടുക്കേണ്ടതുണ്ട്. ജനാധിപത്യം, ദേശീയ പരമാധികാരം, മതനിരപേക്ഷത, ഫെഡറലിസം എന്നിവ സംരക്ഷിക്കുന്നതിലും ജനങ്ങളുടെ ജീവനോപാധികളും അവകാശങ്ങളും സംരക്ഷിക്കുന്നതിലും ഒരു പങ്കുവഹിക്കാൻ കഴിയുന്ന കോൺഗ്രസിതര–ബിജെപിയിതര ശക്തികളെ, ഈ ശ്രമങ്ങൾക്കിടയിൽ അണിനിരത്തേണ്ടത് ആവശ്യമായി വന്നേക്കും. ഇടതുപക്ഷ–ജനാധിപത്യ ശക്തികളുടെ സഖ്യം കെട്ടിപ്പടുക്കുന്ന പ്രക്രിയയ്ക്ക്, അത്തരം സംയുക്തവേദികളുടെ ആവിർഭാവം സഹായകമാകും.

2.139 ഇന്നത്തെ പരിതഃസ്ഥിതിയിൽ, പ്രസ്ഥാനങ്ങളെ വിപുലമാക്കാൻ കഴിയത്തക്കവിധത്തിൽ വിവിധ പ്രശ്നങ്ങളെ ആസ്പദിച്ച് കോൺഗ്രസിതര മതനിരപേക്ഷ കക്ഷികളുമായി സംയുക്ത പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കാൻ നാം യത്നിക്കണം. നയപരമായ പ്രത്യേക വിഷയങ്ങളിലും ജനങ്ങളുടെ പ്രശ്നങ്ങളിലും പാർലമെന്റിനകത്ത് ഈ പാർടികളുമായി സഹകരണമാകാം. ഇതിൽ ചില പാർടികളുമായി ആവശ്യമാണെങ്കിൽ, ആവശ്യമായ സമയത്ത്, തെരഞ്ഞെടുപ്പ് ധാരണകളുമാകാം.

**സ്വതന്ത്രമായ പങ്ക് ശക്തിപ്പെടുത്തുക**

2.140 ഇടതുപക്ഷത്തിന് ഗുരുതരമായ തിരഞ്ഞെടുപ്പ് തിരിച്ചടികൾ സഹിക്കേണ്ടിവരികയും പാർടിക്ക് ഏറ്റവും ശക്തമായ അടിത്തറയുള്ള പശ്ചിമബംഗാളിൽ പാർടി ആക്രമണത്തിന് വിധേയമാവുകയും ചെയ്യുന്ന ഇന്നത്തെ പരിത:സ്ഥിതിയിൽ മറ്റ് സംസ്ഥാനങ്ങളിൽ പാർടിയുടെ സ്വാധീനവും അടിത്തറയും വിപുലമാക്കേണ്ടത് പരമ പ്രധാനമാണ്. ഇത് സാധിക്കുന്നതിന്, പാർടിയുടെ സ്വതന്ത്രമായ പങ്ക് ശക്തിപ്പെടുത്തുകയും വിപുലമാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. പാർടിയുടെ മുന്നേറ്റത്തിന്റെ താക്കോലാണ് ഇത്. പ്രക്ഷോഭങ്ങളിലും സമരങ്ങളിലും ചേരുന്നതിന് ജനങ്ങളുടെ ബോധനിലവാരം ഉയർത്തുന്നതിനും ബഹുജനങ്ങളെ പ്രവർത്തനനിരതരാക്കുന്നതിനും, രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ പ്രശ്നങ്ങളെ ആസ്പദിച്ചുള്ള പാർടിയുടെ സ്വതന്ത്രമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. ജനങ്ങളെ അണിനിരത്തുന്നതിനും അവരെ സംഘടിപ്പിക്കുന്നതിനും ബഹുജനസംഘടനകളുടെ സ്വാധീനത്തിന് പുറത്തുള്ളവരെ കൊണ്ടുവരുന്നതിനുതകുന്ന വിശാലാടിസ്ഥാനത്തിലുള്ള പ്രസ്ഥാനങ്ങൾക്കും, ബഹുജനസംഘടനകൾ സ്വതന്ത്ര വേദികളായിത്തീരണം.

2.141 നമ്മുടെ വർഗവീക്ഷണത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് പാർടിയുടെ രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ പ്രവർത്തനങ്ങൾ വളർത്തിക്കൊണ്ടുവരണം. എല്ലാ പ്രധാനപ്പെട്ട പ്രശ്നങ്ങളിലും പാർടിയുടെ രാഷ്ട്രീയ ഇടപെടൽ ഉണ്ടായിരിക്കണം. പാർടിയുടെ രാഷ്ട്രീയ പരിപാടിയെ ആസ്പദിച്ച് സ്വതന്ത്രമായ രാഷ്ട്രീയ പ്രക്ഷോഭം സംഘടിപ്പിക്കുന്നതിനും ബഹുജനങ്ങളെ അണിനിരത്തുന്നതിനും വരുംനാളുകളിൽ കൂടുതൽ ശ്രദ്ധചെലുത്തണം. ബൂർഷ്വാ പാർടികളിൽനിന്നും അവരുടെ രാഷ്ട്രീയത്തിൽനിന്നും നമ്മുടെ പാർടിയെ വേർതിരിച്ചുനിർത്താൻ ഇത് സഹായകമായിരിക്കും. ബൂർഷ്വാപാർടികളുടെ പ്രത്യയശാസ്ത്രത്തേയും രാഷ്ട്രീയത്തേയും നമ്മുടെ പാർടി ചെറുക്കണം. പാർടി, അതിന്റെ രാഷ്ട്രീയ ക്യാമ്പൈനും പ്രവർത്തനവും പുതിയ മേഖലകളിലേക്കും പുതിയ വിഭാഗങ്ങളിലേക്കും എത്തിക്കണം. തിരഞ്ഞെടുപ്പുകളിലെ പങ്കാളിത്തവും പാർലമെന്ററി വേദികളിലെ പ്രവർത്തനങ്ങളും, ജനങ്ങളെ രാഷ്ട്രീയമായി അണിനിരത്തുന്നതുമായും ബഹുജന പ്രസ്ഥാനങ്ങൾ വളർത്തിക്കൊണ്ടുവരുന്നതുമായും സമന്വയിപ്പിക്കണം.

2.142 അടിസ്ഥാനവർഗങ്ങൾക്കിടയിലുള്ള പാർടിയുടെ പ്രവർത്തനത്തിന് മുൻഗണന നൽകണം. വർഗസമരങ്ങളും ബഹുജനസമരങ്ങളും വളർത്തിക്കൊണ്ടുവരുന്നതിൽ കർഷക ജന സാമാന്യത്തിനിടയിലും ഗ്രാമീണ ദരിദ്രർക്കിടയിലും ഉള്ള പ്രവർത്തനത്തിലെ കാലതാമസം മറികടക്കേണ്ടതുണ്ട്. നിർമ്മാണ വ്യവസായങ്ങളിലെയും തന്ത്രപരമായ വ്യവസായങ്ങളിലെയും സംഘടിത മേഖലയിലെ തൊഴിലാളികൾക്കിടയിൽ പാർടി സ്വാധീനം വർധിപ്പിക്കേണ്ടതുണ്ട്; അസംഘടിത മേഖലയിലെ തൊഴിലാളികളെ പ്രസ്ഥാനത്തിലേക്ക് കൊണ്ടുവരുന്നതിനും അവർക്കിടയിൽ രാഷ്ട്രീയ പ്രവർത്തനം സംഘടിപ്പിക്കുന്നതിനും പ്രാധാന്യം നൽകണം. തൊഴിലാളി–കർഷക സഖ്യം ഊട്ടിയുണ്ടാക്കുന്നതിൽ പാർടി പ്രത്യേക ശ്രദ്ധ പതിപ്പിക്കണം.

2.143 പൊതു ജനാധിപത്യ പരിപാടിയുടെ ഭാഗമെന്നനിലയിൽ, ദളിതരുടെയും ന്യൂനപക്ഷങ്ങളുടെയും ഗോത്രവർഗക്കാരുടെയും സ്ത്രീകളുടെയും പ്രത്യേക പ്രശ്നങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

2.144 പ്രാദേശിക പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ഈടുറ്റ സമരങ്ങൾ വളർത്തിക്കൊണ്ടുവരുന്നതിന് കഴിഞ്ഞ രണ്ടു പാർടി കോൺഗ്രസുകളിലും ഊന്നൽ നൽകിയിരുന്നുവെങ്കിലും, അത് വേണ്ടത്ര നടത്തിയിട്ടില്ല. ഈ ദൗർബല്യം തിരുത്തണം. ജീവനോപാധി, ഭൂമി, പൊതുവിതരണ ശൃംഖല വഴി ഭക്ഷ്യധാന്യ വിതരണം, ജോലിസുരക്ഷിതത്വം, ന്യായമായ കൂലി, ആരോഗ്യ പരിരക്ഷയുടെ ലഭ്യത, വിദ്യാഭ്യാസവും അടിസ്ഥാന സേവനങ്ങളും എന്നി

ങ്ങനെ ജനങ്ങളെ സംബന്ധിക്കുന്ന വിവിധ പ്രശ്നങ്ങൾ (അവയെല്ലാം നവലിബറൽ നയങ്ങളുടെ ഫലമായുണ്ടാകുന്നതാണ്) ഏറ്റെടുത്തുകൊണ്ട്, പ്രാദേശികതലത്തിൽ ദീർഘമായ സമരങ്ങൾ സംഘടിപ്പിക്കണം; സംസ്ഥാനവ്യാപകമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നതിനായും ഈ പ്രശ്നങ്ങൾ ഏറ്റെടുക്കണം. നവലിബറൽ നയങ്ങൾക്കെതിരായ പ്രക്ഷോഭങ്ങൾ അഖിലേന്ത്യാതലത്തിലും സംസ്ഥാനങ്ങളിലും കെട്ടഴിച്ചുവിടണം.

**2.145** യുവാക്കൾക്കിടയിലും തൊഴിലില്ലാത്തവർക്കിടയിലും പാർടി അതിന്റെ രാഷ്ട്രീയ പ്രവർത്തനം ശക്തിപ്പെടുത്തണം. പട്ടണപ്രദേശങ്ങളിൽ, പ്രത്യേകിച്ചും ചേരി പ്രദേശങ്ങളിലും ദരിദ്രവിഭാഗങ്ങൾക്കിടയിലുമുള്ള പ്രവർത്തനത്തിന് പ്രത്യേകം ശ്രദ്ധ ചെലുത്തണം. ജനങ്ങളെ ബാധിക്കുന്ന, പ്രത്യേകിച്ചും ദരിദ്രവിഭാഗങ്ങളെയും അവശവിഭാഗങ്ങളെയും ബാധിക്കുന്ന (അവരുടെ ജീവനോപാധികളെത്തന്നെ ബാധിക്കുന്ന) പാരിസ്ഥിതികപ്രശ്നങ്ങൾ പാർടി ഏറ്റെടുക്കണം.

### ഇടതുപക്ഷ ഐക്യം

**2.146** സിപിഐ (എം), സിപിഐ, എഐഎഫ്ബി, ആർഎസ്പി എന്നീ നാല് ഇടതുപക്ഷ പാർടികൾ കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകാലമായി ദേശീയതലത്തിൽ യോജിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഒന്നാം യുപിഎ ഗവൺമെന്റിന്റെ കാലത്ത്, നയപരമായ നിരവധി കാര്യങ്ങളും ജനങ്ങളുടെ പ്രശ്നങ്ങളും കൈകാര്യം ചെയ്യേണ്ടി വന്നതിനാൽ ഈ സഹകരണം കൂടുതൽ ശക്തമായി.

**2.147** ഈയടുത്തകാലത്ത്, തെലങ്കാനാ സംസ്ഥാന രൂപീകരണംപോലെയുള്ള ഏതാനും പ്രശ്നങ്ങളിൽ സിപിഐ (എം) ഉം സിപിഐയും വ്യത്യസ്ത നിലപാടുകൾ സ്വീകരിക്കുകയുണ്ടായി. ഇത് ആന്ധ്രാപ്രദേശിൽ ചില പ്രയാസങ്ങൾ ഉണ്ടാക്കുകയുമുണ്ടായി. അതെന്തായാലും ദേശീയതലത്തിൽ, മൊത്തത്തിൽ ഇടതുപക്ഷകക്ഷികൾ യോജിച്ച നിലപാട് സ്വീകരിക്കുകയും സംയുക്ത പ്രക്ഷോഭങ്ങൾക്ക് മുൻകയ്യെടുക്കുകയും ചെയ്തിട്ടുണ്ട്. തിരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷം പിറകോട്ടുപോവുകയും പശ്ചിമബംഗാളിൽ തിരിച്ചടിയുണ്ടാവുകയും ചെയ്ത ഇന്നത്തെ പരിതഃസ്ഥിതിയിൽ ഇടതുപക്ഷ ഐക്യം കാത്തുസൂക്ഷിക്കേണ്ടതും ശക്തിപ്പെടുത്തേണ്ടതും കൂടുതൽ പ്രധാനമായിത്തീരുന്നു. പശ്ചിമബംഗാളിലെ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ പ്രശ്നങ്ങളെക്കുറിച്ചും സംഭവങ്ങളുടെ ഗതിയെക്കുറിച്ചും വ്യത്യസ്ത കാഴ്ചപ്പാടുകൾ ഉണ്ടാകാം. എന്നാൽ ഇടതുപക്ഷ ഐക്യത്തെ ദുർബലപ്പെടുത്താത്തവിധത്തിൽ അവയെ സാഹോദര്യബോധത്തോടും വിമർശനാത്മകമായും കൈകാര്യം ചെയ്യണം. ഇടതുപക്ഷത്തിനു നേർക്കുള്ള ഭീകരമായ ആക്രമണത്തെ കൂട്ടായ ദൃഢനിശ്ചയത്തോടുകൂടിയും കൂട്ടായി ജനങ്ങളെ സമീപിച്ചുകൊണ്ടും നേരിടണം.

**2.148** ഇടതുപക്ഷത്തിന്റെ സ്വതന്ത്രമായ പങ്കിനും ഇടതുപക്ഷത്തെ ഉയർത്തിക്കാണിക്കുന്നതിനും കൂടുതൽ ഊന്നൽ നൽകണം. നവ ഉദാരവൽക്കരണ നയങ്ങൾക്കും സാമ്രാജ്യത്വ സ്വാധീനങ്ങൾക്കും എതിരായി വിട്ടുവീഴ്ചയില്ലാതെ പോരാടുന്നത് ഇടതുപക്ഷ കക്ഷികൾ മാത്രമായതുകൊണ്ട് ഇടതുപക്ഷ ഐക്യം ഇന്ന് മറ്റെന്നത്തേയുംകാൾ കൂടുതൽ ആവശ്യമായിത്തീർന്നിരിക്കുന്നു.

**2.149** ഇടതുപക്ഷ പാർടികൾക്ക് പുറത്തായി, ഇടതുപക്ഷ മനോഭാവമുള്ള ഏതാനും ഗ്രൂപ്പുകളും വ്യക്തികളും ഉണ്ട്. ഇടതുപക്ഷം ഉന്നയിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള വേദിയിൽ അവരേയും ഒന്നിച്ചു കൊണ്ടുവരണം. ഇതിന് മുൻകയ്യെടുക്കേണ്ടത് പാർടിയാണ്.

### ഇടതുപക്ഷ–ജനാധിപത്യ പരിപാടി

**2.150** കേന്ദ്രത്തിൽ തുടർച്ചയായി അധികാരത്തിൽവന്ന ഗവൺമെന്റുകൾ വൻകിട ബൂർഷ്വാ–ഭൂപ്രഭു വർഗങ്ങൾക്കനുകൂലമായ നയങ്ങളും ഉദാരവൽക്കരണവും അവലംബിച്ചു തുടങ്ങിയിട്ട് രണ്ടുപതിറ്റാണ്ടു കഴിഞ്ഞപ്പോൾ, ബൂർഷ്വാ–ഭൂപ്രഭു വർഗ വ്യവസ്ഥയ്ക്കുള്ള ഒരേയൊരു യഥാർത്ഥ ബദൽ ഇടതുപക്ഷ ജനാധിപത്യ ബദൽ ആണെന്ന് മുമ്പെന്നത്തേക്കാളും കൂടുതൽ വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു. അധ്വാനിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ (അവർ വ്യവസായത്തൊഴിലാളികളോ അസംഘടിത മേഖലയിലെ തൊഴിലാളികളോ, കർഷകരോ കർഷകത്തൊഴിലാളികളോ, ഇടത്തരക്കാരോ ചെറുകിട കടയുടമകളോ, ബുദ്ധിജീവികളോ ആരായാലും ശരി) താൽപര്യങ്ങളെ യഥാർഥത്തിൽ പ്രതിനിധീകരിക്കുന്നത് ഇടതുപക്ഷ–ജനാധിപത്യ പരിപാടിയാണ്. ഇടതുപക്ഷ–ജനാധിപത്യ മുന്നണിയുടെ പരിപാടിക്ക് പിൻതുണനൽകുന്നതിന് അധ്വാനിക്കുന്ന എല്ലാ ജനവിഭാഗങ്ങളെയും അണിനിരത്തിക്കൊണ്ടുമാത്രമേ ജനകീയ ജനാധിപത്യമുന്നണിയുടെ രൂപീകരണത്തിലേക്ക് മുന്നേറാനും മൗലികമായ സാമൂഹ്യ പരിവർത്തനം കൊണ്ടുവരാനും കഴിയുകയുള്ളൂ.

**2.151** ഇടതുപക്ഷ–ജനാധിപത്യ പരിപാടിയിൽ താഴെപ്പറയുന്ന പ്രധാന നയങ്ങളും ആവശ്യങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ട്. (1) പൂർണ്ണമായ ഭൂപരിഷ്കരണവും കാർഷികബന്ധങ്ങളുടെ ജനാധി

പത്യപരമായ പരിവർത്തനവും (2) സ്വാശ്രയ വികസനപാത; അന്താരാഷ്ട്ര ഫിനാൻസ് പ്രവാഹത്തിന് കർശനമായ നിയന്ത്രണം; ഖനനവിഭവങ്ങളുടെയും സ്വാഭാവിക എണ്ണ വിഭവങ്ങളുടെയും ദേശസാൽക്കരണം; ആസൂത്രിതമായ വികസനവും സന്തുലിതമായ വളർച്ചയും (3) സാമ്പത്തികവും സാമൂഹ്യവുമായ അസമത്വങ്ങൾ കുറയ്ക്കുക; കുത്തകകളെ നിയന്ത്രിക്കുക; പൊതുമേഖലയെ പ്രോത്സാഹിപ്പിക്കുക; സമ്പത്തിന്റെ പുനർവിതരണത്തിനായി നികുതി നടപടികളും പണപരമായ നടപടികളും (4) ജനാധിപത്യപരവും ഫെഡറൽ സ്വഭാവമുള്ളതുമായ രാഷ്ട്രീയവ്യവസ്ഥ; കേന്ദ്ര–സംസ്ഥാന ബന്ധങ്ങൾ പുനഃസംവിധാനം ചെയ്യുക; ഫലപ്രദമായ ജനാധിപത്യ വികേന്ദ്രീകരണം; ജനാധിപത്യം ശക്തിപ്പെടുത്താനായി ഭരണഘടനാ മാറ്റങ്ങൾ; അന്താരാഷ്ട്ര കരാറുകൾക്ക് പാർലമെന്റിന്റെ അംഗീകാരം വേണം. (5) ഉന്നതങ്ങളിലെ അഴിമതി തടയുന്നതിന് കർശനമായ നടപടികൾ; തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ; ഭാഗികമായ ലിസ്റ്റ് വ്യവസ്ഥയോടുകൂടിയ ആനുപാതിക പ്രാതിനിധ്യം. (6) മതനിരപേക്ഷതയുടെ അടിസ്ഥാന തത്വമെന്നനിലയിൽ മതവും ഭരണകൂടവും തമ്മിൽ വേർതിരിക്കുക; ഭരണഘടനയിൽ ഉൾപ്പെടുത്തുക; വർഗീയശക്തികളെ തടയുന്നതിനുവേണ്ടി ശക്തമായ നടപടികൾ. (7) അധ്വാനിക്കുന്ന ജനങ്ങളുടെ അവകാശങ്ങൾ ഉറപ്പുവരുത്തണം; ന്യായമായ വേതനം; സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുക; തൊഴിലാളികൾക്ക് മാനേജ്മെന്റിൽ പ്രാതിനിധ്യം. (8) ഭക്ഷണസാധനങ്ങളും മറ്റ് അവശ്യവസ്തുക്കളും സാർവത്രിക പൊതുവിതരണ വ്യവസ്ഥയിലൂടെ വിതരണം ചെയ്യുക. (9) വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും ഉള്ള പൗരന്മാരുടെ അവകാശം ഉറപ്പുവരുത്തുന്നതിനായി പൊതുജനാരോഗ്യ വ്യവസ്ഥയും പൊതു വിദ്യാഭ്യാസ വ്യവസ്ഥയും വികസിപ്പിക്കുക. (10) ജാതിപരമായ അടിച്ചമർത്തൽ അവസാനിപ്പിച്ചുകൊണ്ട് സാമൂഹ്യനീതി ഉറപ്പുവരുത്തുക; സ്ത്രീകൾക്ക് തുല്യമായ അവകാശങ്ങൾ; ദളിതരുടെയും ന്യൂനപക്ഷങ്ങളുടെയും ഗോത്ര ജനങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുക; (11) പരിസ്ഥിതി സംരക്ഷിക്കുക ; ഇന്ധനവും വെള്ളവും മറ്റ് ദേശീയ വിഭവങ്ങളും ലഭ്യമാക്കുന്നതിൽ തുല്യത. (12) സാമ്രാജ്യത്വ മേധാവിത്വം അവസാനിപ്പിക്കുന്നതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള സ്വതന്ത്ര വിദേശനയം.

## ഇനിയങ്ങോട്ടുള്ള കടമകൾ

**2.152** വിവിധ ജനവിഭാഗങ്ങളെ ബാധിക്കുന്ന നവലിബറൽ നയങ്ങളെയെല്ലാം ചെറുക്കുക എന്നതാണ് പ്രധാന കടമ. തൊഴിലാളിവർഗം, കർഷക ജനസാമാന്യം, കർഷകത്തൊഴിലാളികൾ, അനൗപചാരിക മേഖലയിലെ തൊഴിലാളികൾ, കുറഞ്ഞ കൂലി ലഭിക്കുന്നവർ, മാസശമ്പളം ലഭിക്കുന്നവർ, കൈവേലക്കാർ, തൊഴിൽ ചെയ്യുന്ന സ്ത്രീകൾ– ഇവരെല്ലാവരും കടുത്ത ചൂഷണത്തിനും അവരുടെ ജീവനോപാധികളുടെ തകർച്ചയ്ക്കും അവരുടെ ഭൂമിയിൽനിന്ന് പുറത്താക്കപ്പെടുന്നതിനും വിധേയരായിത്തീരുന്നു. ആരോഗ്യ പരിരക്ഷ, വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാന സേവനങ്ങൾ അവർക്ക് നിരസിക്കപ്പെടുന്നു. ദേശീയ–സംസ്ഥാന–പ്രാദേശിക തലങ്ങളിലെല്ലാം നവലിബറൽ നയങ്ങൾക്കെതിരായി നിശ്ചയദാർഢ്യത്തോടുകൂടിയ ചെറുത്തുനിൽപ് വേണം.

**2.153** വർഗീയ അജണ്ട നടപ്പാക്കാനുള്ള അവസരം തേടുന്നതിനാൽ വർഗീയരാഷ്ട്രീയം ഇപ്പോഴും ഭീഷണിയുയർത്തിക്കൊണ്ടിരിക്കുകയാണ്. ഭൂരിപക്ഷ വർഗീയതയുടെയും ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെയും പ്രധാന മാധ്യമത്തെ പ്രതിനിധീകരിക്കുന്നത് ആർഎസ്എസും അതിന്റെ രാഷ്ട്രീയ വിഭാഗമായ ബിജെപിയും ആണ്. ബിജെപിക്ക് തിരഞ്ഞെടുപ്പ് തിരിച്ചടികൾ ഉണ്ടായെങ്കിലും വർഗീയ പ്രവർത്തനങ്ങൾക്ക് കുറവൊന്നുമില്ല. വർഗീയതയ്ക്കും ഹിന്ദുത്വത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്കും എതിരായ സമരം വരുംനാളുകളിൽ തുടർന്ന് നടത്തേണ്ടിയിരിക്കുന്നു. അതേസമയത്തുതന്നെ, ന്യൂനപക്ഷ വർഗീയതയേയും തീവ്രവാദത്തേയും ചെറുക്കുന്നതിനും പാർടി ജാഗ്രത കാണിക്കണം.

**2.154** സൈനിക കൂട്ടു പങ്കാളിത്തം അടക്കം എല്ലാ തലങ്ങളിലും അമേരിക്കയുമായി തന്ത്രപ്രധാനമായ സഖ്യം ശക്തിപ്പെടുത്താനാണ് യുപിഎ ഗവൺമെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ സഖ്യം നമ്മുടെ ആഭ്യന്തര നയങ്ങളെയും സ്വാധീനിക്കുന്നുണ്ട്. സ്വതന്ത്ര വിദേശനയത്തിനു മുന്നിലുള്ള പ്രധാന തടസ്സം അതാണ്. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള തന്ത്രപ്രധാന സഖ്യത്തിനും അതിന്റെ മറ്റ് വിവിധ പ്രകടിത രൂപങ്ങൾക്കും നേരെയുള്ള എതിർപ്പ് പാർടി ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. അമേരിക്കയുമായുള്ള ഈ കൂട്ടുകെട്ടിനെതിരായി എല്ലാ ദേശാഭിമാന–ജനാധിപത്യവിഭാഗങ്ങളെയും പാർടി അണിനിരത്തണം; സ്വതന്ത്ര വിദേശനയം അവലംബിക്കുന്നതിനുവേണ്ടിയും ലോകത്തെങ്ങുമുള്ള സാമ്രാജ്യത്വ ഇടപെടലിനെതിരായും ജനങ്ങളെ അണിനിരത്തണം.

**2.155** പൊതുജനാധിപത്യ പരിപാടിയുടെ ഭാഗമായി ദളിതരുടെയും ഗോത്രവർഗക്കാരുടെയും ന്യൂനപക്ഷങ്ങളുടെയും സ്ത്രീകളുടെയും അടിച്ചമർത്തപ്പെട്ട മറ്റ് വിഭാഗങ്ങളുടെയും അവകാശങ്ങൾക്കുവേണ്ടി പാർടി നിലകൊള്ളും.

**2.156** പശ്ചിമബംഗാളിലെ സിപിഐ (എം) നെയും ഇടതുപക്ഷത്തെയും സംരക്ഷിക്കുന്നതിനും ഭീക രാക്രമണങ്ങളെ ചെറുക്കുന്നതിന് സഹായിക്കുന്നതിനും പ്രതികൂല പരിതഃസ്ഥിതി തരണം ചെയ്യുന്നതിന് സഹായിക്കുന്നതിനും ജനങ്ങളെയും ജനാധിപത്യശക്തികളെയും അണിനിരത്തു വാൻ പാർടി ഒന്നാകെ പ്രവർത്തിക്കുന്നതാണ്.

**2.157** ബദൽ നയങ്ങൾക്കുചുറ്റും ഏറ്റവും വിശാലമായ ജനാധിപത്യ–മതനിരപേക്ഷ ശക്തികളെ അണിനിരത്തുന്നതിന് പാർടി പ്രയത്നിക്കുന്നതാണ്. മാവോയിസ്റ്റുകളുടെ പിളർപ്പൻ പ്രവർത്തനങ്ങൾക്കെതിരെ ദൃഢനിശ്ചയത്തോടുകൂടിയ സമരം നടത്തിക്കൊണ്ടിരിക്കുമ്പോൾ ത്തന്നെ ഇടതുപക്ഷ ഐക്യം ശക്തിപ്പെടുത്തുന്നതിനും ഇടതുപക്ഷ ശക്തികളെ ദൃഢീകരി ക്കുന്നതിനും വേണ്ടി പാർടി പ്രവർത്തിക്കുന്നതായിരിക്കും.

**2.158** ജനവിരുദ്ധ നയങ്ങൾക്കെതിരായി സമരംചെയ്യുന്നതിനും ജനങ്ങളുടെ ജീവനോപാധിയും അവകാശങ്ങളും സംരക്ഷിക്കുന്നതിനുംവേണ്ടി, തൊഴിലാളിവർഗത്തേയും കർഷക ജനസാമാ ന്യത്തേയും കർഷകത്തൊഴിലാളികളെയും കൈവേലക്കാരേയും മറ്റധ്വാനിക്കുന്ന ജനവിഭാ ഗങ്ങളെയും സിപിഐ (എം) ഇടതുപക്ഷ ജനാധിപത്യ പരിപാടിയുടെ അടിസ്ഥാനത്തിൽ അണിനിരത്തുന്നതായിരിക്കും. ബൂർഷ്വാപാർടികളുടെ സ്വാധീനത്തിൻകീഴിലുള്ള ബഹു ജനങ്ങളെ, അവരുടെ പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള സംയുക്ത സമരങ്ങളിലേക്ക് അവരെ കൊണ്ടുവന്ന്, സ്വപക്ഷത്തേക്ക് കൊണ്ടുവരാൻ പാർടി ശ്രദ്ധിക്കണം.

## മുന്നോട്ടുള്ള വഴി

**2.159** ഈ കടമകൾ ഏറ്റെടുക്കുന്നതിനും അവ പൂർത്തീകരിക്കുന്നതിനായി പ്രയത്നിക്കുന്നതിനും സിപിഐ (എം)ന്റെ 20–ാം കോൺഗ്രസ് മുഴുവൻ പാർടിയോടും ആഹ്വാനം ചെയ്യുന്നു. അ ധ്വാനിക്കുന്ന ജനങ്ങളുടെ താൽപര്യങ്ങളെ ഹനിക്കുന്ന നവലിബറൽ നയങ്ങൾക്കെതിരായി സമരംചെയ്യുന്നതിന് പാർടി മുന്നണിയിൽത്തന്നെ ഉണ്ടായിരിക്കണം. ഭൂമിക്കും ഭക്ഷണത്തി നും ജോലിക്കും സാമൂഹ്യനീതിക്കും വേണ്ടിയുള്ള സമരങ്ങൾ നാം സംഘടിപ്പിക്കേണ്ടതുണ്ട്. വർഗീയശക്തികളെയും വിഘടനശക്തികളെയും സിപിഐ (എം) ചെറുക്കുകയും മതനിരപേ ക്ഷതയെ പ്രതിരോധിക്കുകയും ചെയ്യേണ്ടതുണ്ട്. എല്ലാ മേഖലകളിലുമുള്ള സാമ്രാജ്യത്വ സ മ്മർദ്ദങ്ങളെ നമുക്ക് ചെറുക്കേണ്ടതുണ്ട്.

- നമ്മുടെ പാർടിക്കുനേരെയുള്ള ആക്രമണങ്ങളെയും പാർടിയെ ഒറ്റപ്പെടുത്താനുള്ള ശ്രമ ങ്ങളെയും, ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട്, നാം നിശ്ചയദാർഢ്യത്തോടെ ചെറു ക്കണം.
- മാർക്സിസം–ലെനിനിസത്തിൽനിന്ന് ആവേശമുൾക്കൊണ്ടുകൊണ്ട് പണിയെടുക്കുന്ന എല്ലാ വിഭാഗം ജനങ്ങളുടെയും ഇടയിൽ പാർടി അനവരതം പ്രവർത്തിക്കും; അവരെ ഇട തുപക്ഷ–ജനാധിപത്യ പരിപാടിക്കു ചുറ്റും അണിനിരത്തും.
- എല്ലാ വിഭാഗം അധ്വാനിക്കുന്ന ജനങ്ങളെയും അണിനിരത്തുന്നതിന് കഴിവുള്ള ഒരു പാർടിയായി രാജ്യത്താകെ ശക്തമായ ഒരു കമ്യൂണിസ്റ്റ് പാർടി നമുക്ക് കെട്ടിപ്പടുക്കാം.
- ഇന്ത്യൻ ജനതയിലെ വർഗ ചൂഷണവും സാമൂഹ്യമായ അടിച്ചമർത്തലും അവസാനിപ്പി ക്കുന്നതിനുള്ള സമരം നാം വർദ്ധിതമായ നിശ്ചയദാർഢ്യത്തോടെ തുടരുന്നതായിരിക്കും – അതു വഴി നമുക്ക് ഒരു പുതിയ, ബദൽ മാർഗത്തിലേക്ക് – ജനകീയ ജനാധിപത്യത്തി ലേക്കും സോഷ്യലിസത്തിലേക്കും– മുന്നേറാൻ കഴിയും.

* * *